# ഗിരിദീപം

മാർച്ച് 2026



മാർച്ച് 19
വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ






തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ച
തലശ്ശേരി അതിരൂപതാംഗങ്ങളായ ജനപ്രതിനിധികളുടെ സംഗമം
മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.
വിമൽ ജ്യോതി എൻജിനീയറിങ്ങ് കോളേജ് ചെമ്പേരി, 09 ഫെബ്രുവരി 2026

മാർച്ച് 2026

വാല്യം 09
ലക്കം 03

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. കെ.സി.ബി.സി. സർക്കുലർ - മദ്യ-ലഹരി വിരുദ്ധ ഞായർ .................... 05
2. Prot. No.102/2026, Circular No. 05/2026 .................... 11
3. Prot. No. 103/2026, Circular No. 06/2026 .................... 14
4. Prot. No.104/2026, Circular No. 07/2026 .................... 17
5. Prot. No. 105/2026, Circular No. 08/2026 .................... 20
6. കച്ചേരിക്കാര്യം .................... 23
7. റിപ്പോർട്ട് - ബൈബിൾ കൺവെൻഷൻ - വെള്ളരിക്കുണ്ട് .................... 32
8. വൈദികക്ഷേമം .................... 34
9. സെമിനാരി വാർത്തകൾ .................... 35
10. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .................... 36
11. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................... 42
12. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .................... 43
    തിരുബാലസഖ്യം .................... 46
13. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .................... 48
14. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .................... 51
15. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .................... 58
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .................... 61
    നിർമ്മലഗിരി കോളേജ് .................... 64
16. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എ.കെ.സി.സി. .................... 67
    എയ്ഞ്ചൽ ട്രസ്റ്റ് .................... 70
    കരിസ്മാറ്റിക് .................... 71
    ADAM .................... 73
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................... 75
17. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .................... 80
    ബയോമൗണ്ടൻ .................... 84
    ഇൻഫാം .................... 88
18. ധ്യാനകേന്ദ്രങ്ങളിലൂടെ .................... 90
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................... 91
20. Engagements - March (Archbishop Mar Joseph Pamplany) .................... 94
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 95
22. Engagements - March (Archbishop Mar George Njaralakatt) .................... 96
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 97
24. Engagements - March (Archbishop Mar George Valiamattam) .................... 98

No.: 4177/K-5/KCBC/OL/DS 13.02.2026

## മദ്യ-ലഹരി വിരുദ്ധ ഞായർ - 2026 മാർച്ച് 8
## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
## കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ 2026 മാർച്ച് 08-ാം തീയതി മദ്യ-ലഹരി വിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി. ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മനുഷ്യജീവിതം ദൈവം നൽകിയ അമൂല്യമായ ദാനമാണ്. ജീവിതത്തെ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. കത്തോലിക്കാ സഭ മനുഷ്യശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായാണ് ദൈവവചന വെളിച്ചത്തിൽ മനസ്സിലാകുന്നത്. അതുകൊണ്ടാണ് മദ്യത്തിന്റെ അമിതമായ ഉപയോഗം ഗുരുതരമായ പാപമാണ് എന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നാം വായിക്കുന്നത് (CCC 2290). നിങ്ങൾ വീഞ്ഞ് കുടിച്ചു ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവിൽ പൂരിതരാകുവിൻ (എഫേസോസ് 5:18) എന്ന വി. പൗലോസ് അപ്പസ്തോലന്റെ പ്രബോധനം ഇത്തരുണത്തിൽ ഏറെ അർത്ഥപൂർണ്ണമാണ്.

ഒരു നിർണായക കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. മദ്യവും ഇതര ലഹരിവസ്തുക്കളും നമ്മുടെ വീടുകളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും യുവജനങ്ങളിലേയ്ക്കും കടന്നുകഴിഞ്ഞിരിക്കുന്നു. ലഹരിയെ "സന്തോഷമായി' ചിത്രീകരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം നശിപ്പിക്കുന്ന പ്രവണതകളെ വിനോദമെന്ന പേരിൽ മഹത്വപ്പെടുത്തുന്ന സംസ്ക്കാരം യുവതലമുറയെ ഇന്ന് വഴിതെറ്റിക്കുന്നുണ്ട്. വേദനയിൽനിന്ന് രക്ഷപ്പെടാൻ ദൈവത്തിലാശ്രയിക്കുന്നതിനുപകരം മദ്യത്തിലും ഇതര

ലഹരിവസ്തുക്കളിലും അഭയം പ്രാപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്.

മദ്യപാനത്തിന്റെയും ഇതര ലഹരി വസ്തുക്കളുടെയും ഉപയോഗ ത്തിന്റെ തിക്തഫലങ്ങൾ സമൂഹത്തെ വല്ലാതെ ബാധിച്ചു കഴിഞ്ഞു. കുടുംബ ബന്ധങ്ങൾ മൗനമായി രക്തം വാർക്കുന്നു. അടച്ച വാതിലു കൾക്കുള്ളിൽ അമ്മമാർ തേങ്ങുന്നു. കുട്ടികൾ ഭയന്നു വിറയ്ക്കുന്നു. സ്നേഹക്കൂടായി നിർമ്മിച്ച വീടുകൾ കലഹത്തിന്റെയും പീഡനത്തി ന്റെയും കൊലയുടെയും കേന്ദ്രങ്ങളായി മാറുന്നു. സമൂഹം ഇങ്ങനെ കണ്ണടച്ച് മുന്നോട്ട് പോകുമ്പോൾ ലഹരി സമാധാനവും ആരോഗ്യവും ജീവനും കവർന്നുകൊണ്ടിരിക്കുന്നു.

**ലഹരി എന്ന മാരക തിന്മ**

ലഹരി വെറും സാമൂഹിക പ്രശ്നമല്ല. ഒരു ആത്മീയ പ്രതിസന്ധി യാണ്. മദ്യം മനഃസാക്ഷിയെ മയക്കുന്നു. ആത്മബലം തകർക്കുന്നു. മനുഷ്യനെ ദൈവത്തിൽ നിന്ന് പതുക്കെ അകറ്റുന്നു. ശത്രു ഒരുനാൾ കൊണ്ട് മനുഷ്യനെ നശിപ്പിക്കുന്നില്ല. 'അല്പം മാത്രം' 'ഒരു തവണ മാത്രം' എന്ന വഞ്ചനയിലൂടെയാണ് നാശം തുടങ്ങുന്നത്. ലഹരി യെന്നത് ശരീരത്തെ മാത്രമല്ല ആത്മാവിനെയും ബാധിക്കുന്ന തിന്മയാണ്. ലഹരി ഇന്ന്, കേവലം ഒരു ശീലമോ, രോഗമോ മാത്രമല്ല, മറിച്ച് വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന ഒരു പൈശാ ചികശക്തിയായി മാറിയിരിക്കുന്നു. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നതു പോലെ, ഇത്തരം ദുഷ്ടശക്തികളെ കീഴ്പ്പെടുത്താനും തുരത്താനും ആത്മീയമായ ആയുധങ്ങളിൽ തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല' (മർക്കോസ് 9:29) എന്നാണ് സുവിശേഷ സാക്ഷ്യം. പ്രവാചകന്മാരെപോലെ സഭാമക്കൾ ഈ തിന്മയ്ക്കെതിരെ ഉണർന്നെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. ഈ തിന്മയ്ക്കു മുൻപിലെ സഭാമക്കളുടെ മൗനം പാപമാണെന്ന കാര്യം വിസ്മരിക്കരുത്. കുട്ടികളെയും, യുവജനങ്ങളെയും ഈ തിന്മയിൽ നിന്ന് സംരക്ഷിക്കുവാനും, അവരുടെ നല്ല ഭാവി ഉറപ്പാക്കുവാനും സഭാകൂട്ടായ്മ അവളുടെ സർവ്വ സന്നാഹങ്ങളോടെ പോരാടേണ്ടി യിരിക്കുന്നു. യഥാർത്ഥ സന്തോഷം ലഹരിയിൽ അല്ലെന്നും നീതിയിലും, സമാധാനത്തിലും ആത്മാവിലുള്ള സന്തോഷത്തിലു മാണെന്ന (റോമാ 14:17) ദൈവവചന ബോധ്യം പുതുതലമുറയ്ക്ക്

ഫലപ്രദമായി പകർന്നു കൊടുക്കുവാൻ നാം തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**യുവജനങ്ങളോട്**

യുവജനങ്ങൾക്ക് ഇത് മടങ്ങിവരവിന്റെ നിമിഷമാകട്ടെ. ലഹരിയോട് 'ഇല്ല' എന്ന് പറയുകയും ജീവിതത്തോട് 'അതെ' എന്ന് പറയുകയും ചെയ്യുന്ന തലമുറയായി പുതുതലമുറ മാറണം.

പ്രിയ യുവജനങ്ങളെ, അതിനായി നിങ്ങൾ സ്വയം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും വേണം. കുപ്പിക്കുള്ളിലൊതുങ്ങുന്നതല്ല സന്തോഷം. ദൈവം നിങ്ങളെ സൃഷ്ടിച്ചത് ലഹരിക്കായല്ല. മറിച്ച് ലക്ഷ്യത്തിനും ദൗത്യത്തിനും വേണ്ടിയാണ്. ലഹരിയുടെ മായാവലയത്തിൽ പെടാതെ വിശ്വാസവും മൂല്യങ്ങളും ബോധ്യങ്ങളും അനുസരിച്ച് മാതൃകാജീവിതം നയിച്ച് മുന്നേറുക. ലഹരിയുടെ ഉപയോഗം ശീലമാകാതെയും, ശീലം അടിമത്തമാകാതെയും സ്വയം സുരക്ഷിത കവചം തീർക്കാനാകണം. ലഹരിയുടെ അടിമത്തം ജീവിതം തന്നെ തകർക്കും. നിങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാവിന്റെ ആലയത്തെ ലഹരി വഴി സാത്താന്റെ ആലയമാക്കി മാറ്റരുത്. നിങ്ങൾ ശക്തരാണ് നിങ്ങൾക്ക് ലഹരിയോട് 'ഇല്ല' എന്ന് പറയാനുള്ള അധികാരം ദൈവം നല്കിയിട്ടുണ്ട്.

നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി 6:19,20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നിങ്ങൾക്ക് വഴിവിളക്കാകണം. 'വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്; അവയ്ക്കടിമപ്പെടുന്നവനു വിവേകമില്ല' എന്നാണ് സുഭാഷിത മൊഴി (സുഭാഷിതങ്ങൾ 20:1).

നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് നിങ്ങളുടെ വിശ്വാസമാണോ അല്ലെങ്കിൽ കൂട്ടുകാരുടെ സമ്മർദമാണോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കണം. ഇത് ഒരു തലമുറയുടെ തിന്മയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഇന്ന് നിങ്ങൾ നിലപാട് എടുക്കുന്നില്ലെങ്കിൽ നാളെ നിങ്ങളുടെ മൗനം നിങ്ങളെയും മറ്റുള്ളവരെയും വീഴ്ത്തും.

ലഹരിയുടെ അടിമകളാകാനല്ല ജീവിതത്തിന്റെ നേതാക്കളാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഞാനും എന്റെ കുടുംബവും

കർത്താവിനെ സേവിക്കും (ജോഷ്വാ 24:15) എന്ന് ഇന്നുതന്നെ തീരുമാനിക്കൂ. ജീവിതത്തെ നശിപ്പിക്കുന്ന ഏത് ലഹരിയെയും ഞാൻ തള്ളികളയും എന്ന് ധൈര്യപൂർവം നമുക്ക് ലോകത്തോട് വിളിച്ചു പറയാൻ കഴിയട്ടെ.

**സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം**

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കേരള സഭയുടെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സീറോ മലബാർ-ലത്തീൻ-മലങ്കര റീത്തുകളിലെ 32 അതിരൂപതാ - രൂപത കളിലായി നടന്നുവരുന്നുണ്ട്. സഭയും, സംവിധാനങ്ങളും മദ്യം ഉൾപ്പെടെയുള്ള മാരക രാസലഹരികൾക്കെതിരെ ഉണർന്ന് പ്രവർത്തി ക്കുമ്പോൾ ഇതിനെ നിരോധിക്കാനോ, നിയന്ത്രിക്കാനോ, തടയാനോ, അധികാരപ്പെട്ടവർ നിസ്സംഗത പാലിക്കുകയോ യഥേഷ്ടം വ്യാപിപ്പി ക്കുവാൻ ഉത്സുകരാകുകയോ ചെയ്യുന്നത് അപകടകരമായ പ്രവണത യാണ്.

ബാറുകളുടെ എണ്ണം 29 മാത്രമായിരിക്കേ 2016 കാലയളവിൽ അധികാരത്തിലെത്തിയ മുന്നണി ആദ്യം പറഞ്ഞിരുന്നത് അധികാര ത്തിൽ വന്നാൽ നിലവിലുള്ളതിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നായിരുന്നു. അധികാരത്തിലെത്തിയ പ്പോൾ അവരുടെ നയം മദ്യവർജ്ജനമായി മാറി. വർജ്ജനം ഒരു വ്യക്തി സ്വയം സ്വീകരിക്കേണ്ട തീരുമാനമാണെന്നും നിരോധനമാണ് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ചെയ്യേണ്ടതെന്നുമുള്ള യാഥാർ ത്ഥ്യം കാറ്റിൽപറത്തിയാണ് മദ്യശാലകൾക്ക് യഥേഷ്ടം അവർ ലൈസൻസ് അനുവദിച്ചത്.

രണ്ടാം ഇടതുസർക്കാർ അധികാരത്തിലെത്തി ഇപ്പോൾ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കേ തിരിഞ്ഞു നോക്കുമ്പോൾ സംസ്ഥാനത്താകെ ആയിരത്തിലധികം ബാറുകൾ, ആയിരത്തിലധികം ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ, നാലായിരത്തിലധികം കള്ളുഷാപ്പുകൾ തുടങ്ങി മദ്യശാലകളുടെ പെരും പ്രളയത്തിലാണ് സംസ്ഥാനം.

മദ്യത്തിന്റെ ലഭ്യത കുറവാണ് മാരക രാസലഹരികളുടെ കുത്തൊ ഴുക്കിന് കാരണമായതെന്നായിരുന്നു ഭരണകർത്താക്കളുടെ പ്രചരണം. ഇതിന്റെ മറപിടിച്ച് മദ്യശാലകൾക്ക് യഥേഷ്ടം ലൈസൻസ് നല്കി ഈ സർക്കാർ ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. എന്നാൽ മദ്യപിച്ചുകൊണ്ടിരുന്നവരല്ല മാരക രാസലഹരികളുടെ ഉപയോഗത്തി

ലേക്ക് കടന്നതെന്നാണ് പച്ചയായ യാഥാർത്ഥ്യം. നമ്മുടെ കുട്ടികളും യുവതലമുറയുമാണ് മാരക രാസലഹരിയെന്ന വിപത്തിന്റെ കെണി യിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

എം.ഡി.എം.എ. ഹൈബ്രിഡ് കഞ്ചാവ് പോലുള്ള മയക്കു മരുന്നുകൾ ഇന്ന് സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വ്യാപക മായിരിക്കുകയാണ്. കടുത്ത നടപടി സ്വീകരിക്കേണ്ട ഉത്തരവാദി ത്വപ്പെട്ടവരാകട്ടെ പുതിയ പുതിയ വിഷയങ്ങൾ സൃഷ്ടിച്ച് അപകട കരമായ രീതിയിൽ വളർന്നിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിൽ നിന്ന് സമൂഹത്തിന്റെ ശ്രദ്ധതിരിക്കുകയാണ്. അനധികൃത മദ്യനിർമ്മാ ണവും, ലഹരികടത്തും തടയാൻ ഉത്തരവാദിത്വപ്പെട്ട എക്സൈസ് - പോലീസ്-ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ഫലം പുറപ്പെടുവിക്കുന്നില്ല.

സംസ്ഥാനത്തെ 1400 സ്കൂളുകൾ മയക്കുമരുന്നിന്റെ ഹോട്ട് സ്പോട്ടായി സർക്കാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. കൊച്ചു പെൺകുട്ടികളെ പോലും മയക്കുമരുന്ന് മാഫിയ വലയിൽ വീഴ്ത്തി, ലഹരി വാഹകരും, ഉപയോക്താക്കളും പിന്നീട് വില്പനക്കാരുമായി മാറ്റുകയാണ്. രക്ഷിതാക്കൾ അതീവജാഗ്രത പുലർത്തിയില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാവും. നമ്മുടെനാട് മാനസിക രോഗികളുടെ ഹബ്ബാകാൻ നാം അനുവദിച്ചുകൂടാ. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ വൈകുന്നേരങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ചുകൾക്കായി കുട്ടികളും, ചെറുപ്പക്കാരും എത്തുന്നുണ്ടെന്ന് മെഡിക്കൽ ഷോപ്പുടമകളുടെ ഏറ്റുപറച്ചിൽ വീണ്ടും ഭീതി വർദ്ധിപ്പിക്കുന്നതാണ്.

സഹോദരൻ സഹോദരനെ തല്ലിക്കൊല്ലുന്നതും, മകൻ അമ്മയെ വെട്ടിക്കൊല്ലുന്നതും, അപ്പനെ മകൻ ഓടിച്ചിട്ട് വെട്ടുന്നതും, 6 മാസം പ്രായമുള്ള കുഞ്ഞിനെ കടലിലെറിയുന്നതും, കാലിൽ പിടിച്ച് നിലത്തടിക്കുന്നതുമൊക്കെ സമീപദിവസങ്ങളിലും, മാസങ്ങളിലും നടന്ന മദ്യത്തിന്റെയും മാരക രാസലഹരികളുടെയും ഭീകരത തുറന്നു കാട്ടുന്ന സംഭവങ്ങളാണ്. മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ ശക്തമായി നിലപാടുകളും നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാ രാണിവിടെ ഉണ്ടാകേണ്ടത്. വിഷയങ്ങൾ മൂർദ്ധന്യത്തിൽ എത്തു മ്പോൾ സംസ്ഥാനം കേന്ദ്രത്തെയും, കേന്ദ്രം സംസ്ഥാനത്തേയും പഴിചാരി തലയൂരുന്ന സ്ഥിതി ഇനി ഉണ്ടാവരുത്. ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ആർജ്ജവമുള്ള ഭരണസംവിധാനം സംസ്ഥാനത്തുണ്ടാകണം.

**ഉപസംഹാരം**

മദ്യ-ലഹരി വിരുദ്ധ ഞായറാചരണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ രൂപതകളിലും വിപുലമായ പരിപാടികളാണ് നടന്നുവരുന്നത്. ഈ ദിനാചരണം മനുഷ്യസമൂഹം ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാനും പോരാടാനും സമൂഹത്തിന് പ്രചോദനമാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുവാനും നമ്മുടെ എല്ലാ സമുദായ-ഭക്തസംഘടനകളും സംയുക്തമായി ഈ വിപത്തിനെതിരെ ഊർജ്ജിതമായി രംഗത്തിറങ്ങുവാനും എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു.

കാലം ഇതുവരെ കണ്ടിട്ടില്ലാത്ത വിധം ലഹരി എന്ന പൈശാചിക തിന്മ നമ്മുടെ സമൂഹത്തിൽ നിരന്തരം ആഴത്തിലുള്ള പ്രഹരം ഏല്പിക്കുമ്പോൾ നമുക്ക് പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം. കാരണം നമുക്ക് ഒരു രക്ഷകൻ ഉണ്ട്, കർത്താവായ യേശുക്രിസ്തു. അവൻ ഇപ്രകാരം അരുളിച്ചെയ്തു. പുത്രൻ നിങ്ങളെ സ്വതന്ത്രനാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് (യോഹന്നാൻ 8:36). അതുകൊണ്ട് നമ്മുടെ രക്ഷകനായ യേശുവിന്റെ നാമത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് ഈ തിന്മയുടെ മേലുള്ള വിജയ പോരാട്ടം നമുക്ക് ശക്തമായി മുന്നോട്ടു കൊണ്ടുപോകാം. എല്ലാവർക്കും മദ്യ-ലഹരി വിരുദ്ധ ഞായർ ദിനാശംസകൾ.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ**
(ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

**ബിഷപ് മാർ അലക്സ് താരമംഗലം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി–682025

---

NB: ഈ സർക്കുലർ 2026 മാർച്ച് 8–ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 102/2026, Circular No. 05/2026

## സാൻജോസ് തീർത്ഥാടനം - പനത്തടി

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

തിരുക്കുടുംബത്തിന്റെ കാവല്ക്കാരനും തിരുസ്സഭയുടെ മധ്യസ്ഥനും കന്യാവ്രതക്കാരുടെ കാവല്ക്കാരനും തൊഴിലാളികളുടെ മധ്യസ്ഥനും നല്ല മരണത്തിനുള്ള മധ്യസ്ഥനുമായ വി. യൗസേപ്പിതാവിനോടുള്ള ഭക്തി കുടിയേറ്റ ജനതയുടെ ആത്മീയ ജീവിതത്തിന്റെ ഭാഗമാണ്. തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിനോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുവാൻ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കഴിഞ്ഞ വർഷം ആരംഭിച്ച സാൻജോസ് തീർത്ഥാടനം ഈ വർഷവും സംഘടിപ്പിക്കുകയാണ്. കാസർഗോഡ് മേഖലയിലെ ദൈവജനത്തിനു പങ്കെടുക്കുവാൻ കഴിയും വിധം 2026 മാർച്ച് 18 ബുധനാഴ്ച രാത്രി പനത്തടി സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിലേക്ക് വെള്ളരിക്കുണ്ട്, മാലോം, കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി ഫൊറോനകളിലെ ഇടവകകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം നടത്തുന്നത്.

കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് ഫൊറോനകളിൽ നിന്നുള്ള തീർത്ഥാടകർ മാർച്ച് 18 ന് ബുധനാഴ്ച രാത്രി 9.00 മണിക്ക് പടിമരുത് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ദിവ്യകാരുണ്യ ആരാധനയ്ക്കും ദിവ്യബലിക്കും ശേഷം രാത്രി 12.00 മണിയോടെ പനത്തടി സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിലേക്ക് തീർത്ഥാടനം നടത്തുന്ന വിധത്തിലും മാലോം ഫൊറോനയിലെ തീർത്ഥാടകർ മാലോം സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ദിവ്യകാരുണ്യ

ആരാധനയ്ക്കും ദിവ്യബലിക്കുശേഷം രാത്രി 10 മണിയോടെ പനത്തടിയിലേക്ക് തീർത്ഥാടനം ആരംഭിക്കുന്ന വിധത്തിലും കാസർഗോഡ് ഫൊറോനയിലെ തീർത്ഥാടകർ പടുപ്പ് ഭാഗത്തുനിന്നുള്ള തീർത്ഥാടകർക്കൊപ്പം പനത്തടിയിലേക്ക് തീർത്ഥാടനം നടത്തുന്ന വിധത്തിലും പാണത്തൂർ ഭാഗത്തുനിന്നുള്ള തീർത്ഥാടകർ പാണത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ദിവ്യകാരുണ്യ ആരാധനയ്ക്കും ദിവ്യബലിയ്ക്കുംശേഷം പനത്തടിയിലേക്ക് തീർത്ഥാടനം നടത്തുന്ന വിധത്തിലുമാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. വിവിധ കേന്ദ്രങ്ങളിൽനിന്ന് കാൽനടയായി നടത്തുന്ന തീർത്ഥാടനം മാർച്ച് 19 ന് പുലർച്ചെ മൂന്നരയോടെ പനത്തടിയിൽ എത്തിച്ചേർന്ന് 4 മണിക്ക് ആരംഭിക്കുന്ന വി. കുർബാനയോടെയാണ് അവസാനിക്കുന്നത്.

കാൽനടയായി, പ്രാർത്ഥിച്ച്, ത്യാഗത്തോടെ തിർത്ഥാടനം നടത്തുന്നതിലൂടെ പൂർണ്ണദണ്ഡവിമോചന പ്രാപ്തിക്കുള്ള അവസരമാണ് നമുക്ക് ലഭിക്കുന്നത്. വലിയ നോമ്പിന്റെ ദിനങ്ങളിൽ പരിത്യാഗം അനുഷ്ഠിച്ചുള്ള പ്രാർത്ഥനക്ക് വലിയ പ്രാധാന്യമുണ്ട്. തീർത്ഥാടനം ആരംഭിക്കുന്ന കേന്ദ്രങ്ങളിൽ വി. കുമ്പസാരത്തിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ പരിമിതമായ യാത്രാസൗകര്യങ്ങൾ മാത്രം ഉണ്ടായിരുന്ന കാലത്ത് ത്യാഗത്തോടെ കാൽനടയായി ദൈവാലയങ്ങളിലേക്ക് പോയിരുന്ന നമ്മുടെ പൂർവ്വികരുടെ തീക്ഷ്ണമായ ആത്മീയ ജീവിതത്തെ അനുസ്മരിക്കുവാനുള്ള അവസരമാണ് തീർത്ഥാടനം.

“നിങ്ങൾ യൗസേപ്പിന്റെ പക്കലേക്ക് ചെല്ലുക” (ഉൽപ 41:55) എന്ന തിരുവചനം ധ്യാനിച്ചുകൊണ്ട് യൗസേപ്പിതാവിന്റെ പക്കലേക്ക് നമുക്ക് തീർത്ഥാടനം നടത്താം. സമുദായ ശക്തീകരണ വർഷത്തിൽ നമ്മുടെ സമുദായത്തിന്റെ വളർച്ചയ്ക്കുവേണ്ടിയും കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികളുടെ പരിഹാരത്തിനായും ഈ തീർത്ഥാടനത്തിൽ നമുക്ക് പ്രത്യേക നിയോഗം സമർപ്പിക്കാം. വിവാഹപ്രായമായിട്ടും വിവാഹം നടത്തുവാൻ കഴിയാതിരിക്കുന്ന ചെറുപ്പക്കാർ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടി തീർത്ഥാടനത്തിൽ പങ്കുചേർന്ന് പ്രാർത്ഥിക്കുന്നത് ഉചിതമാണ്.

ഈ തീർത്ഥാടനത്തിലേക്ക് ഏവരെയും സ്നേഹത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു. ത്യാഗത്തിന്റെയും കഷ്ടപ്പാടിന്റെയും പഴയ കാലങ്ങൾ ഓർമ്മിക്കുന്നതോടൊപ്പം ഈ ദേശത്തിന് നമ്മൾ നല്കുന്ന

സാക്ഷ്യത്തിന്റെയും അവസരമായി ഈ തീർത്ഥാടനം മാറും. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ഈ ഭൂമിയിൽ ജീവിക്കുന്ന തീർത്ഥാടകരാണ് നാം എന്ന സത്യം ഓർമ്മിച്ചുകൊണ്ട് വി. യൗസേപ്പിതാവിന്റെ കൈപിടിച്ച് ഈശോയുടെ പക്കലേക്ക് നമുക്ക് പോകാം. തീർത്ഥാടനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ദണ്ഡവിമോചന പ്രാപ്തിക്കുള്ള അവസരത്തെക്കുറിച്ചും ദൈവജനത്തെ അറിയിച്ച് പരമാവധി ആളുകളെ തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം നിങ്ങൾക്കേവർക്കും നേരുന്നു.

**നിങ്ങൾ ഏവരെയും** പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഫെബ്രുവരി 23 ന് വി. പോലിക്കാർപ്പിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 മാർച്ച് 08-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 103/2026, Circular No. 06/2026

## ജീവകാരുണ്യ നിധി

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തോടനുബന്ധിച്ച് എല്ലാവർഷവും നമ്മൾ ഇടവകകളിൽനിന്നും സമാഹരിക്കുന്ന ജീവകാരുണ്യഫണ്ട് പാവപ്പെട്ട അനേകം കുടുംബങ്ങൾക്ക് സഹായകമായി മാറുന്നുണ്ട്. ചുറ്റുമുള്ള പാവപ്പെട്ടവരിൽ ഈശോയുടെ മുഖം കാണുവാനും അവരെ സഹായിക്കുവാനുമുള്ള നമ്മുടെ ദൗത്യം ഈ സമുദായശക്തീകരണ വർഷത്തിൽ കൂടുതൽ ശ്രദ്ധയോടെ നമുക്ക് നിർവഹിക്കാം. നമ്മുടെ അതിരൂപതയിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. ദൈവം നമുക്ക് നല്കിയിരിക്കുന്ന സമ്പത്തിന്റെ ഓഹരി അവരുമായി പങ്കുവയ്ക്കാം. 'ദരിദ്രനെ സഹായിക്കുന്നവൻ യഹോവയ്ക്കു കടം കൊടുക്കുന്നു' എന്ന തിരുവചനം അനുസ്മരിച്ചുകൊണ്ട് ഈ വർഷത്തെ ജീവകാരുണ്യ ഫണ്ടിലേക്ക് നിങ്ങളുടെ ഒരു ദിവസത്തെ വരുമാനമെങ്കിലും ഔദാര്യപൂർവ്വം നല്കുവാൻ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷം ജീവകാരുണ്യ ഫണ്ടിലേക്ക് ലഭിച്ച തുകയും വിവിധ പദ്ധതികളിലൂടെ നമ്മൾ നല്കിയ സാമ്പത്തിക സഹായത്തെക്കുറിച്ചും അറിയിക്കുന്നു.

- കഴിഞ്ഞ വർഷം ജീവകാരുണ്യ ഫണ്ടിലേക്ക് ലഭിച്ചത് എഴുപത് ലക്ഷത്തി ഇരുപത്താറായിരത്തി ഇരുന്നൂറ്റിനാല് രൂപയാണ് (70,26,204). ചികിത്സാ സഹായമായി ഇരുപത് ലക്ഷത്തി ഇരുപത്തയ്യായിരം രൂപയും (20,25,000), വിദ്യാഭ്യാസ സഹായമായി പതിനെട്ടുലക്ഷത്തി പതിനയ്യായിരം രൂപയും

(18,15,000), ഭവന നിർമ്മാണ ആവശ്യത്തിനായി പന്ത്രണ്ടു ലക്ഷത്തി ഇരുപതിനായിരം രൂപയും (12,20,000), വിവാഹ സഹായമായി ഒമ്പതുലക്ഷത്തി പതിനയ്യായിരം രൂപയും (9,15,000), മറ്റു സഹായങ്ങളായി അൻപത്തിഒന്നായിരം രൂപയും (51,000) നല്കി.

- ബ്രദർ മാത്യു കാവുങ്കൽ നേതൃത്വം നല്കുന്ന സ്കോളർഷിപ്പ് പദ്ധതി വഴി 600 പേർക്ക് എൺപത്തിയഞ്ച് ലക്ഷം രൂപ (85,00,000) സഹായമായി നല്കി.
- ബഹു. തോമസ് മാപ്പിളപ്പറമ്പിലച്ചന്റെ നേതൃത്വത്തിലുള്ള സെന്റ് തോമസ് എജ്യൂക്കേഷൻ ഫണ്ട് വഴി 250 വിദ്യാർത്ഥികൾക്ക് അറുപത്തിരണ്ട് ലക്ഷം രൂപ (62,00,000) സഹായമായി നല്കി.
- ബഹു. ജോൺസൺ തോട്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ നല്കുന്ന നൈറ്റിംഗേൾ മിനിസ്ട്രി വഴി 95 നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസഹായമായി അൻപത്തിയെട്ട് ലക്ഷം രൂപ (58,00,000) നല്കി.
- ബഹു. ജോബി കരിന്തോളിൽ അച്ചന്റെ നേതൃത്വത്തിലുള്ള എജ്യൂക്കേഷൻ ഫണ്ട് വഴി 46 വിദ്യാർത്ഥികൾക്ക് പന്ത്രണ്ട് ലക്ഷം രൂപ (12,00,000) സഹായമായി നല്കി.
- വിദേശത്ത് ജോലി ചെയ്യുന്ന ബഹു. വൈദികർ വഴി 5 ഭവനങ്ങളുടെ നിർമ്മാണത്തിനായി ഇരുപത്തിയഞ്ച് ലക്ഷം രൂപ (25,00,000) സഹായമായി നല്കി.
- ഡയാലിസിസ് മെഷീൻ മേടിക്കുവാനും എയ്ഞ്ചൽ ഡയാലിസിസ് സെന്ററിനും ബഹു. ഐസക്ക് ചേരുംതടത്തിൽ അച്ചൻ പതിനേഴ് ലക്ഷത്തി എഴുപതിനായിരം രൂപ (17,70,000) നല്കി.
- കഴിഞ്ഞ വർഷം ജീവകാരുണ്യ നിധിയിലേക്ക് ലഭിച്ച എഴുപത് ലക്ഷത്തി ഇരുപത്താറായിരത്തി ഇരുന്നൂറ്റിനാലു (70,26,204) രൂപയ്ക്കു പുറമെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നല്കിയത് രണ്ടു കോടി അമ്പത്തൊൻപതു ലക്ഷം (2,59,00,000) രൂപയാണ്. കഴിഞ്ഞ വർഷം നമ്മുടെ അതിരൂപതയിൽ നിന്ന് ഉപവികാര്യങ്ങൾക്കായി മൊത്തത്തിൽ ചിലവഴിച്ചത് മൂന്നു കോടി ഇരുപത്തൊമ്പതു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി ഇരുന്നൂറ്റിനാലു (3,29,96,204) രൂപയാണ്.

ഇതുകൂടാതെ ഏവർക്കും അറിയാവുന്നതുപോലെ നമ്മുടെ വിവിധ അപ്പൊസ്റ്റൊലേറ്റുകൾവഴി അതിരൂപത നല്കുന്ന സഹായങ്ങൾ അനവധിയാണ്. സമുദായശക്തീകരണ വർഷത്തോടനുബ

ന്ധിച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ കുഞ്ഞുങ്ങളുണ്ടാകുന്ന കുടുംബത്തിന് നല്കുന്ന സഹായങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ.

പങ്കുവയ്ക്കുന്ന സമൂഹമാണ് സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന സമൂഹം. നമ്മുടെ സമുദായത്തിലെ അനേകായിരം കുടുംബങ്ങളെ പൊതുധാരയിൽ കൊണ്ടുവരാനും വിദ്യാഭ്യാസ സഹായത്തിലൂടെ ജോലിക്ക് പര്യാപ്തമാക്കുവാനും എല്ലാവരുടെയും സഹായം അപേക്ഷിക്കുകയാണ്. വാർഡ് പ്രതിനിധികൾ വഴി സംഭാവന സ്വീകരിക്കുവാനുള്ള കവറുകൾ വീടുകളിൽ എത്തിക്കുകയും അവർ വഴി തന്നെ കവറുകൾ തിരികെ ശേഖരിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പരസ്പരം കൈകോർത്ത് പങ്കുവച്ചാൽ മാത്രമേ നമ്മുടെ സമുദായം വളരൂ. കുടിയേറ്റ വഴികളിൽ പരസ്പരം സഹായിച്ചു വളർന്നവരാണ് നാം. “ഈ ചെറിയവരിൽ ഒരുവന്, ശിഷ്യന് എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല” (മത്തായി 10 : 42) എന്ന തിരുവചനം നമുക്ക് ഓർക്കാം. ഈ സമുദായശക്തീകരണ വർഷത്തിൽ അശരണരായ നമ്മുടെ സഹോദരങ്ങളെ കൈപിടിച്ചുയർത്താനുള്ള പരിശ്രമത്തിൽ നമുക്കും ആത്മാർത്ഥമായി പങ്കുചേരാം.

എല്ലാ സത്പ്രവർത്തികൾക്കും പ്രതിഫലം നല്കുന്ന കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിങ്ങൾ ഏവരെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഫെബ്രുവരി 14 ന് വിഭൂതി തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 മാർച്ച് 15-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 104/2026, Circular No. 07/2026

## നാല്പതാം വെള്ളി തീർത്ഥാടനം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും അരൂപി നമ്മിൽ നിറയുന്ന വലിയ നോമ്പിന്റെ അനുഗ്രഹീത ദിനങ്ങളിലൂടെ നാം കടുപോകുകയാണല്ലോ. മനുഷ്യകുലത്തിന്റെ രക്ഷയുടെ അടയാളമായ വി. കുരിശിനെ സവിശേഷമാംവിധം നാം വണങ്ങുകയും ഈശോയുടെ സഹനങ്ങളെ ആഴത്തിൽ ധ്യാനിക്കുകയും ചെയ്യുന്ന അവസരം കൂടിയാണിത്. വലിയ നോമ്പിന്റെ ദിനങ്ങളിൽ പ്രാധാന്യത്തോടെ അനുസ്മരിക്കുന്ന ദിനമാണ് നോമ്പിന്റെ നാല്പതു ദിനങ്ങൾ പിന്നിടുന്ന നാല്പതാം വെള്ളി. കേരള സഭയിൽ നിലനില്ക്കുന്ന പൗരസ്ത്യമായ ഒരാചാരമാണിത്. പഴയനിയമത്തിൽ മോശയുടെയും പുതിയ നിയമത്തിൽ ഈശോയുടെയും നാല്പതു ദിവസത്തെ ഉപവാസത്തിന്റെ അനുസ്മരണമാണിത്. ദനഹാ തിരുനാൾ മുതലുള്ള 40 ദിവസങ്ങളായിരുന്നു ആദ്യകാലങ്ങളിൽ സഭയിൽ വലിയ നോമ്പ് ദിനങ്ങളായി ആചരിച്ചിരുന്നത്. തുടർന്ന് പീഢാനുഭവ ആഴ്ചയുടെ ആചരണം എന്ന രീതിയായിരുന്നു. മാർതോമാ ക്രിസ്ത്യാനികൾക്കിടയിൽ വലിയ നോമ്പിന്റെ നാല്പതു ദിനങ്ങൾ പ്രാധാന്യത്തോടെ ഓർമ്മിച്ച് അതിന്റെ സമാപനം ത്യാഗത്തോടെ ആചരിക്കുന്ന രീതി ഉണ്ടായിരുന്നു. ഈ പാരമ്പര്യത്തിന്റെ തുടർച്ചയായാണ് കേരള സഭയിൽ നാല്പതാം വെള്ളി ആചരണം നടന്നിരുന്നത്. 50 നോമ്പ് സഭയിൽ കാലക്രമേണ ഏകീകരിച്ചപ്പോഴാണ് ഇപ്പോഴുള്ളതുപോലുള്ള നോമ്പാചരണം ആരംഭിച്ചത്.

'വലിയ ആഴ്ചയിലേക്കുള്ള കവാടം' എന്നാണ് നാല്പതാം വെള്ളി അറിയപ്പെടുന്നത്. ഈശോയുടെ പെസഹാ രഹസ്യങ്ങളെ ആഴത്തിൽ ധ്യാനിക്കുവാനും ആത്മീയ ഒരുക്കത്തോടെ ആചരിക്കുവാനും നാല്പതാം വെള്ളി ആചരണം സഹായകമാകും. കഴിഞ്ഞ വർഷം മുതൽ ചെറുപുഴ, തോമാപുരം, മേരിഗിരി എന്നീ ഫൊറോനകളിലെ ദൈവജനത്തെ ഉൾപ്പെടുത്തിക്കൊണ്ട് നാല്പതാം വെള്ളി ആചരണം ഒരു തീർത്ഥാടനമായി നമ്മൾ ആചരിച്ചു തുടങ്ങിയിരുന്നു. ഈ വർഷവും ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്ക് നാല്പതാം വെള്ളി തീർത്ഥാടനം സംഘടിപ്പിക്കുകയാണ്.

2026 മാർച്ച് 27 വെള്ളിയാഴ്ചയാണ് ഈ വർഷത്തെ നാല്പതാം വെള്ളി. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് വിവിധ കേന്ദ്രങ്ങളിൽനിന്ന് കുരിശിന്റെ വഴിയുടെ പ്രാർത്ഥനകൾ ചൊല്ലി നടത്തി കാൽനടയായി ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്കാണ് തീർത്ഥാടനം നടത്തുന്നത്. മേരിഗിരി ഫൊറോനയിലെ തീർത്ഥാടകർ പെരിങ്ങാല പള്ളിയിൽ സമ്മേളിച്ച് വൈകുന്നേരം 5:45 ന് ചെറുപുഴ ടൗണിൽ എത്തിച്ചേരും വിധത്തിലും തോമാപുരം, ചെറുപുഴ ഫൊറോനകളിലെ തീർത്ഥാടകർ അന്നേദിവസം വൈകുന്നേരം 5:45 ന് ചെറുപുഴ ടൗണിന് സമീപത്തുള്ള പാലത്തിന്റെ അടുത്ത് എത്തിച്ചേരും വിധത്തിലാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. വിവിധ കേന്ദ്രങ്ങളിൽനിന്ന് ചെറുപുഴയിൽ എത്തുന്ന തീർത്ഥാടകർ ഒരുമിച്ച് പ്രാർത്ഥനാപൂർവ്വം ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്ക് തീർത്ഥാടനം തുടരും. രാത്രി 7 മണിയോടെ ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ എത്തിച്ചേർന്ന് വി. കുരിശിന്റെ വണക്കത്തിനും നാല്പതാം വെള്ളിയുടെ സന്ദേശത്തിനും ശേഷം തീർത്ഥാടനം സമാപിക്കും.

കഴിഞ്ഞ വർഷം നമ്മൾ ചെറുപുഴയിൽ നടത്തിയ നാല്പതാം വെള്ളി തീർത്ഥാടനം ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്നു. നമ്മുടെ രക്ഷയുടെ അടയാളമായ വി. കുരിശ് കൈകളിലേന്തി മലയോരത്തെ പ്രധാന പട്ടണമായ ചെറുപുഴയിലൂടെ ദൈവജനം പ്രാർത്ഥനയോടെ നീങ്ങിയത് കൂട്ടായ സാക്ഷ്യത്തിന്റെ അവസരമായിരുന്നു. നാല്പതാം വെള്ളി തീർത്ഥാടനത്തിലൂടെ ലഭിക്കുന്ന ദണ്ഡവിമോചനത്തെക്കുറിച്ച് ദൈവജനത്തെ അറിയിക്കുകയും പരമാവധി ആളു

കളെ തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കുവാനും ബഹു. വികാരിയച്ച ന്മാർ പരിശ്രമിക്കുമല്ലോ.

**കുരിശിലേക്കു നോക്കി ജീവിതത്തിന്റെ സഹനങ്ങളെ നമുക്ക് നേരി ടാം. ക്രൂശിതനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. നിങ്ങൾ ഏവ** രെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഫെബ്രുവരി 25 ന് വാ. റാണി മരിയായുടെ തിരുനാൾ ദിന ത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽക പ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 മാർച്ച് 22-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 105/2026, Circular No. 08/2026

## വിശ്വാസോത്സവം

ഈശോയിൽ പ്രിയപ്പെട്ടവരെ,

2025-2026 അധ്യായനവർഷത്തെ കുട്ടികളുടെ വിശ്വാസോത്സവം ഏപ്രിൽ 6 മുതൽ 9 വരെ നടത്തപ്പെടുകയാണ്. ഒരു വർഷം മുഴുവൻ ഈശോയെകുറിച്ച് പഠിച്ചറിഞ്ഞ കാര്യങ്ങൾ അനുഭവിച്ചറിയാനും വിശ്വാസ പരിശീലനം കൂടുതൽ ആനന്ദകരവും ആകർഷകവുമാക്കുന്നതിനാണ് വിശ്വാസോത്സവം സംഘടിപ്പിക്കുന്നത്. വിശുദ്ധ അഗസ്തീനോസ് നിർദ്ദേശിച്ചതുപോലെ "സത്യവിശ്വാസം സന്തോഷത്തോടെ സ്വീകരിക്കപ്പെടേണ്ടതിന്, കഠിനനിബന്ധനകൾക്ക് പകരം, കൂടുതൽ സൗഹൃദത്തോടെയും വാത്സല്യത്തോടെയും വിശ്വാസ വിഷയങ്ങൾ (ഇന്ന്) പഠിപ്പിക്കേണ്ടതായിട്ടുണ്ട്."

സീറോമലബാർ സഭ സമുദായശക്തീകരണ വർഷമായി ആചരിക്കുന്ന ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ പ്രധാന പ്രമേയം 'പ്രൗഢമായ നമ്മുടെ നസ്രാണി പൈതൃകം' എന്നതാണ്. ഒന്നാം നൂറ്റാണ്ടിൽ തന്നെ മാർത്തോമാശ്ലീഹായിൽ നിന്നും വിശ്വാസം ഏറ്റുവാങ്ങിയ അപ്പസ്തോലിക പാരമ്പര്യമുള്ള അപൂർവ്വം സഭകളിൽ ഒന്നാണ് സീറോമലബാർ സഭ. ഈ സമൂഹം ആത്മീയരംഗത്ത് മാത്രമല്ല, കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിലും മുൻനിരയിൽ ആയിരുന്നു. രാജാക്കന്മാർ പ്രീതിയോടെ നൽകിയ ചെപ്പേടുകൾ മാർത്തോമാ ക്രിസ്ത്യാനികൾക്ക് സമൂഹത്തിൽ ഉണ്ടായിരുന്ന ഉന്നതപദവികളുടെയും അവകാശങ്ങളുടെയും ലിഖിത സാക്ഷ്യങ്ങളാണ്. കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന്

നാന്ദി കുറിച്ചതും ഇവിടത്തെ ക്രൈസ്തവ സമൂഹമായിരുന്നു. ഇന്ന് ലോകമെമ്പാടുമായി 5 ദശലക്ഷം വിശ്വാസികൾ ഉള്ള ലോകത്തിലെ ഏറ്റവും വലിയ പൗരസ്ത്യ കത്തോലിക്കാസഭയാണ് സീറോമലബാർ സഭ. നമ്മുടെ സഭയുടെ പ്രൗഢമായ ഈ ചരിത്രവും വർത്തമാനവും പകർന്നു നൽകി, സഭാസ്നേഹവും അഭിമാന ബോധവുമുള്ള കരുത്തുറ്റ ഒരു പുതുതലമുറയെ രൂപപ്പെടുത്തുക എന്നതാണ് ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ ലക്ഷ്യം.

വളരെ മനോഹരമായി രൂപകൽപ്പന ചെയ്തിരിക്കുന്ന വിശ്വാസോത്സവ വർക്ക്ബുക്കുകൾ എല്ലാ കുട്ടികൾക്കും അധ്യാപകർക്കും ഉണ്ടായിരിക്കേണ്ടതാണ്. വിശ്വാസോത്സവത്തിൽ 1 മുതൽ 11 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. രാവിലെ 9 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെയുള്ള (ആറു മണിക്കൂർ) സമയമാണ് വിശ്വാസോത്സവം നടത്തേണ്ടത്. എല്ലാദിവസവും രാവിലെ വി. കുർബാനയോട് കൂടി ക്ലാസ്സുകൾ ആരംഭിക്കണം. ദിവസങ്ങളുടെ എണ്ണവും ഓരോ ദിവസത്തെയും പരിശീലന സമയവും കുറയ്ക്കാൻ പാടില്ല എന്ന് ഓർമിപ്പിക്കുന്നു. ഏതെങ്കിലും കാരണവശാൽ സമയമാറ്റം ആവശ്യമുള്ള ഇടവകകളിലെ വികാരിയച്ചൻമാർ അതിരൂപത മതബോധന കേന്ദ്രത്തിൽ അറിയിച്ചു നേരത്തെതന്നെ അനുവാദം വാങ്ങിക്കേണ്ടതാണ്.

വിശ്വാസോത്സവത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പന്ത്രണ്ടാം ക്ലാസ് കുട്ടികളെയും വിവിധ സംഘടനാ പ്രതിനിധികളെയും അജപാലനസമിതി അംഗങ്ങളെയും പങ്കെടുപ്പിക്കുന്നത് നല്ലതാണ്. ഒരു ദിവസമെങ്കിലും കുട്ടികൾക്ക് ഭക്ഷണം പള്ളിയിൽ നിന്നും പൊതുവായി നൽകുന്നത് മാതൃകാപരമാണ്. നമ്മുടെ ഇടവകയുടെ കൂട്ടായ്മയും പങ്കുവയ്പ്പും സഹകരണവും കുട്ടികൾക്കു മുൻപിൽ പ്രകടിപ്പിക്കാനുള്ള അവസരമാണ് വിശ്വാസോത്സവം എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം.

പ്രിയമാതാപിതാക്കളെ, വിശ്വാസോത്സവത്തിനുശേഷം, ഏപ്രിൽ 11-ന് നടത്തുന്ന ഈസ്റ്റർ പരീക്ഷയോട് കൂടിയാണ് ഈ അധ്യയനവർഷത്തെ വിശ്വാസപരിശീലന ക്ലാസുകൾ പൂർത്തിയാകുന്നത്. കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകർ എന്ന നിലയിൽ മാതാപിതാക്കൾ വിശ്വാസോത്സവത്തോട് പൂർണ്ണമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു. കൂടാതെ കുട്ടികളുടെ ഞായറാഴ്ച

ആചരണം ഒരിക്കലും മുടങ്ങാതിരിക്കാനും അവധിക്കാലത്ത് കുട്ടികളെ ആത്മീയഉണർവ് ലഭിക്കുന്ന ധ്യാനങ്ങളിലും ഇതര പരിപാടികളിലും പങ്കെടുപ്പിക്കാനും ശ്രദ്ധിക്കണം. നിസ്സയിലെ വിശുദ്ധ ഗ്രിഗറി മാതാപിതാക്കളോട് പറഞ്ഞത് നമുക്ക് ഓർമ്മിക്കാം: "മെഴുകുപോലെ മൃദുവായ നമ്മുടെ കുട്ടികളുടെ ആത്മാവിൽ ദുശ്ശീലങ്ങൾ പതിയുന്നതിനു മുമ്പ് വേദപരിശീലനത്തിലൂടെ അവരിൽ നമുക്ക് പുണ്യത്തിന്റെ മുദ്ര പതിപ്പിക്കാം."

സൺഡേസ്കൂളിൽ റെഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ്, സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 മുതൽ 17 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നതാണ്. ഈ കുട്ടികളും നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാ വൈദികരോടും സിസ്റ്റേഴ്സിനോടും വിശ്വാസ പരിശീലകരോടും അജപാലനസമിതി അംഗങ്ങളോടും സംഘടനാ ഭാരവാഹികളോടും മാതാപിതാക്കളോടും നന്ദി അറിയിക്കുന്നു. ഈ സമുദായ ശക്തീകരണ വർഷത്തിലെ വിശ്വാസോത്സവം നമ്മുടെ സമുദായത്തിന്റെയും ഇടവകയുടെയും ഐക്യത്തിന്റെയും സഹകരണത്തിന്റെയും ആഘോഷദിനങ്ങളായി മാറട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങൾ ഏവരെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഫെബ്രുവരി 23 ന് വി. പൊലിക്കാർപ്പിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 മാർച്ച് 29-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## മാർച്ച് 2026

**1. പുതിയ നിയമനം**

റവ. ഫാ. ആന്റണി മറ്റക്കോട്ടിൽ - വികാരി, നെല്ലിയടുക്കം,
അസി. റേഡിയോ ഫോർ യു, പടന്നക്കാട്

**2. നാമഹേതുക തിരുനാൾ - മാർ ജോസഫ് പാംപ്ലാനി**

മാർച്ച് 19 ന് സ്വർഗീയ മധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ കാവൽക്കാരനുമായ വി. യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ്യവും അനുഗ്രഹവും പ്രിയപ്പെട്ട പിതാവിന്റെ മേല്പട്ട ശുശ്രൂഷയിൽ ഉണ്ടാകട്ടെ. തലശ്ശേരി അതിരൂപതയെ ആത്മീയ ചൈതന്യത്തോടെ നയിക്കുന്ന അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷകളെ ഓർത്തു നമുക്ക് ദൈവത്തിന് നന്ദി പറയാം. എറണാകുളം, അങ്കമാലി അതിരൂപതയിലെ പ്രതിസന്ധികൾ പരിഹരിക്കുവാൻ മേജർ ആർച്ച് ബിഷപ്പിന്റെ വികാരി എന്ന നിലയിലുള്ള ശുശ്രൂഷകൾക്ക് വി. യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ്യം പിതാവിനുണ്ടാകട്ടെ. മാർച്ച് 19 ന് അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിക്കാൻ ദൈവജനത്തെ ഓർമ്മപ്പെടുത്തുമല്ലോ. നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ജോസഫ് നാമധാരികളായ ബഹു. വൈദികർക്ക് തിരുനാൾ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**3. വി. ഫ്രാൻസീസ് അസീസി വർഷം - തീർഥാടനാലയങ്ങൾ**

അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ 800-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് '2026 അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ വർഷ'മായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ഫ്രാൻസീസ് അസ്സീസിയുടെ വർഷം പ്രഖ്യാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഇപ്രകാരം പ്രസ്താവി

ക്കുന്നു. "നമ്മുടെ പിതാവും സഹോദരനുമായ ഫ്രാൻസീസിന്റെ സ്മരണ നിലനിറുത്തുക, അത് അവനെ മനുഷ്യരുടെ ഇടയിൽ ഉന്ന തനും മാലാഖമാരുടെ ഇടയിൽ മഹത്വീകൃതനും ആക്കിത്തീർത്തവന്റെ സ്തുതിക്കും മഹത്വത്തിനും ആയിരിക്കട്ടെ. അവന്റെ മാധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം. അങ്ങനെ ദൈവം തന്റെ പരിശുദ്ധ കൃപ അവ നോടൊപ്പം നാമുമായും പങ്കുവയ്ക്കട്ടെ". നമ്മുടെ അതിരൂപതയിലെ വി. ഫ്രാൻസീസ് അസ്സീസിയുടെ നാമത്തിൽ സ്ഥാപിതമായ ദൈവാ ലയങ്ങളെയും ഫ്രാൻസിസ്ക്കൻ സഭയുടെ ആശ്രമ ദൈവാലയങ്ങ ളെയും വി. ഫ്രാൻസീസ് അസ്സീസിയുടെ വർഷം പ്രമാണിച്ച് തീർഥാ ടനാലയങ്ങളായി ഒരു വർഷത്തേക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ണൂർ മേലെചൊവ്വ വി. ഫ്രാൻസീസ് അസ്സീസി ദൈവാലയം, നാട്ടക്കല്ല് വി. ഫ്രാൻസീസ് അസ്സീസി ദൈവാ ലയം, കുറ്റിക്കോൽ കപ്പൂച്ചിൻ ആശ്രമ ദൈവാലയം, പട്ടാരം വിമല ഗിരി ധ്യാനകേന്ദ്രത്തിലെ ആശ്രമ ദൈവാലയം എന്നീ ദൈവാല യങ്ങളെയാണ് തീർഥാടനാലയങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ദൈവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് പൂർണ്ണ ദണ്ഡവി മോചനം ലഭിക്കുന്നതാണ്.

**4. ജീവകാരുണ്യ നിധി**

തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19 നോടനുബന്ധിച്ചാണ് എല്ലാ വർഷവും ജീവകാരുണ്യ ഫണ്ട് സമാഹരിക്കുന്നത്. ജീവകാരുണ്യ ഫണ്ടിലേക്കുള്ള കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും വാർഡ് പ്രതിനിധികൾ കവറുകൾ വീടുകളിൽ നിന്ന് ശേഖരിക്കു കയും ചെയ്യുമല്ലോ. ജീവകാരുണ്യ ഫണ്ടിന്റെ കവറുകൾ ഇടവക യിലെ എല്ലാ ഭവനത്തിലും എത്തിയെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പ് വരുത്തുമല്ലോ.

**5. വിശുദ്ധ മൂറോൻ വെഞ്ചരിപ്പും വൈദിക സമ്മേളനവും**

2026 മാർച്ച് 30 തിങ്കളാഴ്ച തലശ്ശേരി അതിരൂപതയിൽ അജപാ ലന ശുശ്രൂഷ നിർവഹിക്കുന്ന മുഴുവൻ വൈദികരുടെയും യോഗം ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് ചേരു ന്നതാണ്. അന്നേ ദിവസമാണ് വി. മൂറോൻ വെഞ്ചരിപ്പ് നടത്തുന്നത്. രാവിലെ 9.30 ന് ആരംഭിക്കുന്ന ദിവ്യകാരുണ്യ ആരാധനയ്ക്കുശേഷം 10.30 ന് വി. കുർബാനയോടെ വി. മൂറോൻ വെഞ്ചരിപ്പിന്റെ ശുശ്രൂഷ കൾ ആരംഭിക്കും. വലിയ ആഴ്ചയിലെ ഒരു ദിവസം അതിരൂപതാ ദ്ധ്യക്ഷനോടൊപ്പം വി. കൂദാശകൾക്ക് ഉപയോഗിക്കുന്ന വിശുദ്ധ തൈലത്തിന്റെ വെഞ്ചരിപ്പ് നടത്തുന്ന പാരമ്പര്യമാണ് നമ്മുടെ സഭ

യിലുള്ളത്. പൗരോഹിത്യ ശുശ്രൂഷ കൂട്ടായ്മയിൽ ചെയ്യേണ്ട ശുശ്രൂഷയാണെന്ന കാഴ്ചപ്പാടാണ് ഈ പാരമ്പര്യത്തിനു പിന്നിലുള്ളത്. ബഹു. വൈദികർ തിരുവസ്ത്രങ്ങൾ (കാപ്പാ സെറ്റ്) നിർബന്ധമായും കൊണ്ടുവരുമല്ലോ. വി. കുർബാനയും മൂറോൻ വെഞ്ചരിപ്പിനുംശേഷം 12.30 മുതൽ 1.30 വരെയായിരിക്കും വൈദിക സമ്മേളനം. അന്നേ ദിവസം രാവിലെ 9.30 മുതൽ ബഹു. വൈദികർക്ക് വി. കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരിക്കും. വലിയ ആഴ്ചയിലേക്ക് ആത്മവിശുദ്ധിയോടെ നമുക്ക് പ്രവേശിക്കാം.

**6. സാൻജോസ് തീർഥാടനം – പനത്തടി**

കാസർഗോഡ് റീജിയണിലെ ഇടവകകളെ പങ്കെടുപ്പിച്ചുകൊണ്ട് വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള പനത്തടി സെന്റ് ജോസഫ് തീർഥാടനാലയത്തിലേക്ക് മാർച്ച് 18 ബുധനാഴ്ച രാത്രി സാൻജോസ് തീർഥാടനം ഈ വർഷവും സംഘടിപ്പിക്കുകയാണ്. വെള്ളരിക്കുണ്ട്, മാലോം, കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി ഫൊറോനകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർഥാടനം നടത്തുന്നത്. വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് ഫൊറോനകളിലെ തീർഥാടകർ മാർച്ച് 18 ബുധനാഴ്ച രാത്രി 9 മണിക്ക് പടിമരുത് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് രാത്രി 12 മണിയോടെ പനത്തടിയിലേക്ക് തീർഥാടനം ആരംഭിക്കുന്ന വിധത്തിലും മാലോം ഫൊറോനായിലെ ദൈവജനം മാർച്ച് 18 ബുധനാഴ്ച രാത്രി 9 മണിക്ക് മാലോം സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് രാത്രി 11 മണിയോടെ പനത്തടിയിലേക്ക് തീർഥാടനം നടത്തുന്ന വിധത്തിലും കാസർഗോഡ് നിന്നുള്ള തീർഥാടകർ പടുപ്പ് പള്ളിയിൽനിന്നുള്ള തീർഥാടകരോടൊപ്പം പനത്തടിയിലേക്ക് തീർഥാടനം നടത്തുന്ന വിധത്തിലും പാണത്തൂർ ഭാഗത്തുനിന്നുള്ള തീർഥാടകർ പാണത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് രാത്രി 12 മണിയോടെ പനത്തടിയിലേക്ക് തീർഥാടനം നടത്തുന്നവിധത്തിലുമാണ് തീർഥാടനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മാർച്ച് 19 ന് പുലർച്ചെ മൂന്നരയോടെ പടത്തടിയിൽ എത്തിച്ചേർന്ന് 4 മണിക്ക് അഭിവന്ദ്യ പിതാവ് മുഖ്യകാർമികത്വം വഹിക്കുന്ന ദിവ്യബലിയോടെ തീർഥാടനം സമാപിക്കും. വി. യൗസേപ്പിതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുവാൻ ദൈവജനത്തെ പ്രേരിപ്പിക്കുകയും പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുമല്ലോ.

**7. നാല്പതാം വെള്ളി തീർഥാടനം – ചെറുപുഴ**

വലിയ ആഴ്ചയുടെ കവാടം എന്നറിയപ്പെടുന്ന വലിയ നോമ്പിന്റെ നാല്പതു ദിനങ്ങൾ പിന്നിടുന്ന നാല്പതാം വെള്ളി പ്രാധാന്യത്തോടെ

ആചരിക്കുന്ന പാരമ്പര്യം കേരളസഭയിലുണ്ടായിരുന്നു. ചെറുപുഴ, തോമാപുരം, മേരിഗിരി ഫൊറോനാകളുടെ പ്രത്യേക പങ്കാളിത്ത ത്തോടെ കഴിഞ്ഞ വർഷം നമ്മൾ ആരംഭിച്ച നാല്പതാം വെള്ളി തീർഥാടനം ഈ വർഷവും സംഘടിപ്പിക്കുകയാണ്. 2026 മാർച്ച് 27 വെള്ളിയാഴ്ചയാണ് ഈ വർഷത്തെ നാല്പതാം വെള്ളി. അന്നേദി വസം മേരിഗിരി ഫൊറോനായിലെ തീർഥാടകർ പെരിങ്ങാലയിൽ സമ്മേളിച്ച് കുരിശിന്റെ വഴി ചൊല്ലി കാൽനടയായി ചെറുപുഴയിൽ വൈകുന്നേരം 5.45 ന് എത്തിച്ചേരും വിധത്തിലും തോമാപുരം, പുളിങ്ങോം ഭാഗത്തുനിന്നുള്ള തീർഥാടകർ വൈകുന്നേരം 5.45 ന് ചെറുപുഴ ടൗണിൽ എത്തിച്ചേരുംവിധത്തിലുമാണ് തീർഥാടനം ക്രമീ കരിച്ചിരിക്കുന്നത്. ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാല യങ്കണത്തിൽ വൈകുന്നേരം 7 മണിക്ക് എത്തിച്ചേർന്ന് വി. കുരിശിന്റെ വണക്കത്തിനും സന്ദേശത്തിനും ശേഷമായിരിക്കും തീർഥാടനം അവ സാനിക്കുക. മലയോരത്തെ പ്രധാനപട്ടണമായ ചെറുപുഴയിലൂടെ നമ്മുടെ രക്ഷയുടെ അടയാളമായ വി. കുരിശും വഹിച്ചുകൊണ്ടുള്ള തീർഥാടനം വലിയ സാക്ഷ്യത്തിന്റെ അവസരമാണ്. പരമാവധി ആളു കളെ നാല്പതാം വെള്ളി തീർഥാടനത്തിൽ പങ്കെടുപ്പിക്കുവാൻ പരി ശ്രമിക്കുമല്ലോ.

**8. അഭിനന്ദനങ്ങൾ**

കെ.സി.ബി.സിയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയു ക്തമായി കേരളത്തിലെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസികൾക്കായി ഏർപ്പെടുത്തിയ *ബെസ്റ്റ് ഔട്ട്സ്റ്റാന്റിംഗ് പെർഫോമൻസ്* അവാർഡ് ഈ വർഷം തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസിയാണ് സ്വന്ത മാക്കിയത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന നമ്മുടെ അതിരൂപത യിലെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്കു ലഭിച്ച അംഗീകാരമാ ണിത്. കോർപ്പറേറ്റ് മാനേജർ ബഹു. സ്കറിയ വടശ്ശേരി അച്ചനും ബഹു. അധ്യാപകർക്കും അഭിനന്ദനങ്ങൾ.

**9. ആണ്ട്തിരട്ട് പൊതുയോഗം – ഏപ്രിൽ 12, 19**

ഈ വർഷത്തെ ആണ്ട്തിരട്ട് പൊതുയോഗം എല്ലാ ഇടവകയിലും ഏപ്രിൽ 12 ഞായറാഴ്ചയോ ഏപ്രിൽ 19 ഞായറാഴ്ചയോ ചേരേണ്ട താണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്ക് വായിച്ചു പാസാ ക്കേണ്ടതും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടതും ഈ പൊതുയോഗത്തിലാണ്. കണക്കുകൾ സമയബന്ധിതമായി പൂർത്തി യാക്കി പൊതുയോഗത്തിൽ അവതരിപ്പിക്കണം. 2026 മെയ് 2–ാം തീയ തിക്ക് മുമ്പായി പൊതുയോഗതീരുമാനങ്ങൾ അതിരൂപതാ കച്ചേരി

യുടെ അംഗീകാരത്തിനായി സമർപ്പിക്കണം. 2026 മെയ് 3-ാം തീയതി ഞായറാഴ്ച പുതിയ കൈക്കാരന്മാർ ചുമതലയേൽക്കുന്നവിധം ക്രമീകരണങ്ങൾ നടത്തുകയും ചെയ്യണം.

**10. പള്ളികളിലെ കണക്കുകൾ ഓഡിറ്റിംഗിനായി തയ്യാറാക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ**

1. പള്ളികളിലെ കണക്കുകൾ ചെയ്യുവാൻ നമ്മൾ ഉപയോഗിക്കുന്ന *കോംറ്റെസ് സോഫ്റ്റ്‌വെയർ* വഴി കണക്കുകൾ രേഖപ്പെടുത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
2. മാസാവസാനം കമ്മറ്റിയിൽ തിരട്ടു വായിച്ച് പാസാക്കുമ്പോൾ *കോംറ്റെസ് സോഫ്റ്റ്‌വെയർ* നിന്ന് കമ്പ്യൂട്ടർ പ്രിന്റ് എടുത്ത് കമ്മറ്റി യോഗത്തിൽ അവതരിപ്പിച്ചാൽ മാത്രമേ കൃത്യമായി കണക്കുകൾ കമ്പ്യൂട്ടറിൽ അപ്ഡേറ്റ് ആകുകയുള്ളു.
3. ഓരോ മാസത്തെയും കണക്കുകൾ അടുത്ത് വരുന്ന മാസത്തിലെ മുപ്പതാം തീയതിക്ക് മുൻപ് പൂർത്തീകരിച്ചില്ലെങ്കിൽ അക്കൗണ്ട് ലോക്കാകും എന്ന് ഓർമ്മിപ്പിക്കുന്നു.
4. 10,000 രൂപയ്ക്ക് മുകളിലുള്ള തുകകളുടെ സാമ്പത്തിക ഇടപാടുകൾ ചെക്കിലൂടെ മാത്രമേ നടത്താവൂ.
5. ചെക്കുകൾ നൽകുമ്പോൾ ക്രോസ് ചെയ്ത് മാത്രം നൽകുക.
6. ലോൺ സ്വീകരിക്കുമ്പോൾ ഒരു വ്യക്തിയുടെ പക്കൽ നിന്നും 20,000 രൂപയിൽ താഴെ മാത്രമേ പണമായി സ്വീകരിക്കാൻ പാടുള്ളൂ. പല തവണകളായി ലോൺ സ്വീകരിക്കുകയാണെങ്കിൽ, ലോൺ നീക്കിയിരിപ്പ് 20,000 രൂപയിൽ കൂടുകയാണെങ്കിൽ, ചെക്ക് മുഖേന മാത്രമേ ലോൺ സ്വീകരിക്കാനും മടക്കി നല്കുവാനും പാടുള്ളു.
7. കൂലി ഇനങ്ങൾക്കും കോൺട്രാക്ടുകൾക്കും ഒറ്റത്തവണയായി നൽകുന്ന പണം 30,000 ൽ കൂടുതലോ, ഒരു സാമ്പത്തിക വർഷത്തിൽ മൊത്തമായി നൽകിയ പണം 1,00,000 ൽ കൂടുതലോ ആയാൽ, TDS നിർബന്ധമായും ശേഖരിച്ച് അടയ്ക്കേണ്ടതാണ്. വ്യക്തികൾക്കാണ് നൽകുന്നത്. എങ്കിൽ 1%വും, കമ്പനികൾക്കോ partnership firm കൾക്കോ ആണെങ്കിൽ 2% വും, പ്രൊഫണൽ ഫീസുകൾ (ഓഡിറ്റ് ഫീസ്, അഡ്വക്കേറ്റ് ഫീസ്, എഞ്ചിനീയേഴ്സ് കൺസൾട്ടേഷൻ ഫീസ്, etc) 30,000 രൂപയിൽ കൂടുകയാണെങ്കിൽ കൊടുക്കുന്ന തുകയിൽ നിന്നും 10% വും കിഴിവ് ചെയ്ത് സർക്കാരിലേക്ക് അടക്കേണ്ടതാണ്. ഒരു വർഷം 2,40,000 രൂപയിൽ അധികം വാടക കൊടുക്കേണ്ടിവരുമ്പോഴും TDS (10%) ബാധകമാണ്.

8. മേല്പറഞ്ഞതുപോലെ കിഴിവു ചെയ്തു വെക്കുന്ന TDS തുക അടുത്ത മാസം ഏഴാം തീയതിക്കുള്ളിൽ ബാങ്കുവഴി സർക്കാരി ലേക്ക് അടക്കേണ്ടതാണ്.
9. 25,000 രൂപയോ അതിൽ കൂടുതലോ സംഭാവന നൽകുന്നവരുടെ പാൻ/ആധാർ നമ്പറുകളും അഡ്രസ്സും വാങ്ങി സൂക്ഷിക്കേണ്ടതാണ്.
10. പള്ളികൾക്ക് (religious institutions) 2,00,000 രൂപയിൽ താഴെയുള്ള സംഭാവനകൾ പണമായി സ്വീകരിക്കാവുന്നതാണ്.
11. പള്ളികളിലെ ആസ്തികളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഒരു ഫയൽ ആയിട്ട് എങ്കിലും സൂക്ഷിക്കേണ്ടതാണ്.
12. പള്ളി വികാരിയുടെ പാൻ നമ്പറിലെ പേര്, നമ്പർ, ഫോൺ നമ്പർ, കൂടാതെ, കണക്കുകൾ സോഫ്റ്റ്‌വെയർ ചെയ്യുന്ന വ്യക്തിയുടെ പേരും ഫോൺ നമ്പറും, കോംപ്റ്റെസ് സോഫ്റ്റ് വെയറിൽ രേഖ പ്പെടുത്തേണ്ടതാണ്.

**11. കണക്കുകൾ ഓൺലൈനിൽ പൂർത്തിയാക്കാത്ത ഇടവകകൾ**

ചില ഇടവകകൾ മാസതിരട്ടുകൾ ഓൺലൈനായി സമർപ്പിക്കുന്നതായി കാണുന്നില്ല. 2026 ഏപ്രിൽ 04 ന് മുമ്പായി 2025-2026 സാമ്പത്തിക വർഷത്തെ മുഴുവൻ കണക്കുകളും ഓൺലൈനിൽ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള പള്ളികളുടെ കണക്കുകൾ ഏപ്രിൽ 4-ാം തീയതി സോഫ്റ്റ് വെയറിൽ ചെയ്തു തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ. 2026 ഏപ്രിൽ 5 ന് പള്ളികളുടെ കണക്ക് ലോക്ക് ചെയ്യപ്പെടും എന്ന് ഓർമ്മിപ്പിക്കുന്നു. നിശ്ചിത തീയതിക്കുശേഷം കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് ഓൺലൈനിൽ സമർപ്പിക്കുവാൻ സൗകര്യം ഉണ്ടായിരിക്കുകയില്ല.

**12. മിഷൻ വിഹിതം**

പഞ്ചാബ് മിഷനുവേണ്ടിയുള്ള ഇടവകകളുടെ വിഹിതം അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കാത്തവർ 2026 മാർച്ച് 15 നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**13. നിയമാവലിപ്രകാരം അതിരൂപതാ കേന്ദ്രത്തിൽ അടയ്ക്കാനുള്ള പിരിവുകൾ**

1. ദുഃഖവെള്ളി
2. മതബോധന ഞായർ - ജൂൺ ആദ്യ ഞായർ
3. ബൈബിൾ ഞായർ - ജൂൺ രണ്ടാം ഞായർ
4. പത്രോസിന്റെ കാശ് - ജൂൺ മൂന്നാം ഞായർ
5. സഭാദിനം - ജൂലൈ 3
6. യുവജന ഞായർ - ജൂലൈ 3 കഴിഞ്ഞു വരുന്ന ഞായർ

7. നീതി ഞായർ - ഓഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായർ
8. ജയിൽ മിനിസ്ട്രി - സെപ്റ്റംബർ ഒന്നാം ഞായർ
9. മിഷൻ ഞായർ - മിഷൻ ഞായറാഴ്ച
10. സമ്പർക്ക മാധ്യമദിനം - നവംബർ മൂന്നാം ഞായർ
11. കുടുംബദിനം - ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായർ
12. സീറോ മലബാർ മിഷൻ ഞായർ - ജനുവരി 6 കഴിഞ്ഞുവരുന്ന ഞായർ
13. മദ്യവിരുദ്ധദിനം - ജനുവരി അവസാനത്തെ ഞായർ
14. തിരുബാലസഖ്യം - ഫെബ്രുവരി 2-ാം ഞായർ
15. അതിരൂപതാ ജീവകാരുണ്യഫണ്ട് - മാർച്ച് 19 കഴിഞ്ഞുവരുന്ന ഞായർ
16. നോമ്പുകാലപ്പിരിവ് - നോമ്പുകാലത്തെ ഏതെങ്കിലുമൊരു ഞായർ
17. സെമിനാരി ഫണ്ട് - ഓശാന ഞായർ

ദയവായി പ്രസ്തുത പിരിവുകൾ Other Fund Collections എന്ന ഹെഡിൽ മാത്രം രേഖപ്പെടുത്തുക. സൺഡേ കളക്ഷൻ എന്ന ഹെഡിൽ രേഖപ്പെടുത്തരുത് എന്ന കാര്യം ഓർമ്മിക്കുമല്ലോ.

- 2025 വർഷത്തെ പിപിഎഫ്ലേക്കുള്ള ഇടവകാ വിഹിതവും വ്യക്തി വിഹിതവും കുടിശ്ശിക ഉണ്ടെങ്കിൽ അതും തീർത്തടക്കുമല്ലോ. വ്യക്തിവിഹിതം 10,000 രൂപയും ഇടവകവിഹിതം ബഹു. വൈദികരുടെ അലവൻസിനെ അടിസ്ഥാനപ്പെടുത്തി ഇടവകകളുടെ ഗ്രേഡ് അനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന പോലെയും ആയിരിക്കും.

  A+ = 3.5 x അലവൻസ്
  A = 3x അലവൻസ്
  B = 2.5 x അലവൻസ്
  C = 1.5 x അലവൻസ്
  D = 1 x അലവൻസ്

**14. പാരീഷ് കൗൺസിൽ, കോ-ഓർഡിനേറ്റർമാരുടെ തിരഞ്ഞെടുപ്പ്**

2026 ജനുവരി മാസത്തിലെ ഗിരിദീപത്തിൽ അറിയിച്ചിരുന്നതനുസരിച്ച് അടുത്ത മൂന്നുവർഷത്തേക്കുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആരംഭിച്ചു എന്നു കരുതട്ടെ. പുതിയ പാരീഷ് കൗൺസിൽ ഇടവകയിൽ നിലവിൽ വരുന്നതിനോടൊപ്പം ഇടവകയിലെ കോ-ഓർഡിനേറ്ററേയും തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

a) പുതുതായി രൂപപ്പെടുന്ന പാരീഷ് കൗൺസിലിൽ നിന്നും കോ-ഓർഡിനേറ്ററേയും പാരീഷ് കൗൺസിൽ സെക്രട്ടറിയെയും തിരഞ്ഞെടുക്കണം. നിലവിലുള്ള എല്ലാ ഇടവക കോ-ഓർഡിനേറ്റർമാരുടെയും (മൂന്നുവർഷം പൂർത്തിയാകാത്തവരുൾപ്പെടെ) കാലാ

വധി 2026 മാർച്ച് 31 ന് അവസാനിക്കും.

b) പാരീഷ് കൗൺസിൽ നിർദ്ദേശിക്കുന്ന മൂന്നംഗങ്ങൾ അടങ്ങിയ പാനലിൽനിന്നും ഇടവക വികാരിക്ക് ഒരാളെ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കാവുന്നതാണ് (Ref. തലശ്ശേരി അതിരൂപതാ നിയമാവലി പേജ് 160)

c) കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി പാരീഷ് കൗൺസിൽ അംഗമായിരിക്കണം. 21 വയസ്സിൽ കുറയാത്ത ആളും വിശ്വസ്തതനും സത്യസന്ധനും കാര്യപ്രാപ്തനും, സേവനസന്നദ്ധനും മറ്റ് അയോഗ്യതകൾ ഇല്ലാത്ത വ്യക്തിയുമായിരിക്കണം (Ref. തലശ്ശേരി അതിരൂപതാ നിയമാവലി പേജ് 176)

d) പാരീഷ് കൗൺസിലിന്റെ കാലാവധിയാണ് കോ-ഓർഡിനേറ്ററുടേയും കാലാവധി.

e) പാരീഷ് അക്കൗണ്ടന്റും ദൈവാലയ ശുശ്രൂഷിയും അതിരൂപതാ നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യക്തികളും കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെടരുത്.

f) പാരീഷ് കൗൺസിലിലെ വനിതാപ്രാതിനിധ്യം മൂന്നിലൊന്നിൽ കുറയാൻ പാടില്ല.

g) കെ.സി.വൈ.എം, മാതൃവേദി, എ.കെ.സി.സി. ഇൻഫാം, മദ്യവിരുദ്ധ സമിതി, ഡി.എഫ്.സി., ടി.എസ്.എസ്.എസ് എന്നീ സംഘടനകളുടെ ഓരോ പ്രതിനിധിയെ വീതം എല്ലാ കുടുംബക്കൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കണം. ഈ പ്രതിനിധികൾകൂടി ഉൾപ്പെടുന്ന ജനറൽ ബോഡിയിൽ നിന്നാണ് ഇടവകാതല സംഘടനാ പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്.

2026 മാർച്ച് 31 നു മുമ്പായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണം. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2026 ഏപ്രിൽ 5-ാം തീയതി ഞായറാഴ്ചയോ തലേന്ന് ശനിയാഴ്ചയോ നടത്തേണ്ടതാണ്. പാരീഷ് കൗൺസിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ 2026 ജനുവരി മാസത്തിലെ ഗിരിദീപത്തിൽ നല്കിയ വിജ്ഞാപനത്തിൽ നിന്നും മനസ്സിലാക്കുമല്ലോ.

**15. ആദരാഞ്ജലികൾ**

**1. ശ്രീ. മാത്യു മഞ്ചപ്പള്ളിൽ (71) :** ബഹു. ജോസ് മഞ്ചപ്പള്ളിൽ അച്ചന്റെ പ്രിയ സഹോദരൻ ശ്രീ. മാത്യു മഞ്ചപ്പള്ളിൽ 2026 ജനുവരി 28 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2026 ജനുവരി 30 ന് കാഞ്ഞിരപ്പള്ളി രൂപതയിലെ ആനിക്കാട് സെന്റ് സെബാസ്റ്റ്യൻ ദൈവാ

ലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോസച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**2. റവ. സി. മേഴ്സിൻ എഫ്.സി.സി. (71)**



ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. മേഴ്സിൻ എഫ്.സി.സി. 2026 ഫെബ്രുവരി 09 ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2026 ഫെബ്രുവരി 10 ന് കുന്നോത്ത് നോവിഷ്യേറ്റ് ഭവനത്തിലുള്ള സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. കുന്നോത്ത്, ചുങ്കത്തറ, കൽപ്പറ്റ, കാഞ്ഞിരടുക്കം, മലാപ്പറമ്പ, കരിങ്കത്താണി, ചെമ്പേരി, പുഷ്പഗിരി, വിമലശ്ശേരി, കണ്ണൂർ, കാലിച്ചാനടുക്കം, ജഡ്ക്കൽ, നാട്ടക്കൽ, പെർള, ഉദയപുരം, നടുവിൽ എന്നീ മഠങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**3. ശ്രീ. ബെന്നി വർഗ്ഗീസ് പുത്തൻപുരയ്ക്കൽ (52) :** ബഹു. സേവ്യർ പുത്തൻപുരയ്ക്കൽ (സീനി.) അച്ചന്റെ പ്രിയപ്പെട്ട സഹോദരൻ ശ്രീ. ബെന്നി വർഗ്ഗീസ് പുത്തൻപുരയ്ക്കൽ 2026 ഫെബ്രുവരി 23 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഫെബ്രുവരി 23 ന് രാജാക്കാട് ക്രിസ്തുരാജാ ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സേവ്യർ അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാകുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**16. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. റവ. ഫാ. തോമസ് അരീക്കാട്ട് | - | 02-03-2022 |
| 2. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ | - | 03-03-1968 |
| 3. മോൺ. മാത്യു എം. ചാലിൽ | - | 05-03-2023 |
| 4. റവ. ഫാ. ഫ്രാൻസീസ് വാളായിൽ | - | 10-03-2003 |
| 5. റവ. ഫാ. വർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ | - | 13-03-1987 |
| 6. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി | - | 17-03-1991 |
| 7. റവ. ഫാ. ജോർജ് പരുത്തിപ്പാറ | - | 24-03-2011 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ വെള്ളരിക്കുണ്ട്

തലശ്ശേരി അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിനൊരുക്കമായി 2026 ജനുവരി 30, 31, ഫെബ്രുവരി 1, 2, 3 തീയതികളിലായി വൈകുന്നേരം 4 മണി മുതൽ രാത്രി 9.30 വരെ വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോനാ ദൈവാലയ അങ്കണത്തിൽ വച്ച് അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ നടത്തപ്പെട്ടു. സുപ്രസിദ്ധ വചന പ്രഘോഷകനും അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടറുമായ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചനാണ് കൺവെൻഷന് നേതൃത്വം നല്കിയത്. 40-ഓളം ശുശ്രൂഷകരാണ് മധ്യസ്ഥ പ്രാർഥന, സ്പരിചൽ ഷെയറിംഗ് എന്നിവയ്ക്കു നേതൃത്വം നല്കിയത്. സമാപനദിനം ഏഴായിരത്തോളം ആളുകൾ കൺവെൻഷനിൽ പങ്കെടുത്തു. കൺവെൻഷൻ ദിനങ്ങൾ ആത്മീയ ഉണർവിന്റെയും ദൈവാനുഗ്രഹത്തിന്റെയും ദിനങ്ങളായിരുന്നു.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദിവ്യബലിയർപ്പിച്ച് ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോർജ് വലിയമറ്റം പിതാവും കൺവെൻഷൻ ദിനങ്ങളിൽ ദിവ്യബലിയർപ്പിച്ചു. അനേകായിരങ്ങൾ ഓരോ ദിവസവും വചനം കേൾക്കാൻ വെള്ളരിക്കുണ്ടിലേക്കെത്തിയിരുന്നു. ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും സമാപനദിനത്തിൽ ഹൃദയസ്പർശിയായ സന്ദേശം നൽകുകയും ചെയ്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ നന്ദിയോടെ ഓർമ്മിക്കുന്നു. കൺവെൻഷൻ വിജയകരമാക്കുവാൻ കഠിനാധ്വാനം ചെയ്ത ബഹു. വൈദികരെ നന്ദിയോടെ അനുസ്മരിക്കുന്നു. മാലോം ഫൊറോനാ വികാരി ബഹു. ജോസഫ് തൈക്കുന്നുംപുറം അച്ചനെയും തോമാപുരം ഫൊറോനാ വികാരി ബഹു. മാണി മേൽവെട്ടം അച്ചനെയും കാഞ്ഞങ്ങാട് ഫൊറോനാ വികാരി ബഹു. ജോർജ് കളപ്പുരഅച്ചനെയും പനത്തടി ഫൊറോനാ വികാരി ബഹു. ജോസഫ് പൂവത്തോലിൽ അച്ചനെയും കാസർഗോഡ് ഫൊറോനാ വികാരി ബഹു. ജോർജ് വള്ളിമല അച്ചനെയും ഈ ഫൊറോനാകളിലെ ബഹു. വൈദികരെയും നന്ദിയോടെ ഓർക്കുന്നു.

വെള്ളരിക്കുണ്ടിൽ ബൈബിൾ കൺവെൻഷനു വേണ്ട മുഴുവൻ ക്രമീകരണങ്ങളും ചെയ്ത ഫൊറോനാ വികാരി ബഹു. ജോൺസൺ അന്ത്യാംകുളം അച്ചനും വെള്ളിക്കുണ്ട് ഫൊറോനായിലെ ബഹു. വൈദികർക്കും നന്ദി അറിയിക്കുന്നു. ബഹു. ജോൺസണച്ചന്റെ കഠിനാധ്വാനവും സംഘാടകപാടവവും കൺവെൻഷന്റെ വിജയത്തിനു കാരണമായി. കൊച്ചച്ചൻ ബഹു. ജെറിൻ കുഴിപറമ്പിൽ CST അച്ചനെയും വെള്ളരിക്കുണ്ടിലെ ദൈവജനത്തെയും പ്രത്യേകിച്ച് കൈക്കാരന്മാർ, കോർഡിനേറ്റർ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവരെയും നന്ദിയോടെ ഓർമിക്കുന്നു. കൺവെൻഷൻ വിജയത്തിനായി മധ്യസ്ഥപ്രാർഥനക്കു നേതൃത്വം നല്കിയ കാസർഗോഡ് സോണിലെ കരിസ്മാറ്റിക് പ്രാർഥനാഗ്രൂപ്പ് അംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ബൈബിൾ കൺവെൻഷന്റെ കൺവീനറായി പ്രവർത്തിച്ചത് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനാണ്. അച്ചന്റെ കഠിനാധ്വാനവും സംഘാടകവൈഭവവും കൺവെൻഷൻ കുറ്റമറ്റവിധം ക്രമീകരിക്കുവാൻ സഹായകമായി. മോൺ. ആന്റണി മുതുകുന്നേലച്ചന് ഹൃദ്യമായ നന്ദി. വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെയും മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചനെയും അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വൈദികക്ഷേമം

**A. റീജിയണൽ വൈദികസംഗമങ്ങൾ**

2026 ജനുവരി 20, 27, ഫെബ്രുവരി 3, 11 തീയതികളിലായി യഥാക്രമം ഇരിട്ടി, ചെമ്പേരി, ചെറുപുഴ, കാസർഗോഡ് റീജിയണുകളിലെ ബഹു. വൈദികരുടെ സംഗമങ്ങൾ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ നടന്നു. ഉല്ലാസയാത്രയോടെ നടത്തിയ റീജിയണൽ വൈദിക സംഗമങ്ങൾ ഹൃദ്യമായ അനുഭവമായിരുന്നു. വൈദിക കൂട്ടായ്മയുടെ ഊഷമളതയും സൗഹൃദവും ബഹു. വൈദികർ ആവോളം ആസ്വദിച്ച കൂടിവരവുകളായിരുന്നു ഓരോ സംഗമങ്ങളും. അജപാലനപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ സഹായകമാകുന്ന കർമ്മപദ്ധതികളെക്കുറിച്ചുള്ള ചർച്ചയും വിനോദപരിപാടികളും ഉൾപ്പെടുത്തി ബോട്ടിൽ നടത്തിയ വൈദികസമ്മേളനങ്ങൾ ഏറെ ഹൃദ്യമായിരുന്നു. നാല് സംഗമങ്ങളിലായി 229 വൈദികർ പങ്കെടുത്തു. സമുദായ ശക്തീകരണവർഷം തലശ്ശേരി അതിരൂപതയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും മറ്റ് അജപാലന വിഷയങ്ങളെക്കുറിച്ചുള്ള തീരുമാനങ്ങളെടുക്കുവാനും ഈ സംഗമങ്ങളിലൂടെ സാധിച്ചു.

ഈ സംഗമങ്ങളുടെ വിജയത്തിനായി സഹകരിച്ച ഏവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. റീജിയണൽ വൈദിക സംഗമങ്ങൾക്ക് അധ്യക്ഷത വഹിക്കുകയും പ്രോത്സാഹനം നൽകുകയും പ്രചോദനം നൽകുകയും ചെയ്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും നേതൃത്വം നൽകിയ ബഹു. ജനറാളച്ചന്മാർക്കും കൂരിയ അംഗങ്ങൾക്കും ഫൊറോനാ വികാരി അച്ചന്മാർക്കും എല്ലാ വൈദിക സഹോദരങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. വിനോദ പരിപാടികളുടെ വിസ്മയലോകം തീർത്ത ബഹു. ജോസഫ് വയലുങ്കൽ അച്ചനും ബഹു. ജോസഫ് റാത്തപ്പള്ളി അച്ചനും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**B. P.P.F**

1. മെഡിക്കൽ ബില്ലുകൾ രൂപത ഓഫീസിൽ സമർപ്പിക്കുമ്പോൾ ബില്ലുകളുടെ തീയതി ബില്ലിലെ തുക എന്നിവ എഴുതി ഒരു വെള്ള പേപ്പറിൽ ആകെ തുകയോടൊപ്പം നിങ്ങളുടെ പേര് വീട്ടുപേര് ഒപ്പ് എന്നിവ സഹിതം സമർപ്പിക്കണം.
2. പ്രസ്തുത പേപ്പറിൽ നിങ്ങളുടെ അക്കൗണ്ട് നമ്പർ കൃത്യതയോടു കൂടെ രേഖപ്പെടുത്തണം എല്ലാ തുകകളും ബാങ്ക് വഴി മാത്രമാണ് നൽകുക.
3. 2025 വരെയുള്ള ഇടവകാവിഹിതവും വ്യക്തിവിഹിതവും കുടിശ്ശികയായി നിലവിലുള്ളവർ ഈ മാർച്ച് മാസം 31 തീയതിക്കുള്ളിൽ അടച്ച് തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ.
4. 2026 മാർച്ച് മാസത്തിൽ നിലവിലുള്ള ഇൻഷുറൻസ് പോളിസികൾ അവസാനിക്കുന്നതാണ് ഈ പോളിസിയിൽ തുടരുവാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത പോളിസി ഇനിമുതൽ സ്വയം പുതുക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# സെമിനാരി വാർത്തകൾ

**1. അവധിക്കാല ധ്യാനങ്ങൾ, സേവനങ്ങൾ**

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ ആരംഭിക്കുന്നതാണ്. ഇടവകയിൽ കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ഇടവകയിലെ ആത്മസ്ഥിതി തയ്യാറാക്കൽ തുടങ്ങിയ ശുശ്രൂഷകൾ ചെയ്യുവാൻ ബ്രദേഴ്സ് അവധിക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**2. ഉപകാരികളുടെ കൂട്ടാമയ്മ & നവവൈദികരുടെ സംഗമം**

തലശ്ശേരി അതിരൂപതക്കുവേണ്ടി ഈ വർഷം അഭിക്ഷിക്തരായ നവവൈദികരുടെ സംഗമവും നമ്മുടെ മൈനർ സെമിനാരിയെ ആത്മീയവും, സാമ്പത്തികമായും സഹായിക്കുന്ന ഉപകാരികളുടെ കൂട്ടായ്മയും ജനുവരി മാസം 26-ാം തീയതി തിങ്കളാഴ്ച മൈനർ സെമിനാരിയിൽ വച്ചു സംഘടിപ്പിച്ചു. ഈ കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതക്കുവേണ്ടി ഉപകാരികൾ ത്യാഗപൂർവ്വം ചെയ്യുന്ന ശുശ്രൂഷയ്ക്ക് നന്ദി അർപ്പിച്ചു.

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെമ്മോറിയൽ പ്രസംഗമത്സരവും ബാസ്ക്കറ്റ്ബോൾ മത്സരവും**

മലബാറിലെ മൈനർ സെമിനാരികളിൽ നിന്നായി നൂറോളം വൈദികാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. പ്രസംഗമത്സരത്തിൽ മാനന്തവാടി സെമിനാരി ഒന്നാം സ്ഥാനം നേടിയപ്പോൾ പരിയാരം മൈനർ സെമിനാരി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ മാനന്തവാടി സെമിനാരി ഒന്നാംസ്ഥാനത്തിനും തലശ്ശേരി രണ്ടാം സ്ഥാനത്തിനും അർഹരായി.

**4. ഫാ. മനോജ് ഒറ്റപ്ലാക്കൽ മെമ്മോറിയൽ ബാസ്ക്കറ്റ്ബോൾ മത്സരം**

പ്രിയപ്പെട്ട മനോജ് അച്ചന്റെ ഓർമ്മയിൽ വൈദികർക്കുവേണ്ടി സംഘടിപ്പിച്ച ബാസക്കറ്റ്ബോൾ സൗഹൃദമത്സരത്തിൽ മാനന്തവാടി ഒന്നും തലശ്ശേരി രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. വാർഷികപരീക്ഷ I - XI – ഏപ്രിൽ 11 ശനിയാഴ്ച**

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നും ഉപപാഠപുസ്തകത്തിൽ നിന്നും മത ബോധന മണിക്കൂറിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**2. മാർക്ക് വിഭജനം**

**ക്ലാസ്സ് 1–3**

പാഠപുസ്തകം – 50 മാർക്ക്
ഉപപാഠം – 20 മാർക്ക്

**ക്ലാസ്സ് 4–11**

പാഠപുസ്തകം – 50 മാർക്ക്
ഉപപാഠം – 10 മാർക്ക്
നമസ്ക്കാരം – 05 മാർക്ക്
ജനറൽ ചോദ്യങ്ങൾ + മതബോധന മണിക്കൂർ – 05 മാർക്ക്

**3. ജനറൽ ചോദ്യങ്ങൾ**

ഈസ്റ്റർ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ, നമസ്ക്കാരങ്ങൾ, പ്രധാനാധ്യാപകരുടെയും വിശ്വാസപരിശീലകരുടെയും വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ ജനറൽ ചോദ്യങ്ങളും നമസ്ക്കാരങ്ങളും കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

**4. സ്കോളർഷിപ്പ് പരീക്ഷ**

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▶ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി **ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തരപേപ്പറുകൾ ഏപ്രിൽ 16 വ്യാഴാഴ്ചക്കുള്ളിൽ** വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▶ അതി

രൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

**5. ഡിപ്ലോമ പുനർമൂല്യനിർണ്ണയം - സേ പരീക്ഷ**

ഡിപ്ലോമ പരീക്ഷാഫലം മാർച്ച് 19 വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തുന്നതാണ്. ഉത്തരപേപ്പർ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 1 ബുധനാഴ്ച ആയിരിക്കും. സേ-പരീക്ഷ ഏപ്രിൽ 11 ശനിയാഴ്ച അതാത് ഫൊറോന സെന്ററുകളിൽവച്ച് നടത്തുന്നതാണ്. രോഗം മൂലമോ മറ്റേതെങ്കിലും ഗൗരവമായ കാരണങ്ങളാലോ ജനുവരി 26-ന് നടത്തിയ പരീക്ഷ എഴുതാൻ സാധിക്കാതെപോയ കുട്ടികൾക്ക് 2026 ഏപ്രിൽ 11-ന് നടത്തുന്ന സേ പരീക്ഷയുടെ ദിവസം പരീക്ഷ എഴുതാവുന്നതാണ്.

**6. പരീക്ഷാ സൂപ്പർവൈസർമാർ**

ഏപ്രിൽ 11 ശനിയാഴ്ച നടക്കുന്ന ഈസ്റ്റർ പരീക്ഷയ്ക്കുള്ള സൂപ്പർവൈസർമാരെ ഫൊറോന പ്രസിഡണ്ടുമാർ തെരഞ്ഞെടുത്തയക്കുമല്ലോ.

**7. സ്റ്റാഫ് മീറ്റിംഗ്**

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. മാർച്ച് 8 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ് കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

**8. ASPCT പരീക്ഷ**

''ക്രൈസ്തവരും കേരള നവോത്ഥാനവും'' എന്ന പുസ്തകമാണ് ആസ്പെക്ട് പരീക്ഷയ്ക്കായി അധ്യാപകർ പഠിക്കേണ്ടത്. **മാർച്ച് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മണി മുതൽ 3 മണിവരെയായിരിക്കും** എഴുത്തുപരീക്ഷ. മോഡൽ ചോദ്യങ്ങൾ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷയ്ക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**9. സഭാവിജ്ഞാനീയ ക്വിസ്**

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 20 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്. ❖ ''ക്രൈസ്തവരും കേരള നവോത്ഥാനവും'' അധ്യായം 2 മുതൽ 7 വരെ ❖ സഭാപിതാക്കന്മാർ (മതബോധന മണിക്കൂർ) ❖ സീറോമലബാർ സഭയുടെ ചരിത്രം (ക്ലാസ്സ് XI ഉപപാഠം) ❖ സഭയെ സംബന്ധിച്ച പൊതു വിവരങ്ങൾ.

**നിർദ്ദേശങ്ങൾ:** ❖ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത്. ❖ 30 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.

**10. വിശ്വാസോത്സവം - ഏപ്രിൽ 06 മുതൽ 09 വരെ**

വിശ്വാസോത്സവം ഏപ്രിൽ 06 മുതൽ 09 വരെയാണ്. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 65 രൂപയാണ് നല്കേണ്ടത്.

a. **വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)**

മാർച്ച് 20 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ അതിരൂപതാതല പഠനശിബിരം തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്. ▶ ഓരോ ഫൊറോനയിൽ നിന്നും 7 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠന ശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ, പ്രധാനാധ്യപകരുടെ പ്രതിനിധി, 5 വിശ്വാസപരിശീലകർ). ▶ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയക്കണം. ▶ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

b. **വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 22 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▶ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 7 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗിന് നേതൃത്വം നല്കുന്നത്. ▶ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▶ മാർച്ച് 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

**11. വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. വിഷയം: സമുദായ ശക്തീകരണം

ആൽബത്തിൽ സമുദായ ശക്തീകരണത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

ശ്രദ്ധിക്കുക: ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 19-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 26-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**12. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണം**

സൺഡേ സ്കൂൾ വിശ്വാസോത്സവത്തോടനുബന്ധിച്ച് ഏപ്രിൽ 9-ാം തീയതിയാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 20-ാം ചരമവാർഷികം ആചരിക്കുകയും, നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

**13. അവധിക്കാല വേദപാഠം ഏപ്രിൽ 13-17**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 17-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 2000/- രൂപയായിരിക്കും.

**14. കാറ്റക്കിസം ക്ലാസ്സ് സമയം**

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1½ മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട് ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗാമുകൾ നടത്താൻ പാടില്ല.

**15. ഡിപ്ലോമ പരീക്ഷ ഉത്തരക്കടലാസ് മൂല്യനിർണയം**

2025-2026 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷയെഴുതിയ കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണയക്യാമ്പ് ഫെബ്രുവരി 6, 7, 8 തീയതികളിൽ നടത്തി. മൂല്യനിർണയ ക്യാമ്പിൽ 25 സിസ്റ്റേഴ്സ് പങ്കെടുത്തു. പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

**16. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം**

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം ഫെബ്രുവരി 21 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തി. സന്ദർശന റിപ്പോർട്ട് വിസിറ്റേഴ്സ് മീറ്റിംഗിൽ അവതരിപ്പിച്ചു.

**17. അതിരൂപതാ മതബോധന കമ്മിറ്റി**

2025–2026 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ **2026 ഫെബ്രുവരി 24–ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 1.30 മണി മുതൽ 4 മണി വരെ** സന്ദേശഭവനിൽ വച്ച് ചേർന്നു. സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോനാ പ്രസിഡന്റ് – സെക്രട്ടറിമാരും വിസിറ്റേഴ്സ് പ്രതിനിധികളും, അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും മതബോധന കമ്മിറ്റിയിൽ പങ്കെടുത്തു.

**18. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII–ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30–നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**19. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**20. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം

നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**21. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**22. റിട്ടയർമെന്റ്**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**3. ആദരാഞ്ജലികൾ**

തലശ്ശേരി കത്തിഡ്രൽ സൺഡേസ്കൂളിലെ പ്രധാനാധ്യാപകനായ ബൈജു പാമ്പാടിയിൽ സാറിന്റെ പിതാവായ മത്തായി പാമ്പാടിയിൽ, മണക്കടവ് സൺഡേസ്കൂൾ പ്രധാനാധ്യാപകനായ അഗസ്റ്റിൻ ഇടക്കരക്കണ്ടത്തിലിന്റെ മാതാവ് അന്നമ്മ ഇടക്കരക്കണ്ടത്തിൽ, പെരിങ്കരി സൺഡേസ്കൂൾ സൂസൻ തച്ചിലേട്ട് ടീച്ചറിന്റെ പിതാവ് തോമസ് തച്ചിലേട്ട്, ബളാൽ സണ്ഡേസ്കൂൾ പ്രധാനാധ്യാപകനായ ജോബി സാറിന്റെ പിതാവ് തോമസ് വെള്ളുകുന്നേൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ കാറ്റക്കെറ്റിക്കൽ അപ്പോസ്റ്റോലേറ്റിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**24. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ കാര്യപ്പള്ളി, ചെമ്പേരി, പരപ്പ, കിളിയന്തറ, എടൂർ, നെല്ലിക്കാംപൊയിൽ, അങ്ങാടിക്കടവ്, രണ്ടാംകടവ് എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ചെടിക്കുളം സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകാരം**

തലശ്ശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന് റോമിലെ Culture and Education Decastery യുടെ അംഗീകാരം ലഭിച്ചിരിക്കുന്നു. Alpha Higher Institute of Religious Science എന്നായിരിക്കും പുതിയ പേര്. Batchelor Degree in Religious Science (BRS) എന്ന മൂന്നുവർഷത്തെ റഗുലർ കോഴ്സിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. ധർമ്മാരാം വിദ്യാക്ഷേത്രത്തിനു (DVK) കീഴിലായിരിക്കും പുതിയ കോഴ്സിന്റെ പ്രവർത്തനം. അല്മായർക്കും സിസ്റ്റേഴ്സിനും വേണ്ടിയുള്ള ഈ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ടെലി ആൽഫാ സെന്റർ ഫോർ റിലിജിയസ് സയൻസ്**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിക്കൊണ്ടിരിക്കുന്ന ഓൺലൈൻ കോഴ്സുകൾ TELY-ALPHA CENTRE FOR RELIGIOUS SCIENCE എന്ന പേരിലായിരിക്കും വരുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ ശ്രദ്ധിക്കുമല്ലോ.

**Diploma in christian studies**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കീഴിൽ "Diploma in christian studies" എന്ന പേരിൽ ഒരു ഡിപ്ലോമ കോഴ്സിന് ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവാദം ലഭിച്ചിരിക്കുന്നു. 2026 ജൂൺ മാസത്തിൽ പുതിയ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിക്കാമെന്നു കരുതുന്നു. കേരള ഗവൺമെന്റെ അംഗീകാരത്തോടുകൂടിയ ഈ കോഴ്സ് മതാദ്ധ്യാപകർക്കും മറ്റും വളരെ ഉപകാരപ്രദമാകും.

**ബൈബിൾ പകർത്തിയെഴുത്ത്**

ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിൽ പങ്കെടുക്കുന്നവർ അവ എത്രയും വേഗം തലശ്ശേരി ബൈബിൾ അപ്പസ്റ്റൊലേറ്റ് ഓഫീസിൽ ഏൽപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ...

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ കൂടെ ആയിരിക്കേണ്ട ഈ നോമ്പുകാലഘട്ടത്തിൽ നമുക്ക് കൂടുതൽ ത്യാഗത്തോടും, വിശുദ്ധിയോടുംകൂടി ജീവിക്കാൻ പരിശ്രമിക്കാം. അതോടൊപ്പം ദൈവപിതാവിന്റെ അനന്തമായ സ്നേഹ ബഹുമാനങ്ങൾ ഏറ്റുവാങ്ങിയ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാളും ദൈവഹിതത്തിനുമുമ്പിൽ ആമ്മേൻ പറഞ്ഞ പരിശുദ്ധ അമ്മയുടെ മംഗളവാർത്ത തിരുനാളും ഈ മാസം നാം അനുസ്മരിക്കുമ്പോൾ സ്നേഹത്തിന്റെ പ്രേഷിതരാകാൻ ത്യാഗത്തോടെ ജീവിക്കാൻ ഈശോയുടെ സഹനത്തിൽ പങ്കുചേർന്ന് സേവനപാത പുണ്യമുള്ളതാക്കാൻ മിഷനറിമാരായ നിങ്ങൾക്കോരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

> അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
> അനുസ്മരിക്കുന്ന വിശുദ്ധർ : വി. യൗസേപ്പിതാവ്
> പ്രാർത്ഥനാനിയോഗം : പരീക്ഷ എഴുതുന്ന എല്ലാവർക്കും വേണ്ടി
> സുകൃതജപം : ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കണമെ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

8 ഞായർ : ലോക വനിതാദിനം
19 വ്യാഴം : വി. യൗസേപ്പിതാവിന്റെ തിരുനാൾ
29 ഞായർ : ഓശാന ഞായർ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, എം. റ്റി. സി. മേഖലാതല ക്യാമ്പുകൾ, പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

എല്ലാ ശാഖാ വൈസ്ഡയറക്ടേഴ്സിനും 2025 -2026 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക

റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽനിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2026 –27 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 6 മുതൽ 9 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽനിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

**5. എം റ്റി സി ക്യാമ്പ് :** എല്ലാ മേഖലകളിലും എംറ്റിസി ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 30 ന് മുൻപ് അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. അതിരൂപതാ എംറ്റിസി ക്യാമ്പ് ഏപ്രിൽ 15 –18 തീയതികളിൽ മാങ്ങോട് വച്ച് നടത്തുന്നതായിരിക്കും.

**6. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന**

ഈ വർഷം 10–ാംക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

**7. എയ്ഞ്ചൽസ് മീറ്റ് :** ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

**8. ക്രിസ്റ്റീൻ ധ്യാനം :** 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും കാറ്റക്കിസത്തിന്റെയും നേതൃത്വത്തിൽ ഏപ്രിൽ, മെയ്

മാസങ്ങളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. ക്രിസ്റ്റീൻ ധ്യാനം ആവശ്യമുള്ളവർ അതിരൂപത ഓഫീസുമായി ബന്ധപ്പെടുമല്ലോ. അതോടൊപ്പം 7-10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി മെയ് 21-23 തീയതികളിലായി മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. ആവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

**9. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**10. അവധിക്കാല നേതൃത്വ പരിശീലന ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി അവധിക്കാലത്ത് രണ്ടു സ്ഥലങ്ങളിലായി ദി ലീഡർ എന്ന പേരിൽ അവധിക്കാല നേതൃത്വപരിശീലന ക്യാമ്പ് നടത്തുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു ക്യാമ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**11. മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2026-27 വർഷത്തേക്കുള്ള മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മെയ് അവസാനത്തോടെയോ ജൂൺ ആദ്യആഴ്ചയോ നടത്തി ലിസ്റ്റ് അതിരൂപതയിൽ എത്തിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**12. മേഖലാ സന്ദർശനങ്ങൾ :** അതിരൂപതാ ഭാരവാഹികൾ എല്ലാ മേഖലകളും സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**13. വൈസ് ഡയറക്ടേഴ്സ് റീജിയണൽ സംഗമം**

ഫെബ്രു. 7, ഫെബ്രു. 14 തീയതികളിലായി നടത്തിയ വൈസ് ഡയറക്ടേഴ്സ് റീജിയണൽ സംഗമത്തിൽ കാഞ്ഞങ്ങാട്, ആലക്കോട്, ഇരിട്ടി, ചെമ്പേരി, റീജിയണുകളിലെ വൈസ്ഡയറക്ടേസ് പങ്കെടുത്തു.

**14. പെനുവേൽ - നേതൃത്വ പരിശീലന സെമിനാർ**

ഫെബ്രു. 7, ഫെബ്രു. 14 തീയതികളിലായി പെനുവേൽ എന്ന പേരിൽ നടത്തിയ കുട്ടികളുടെ നേതൃത്വപരിശീലന സെമിനാറിൽ കാഞ്ഞങ്ങാട്, ആലക്കോട്, ഇരിട്ടി, ചെമ്പേരി റീജിയണുകളിലെ കുട്ടികൾ പങ്കെടുത്തു.

**15. മേഖലാ കൗൺസിൽ വാർഷികം :** 22-2-2026 ന് ഞായറാഴ്ച പൈസക്കരി മേഖലയിൽ കൗൺസിൽ - വാർഷികത്തിൽ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ പങ്കെടുത്തു. ഇനിയും മേഖലാ കൗൺസിൽ - വാർഷികം നട

ത്താത്ത എല്ലാ മേഖലകളും ഉടനെ തന്നെ കൗൺസിൽ - വാർഷികം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**16. സെമിനാറുകൾ, ക്യാമ്പുകൾ**

- 08-2-26 ന് പുന്നക്കുന്ന് ശാഖയിലും 15-2-26 ന് പേരാവൂർ ശാഖയിലും ഷിജോ സ്രായിൽ സെമിനാർ നടത്തി.
- 22-02-2026 ന് ഏറ്റുപാറ ശാഖയിലെ കുട്ടികൾക്ക് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ സെമിനാർ എടുത്തു.

**ഫാ. ജോസഫ് വയലുങ്കൽ**

*ഡയറക്ടർ*

## തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

**പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും തപസിന്റെയും ചൈതന്യം കൊണ്ട് മനുഷ്യഹൃദയങ്ങളെ ദൈവിക വിശുദ്ധിയുടെ ചൈതന്യത്താൽ ചേർത്തുനിർത്തുന്ന ഒരു നോമ്പുകാലത്തിലൂടെ നാം കടന്നുപോകുമ്പോൾ നോമ്പിലെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച്** പ്രാർത്ഥിക്കുവാനും കൊച്ചുകൊച്ചു ത്യാഗപ്രവർത്തിയിലൂടെ ഈശോയുടെ സഹനത്തിൽ പങ്കുചേരാനും നമുക്ക് പരിശ്രമിക്കാം.

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. യൗസേപ്പിതാവ്
പ്രാർത്ഥനാനിയോഗം : പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി
സുകൃതജപം : നീതിമാനായ വി. യൗസേപ്പേ, നീതിയിൽ വളരാൻ എന്നെ സഹായിക്കണമേ.
വചനം : മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നുപുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് (മത്താ 4:4).
പ്രവൃത്തി : വി. യൗസേപ്പിതാവിനെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

8 ഞായർ : ലോക വനിതാദിനം

19 വ്യാഴം : വി. യൗസേപ്പിതാവിന്റെ തിരുനാൾ

29 ഞായർ : ഓശാന ഞായർ

**2. തിരുബാലസഖ്യദിനം**

അതിരൂപതാതല തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച ചെടിക്കുളം ശാഖയിൽ വച്ച് നടന്നു. അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി തിരുബാല സഖ്യദിനം ഉദ്ഘാടനം ചെയ്ത് കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ തിരുബാലസഖ്യദിന ത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത ജിന്റോ മൂന്നാനാൽ അച്ചന് സ്നേഹത്തോടെ നന്ദി അറിയിക്കുകയും ചെയ്തു.

**3. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**4. കാരുണ്യത്തിന്റെ കരം**

കൊച്ചുകൂട്ടുകാർ 50 നോമ്പിൽ കൊച്ചു കൊച്ചു ത്യാഗം ചെയ്ത് രൂപീകരിക്കുന്ന തുക ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ഉപയോഗിക്കുമല്ലോ.

**7. ഈശോയെപ്പോലെ വളരാം... വലുതാകാം.**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2026-2027 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം കാറ്റക്കിസം ഓഫീസിൽ നിന്നു ഹെഡ്മാസ്റ്റർക്കു തരുന്ന ഫോമിൽ പൂരിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് വയലുങ്കൽ**

*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

''നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെടാൻവേണ്ടി, നിന്റെ ജീവിതകാലമത്രയും നിന്നെ സംതൃപ്തനാക്കുന്നു" (സങ്കീ 103:5).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**യൂണിറ്റുകൾ / മേഖലകൾ ശ്രദ്ധിക്കാൻ**

മാർച്ച് 08 - ലോകവനിതാദിനം

മാർച്ച് 19 - വി.യൗസേപ്പിതാവിന്റെ തിരുനാൾ

**ബെസ്റ്റ് ഫൊറോന അവാർഡ്**

2025 -26 സമിതിയുടെ ആറുമാസക്കാലത്തെ റിപ്പോർട്ടുകൾ പഠിച്ചതിനു ശേഷം ബെസ്റ്റ് ഫൊറോനാ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുകൾക്ക് അർഹരായ ഫൊറോനകൾക്ക് അഭിനന്ദനങ്ങൾ.

1. വായാട്ടുപറമ്പ്
2. മണിക്കടവ്
3. നെല്ലിക്കാംപൊയിൽ
4. കാസർഗോഡ്

**48 -ാം മത് കെസിവൈഎം സംസ്ഥാന വാർഷിക സെനറ്റ്**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ തലശ്ശേരി സാൻജോസ് മെട്രോപ്പൊളിറ്റൻ സ്കൂളിൽ വച്ചു നടന്ന കെസിവൈഎം 48 -ാം മത് സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ പ്രവർത്തന റിപ്പോർട്ട് കൗൺസിലർ ശ്രീ എഡ്വിൻ തെക്കേമുറി അവതരിപ്പിച്ചു. സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര, ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, വൈസ് ഡയറക്ടർ സി. ജോസ്ന റോസ്, ബിബിൻ പീടിയേക്കൽ, അഖിൽ നെല്ലിക്കൻ, സാൻജോസ് കളരിമുറിയിൽ, അപർണ്ണ കാഞ്ഞിരക്കാട്ടുകുന്നേൽ, ശ്രേയ ശ്രുതിനിലയം, സോന ചവണിയാങ്കൽ, അഞ്ജലി വരിക്കമാക്കൽ എന്നിവർ പങ്കെടുത്തു.

**34-ാം മത് കെസിവൈഎം അർദ്ധ വാർഷിക സെനറ്റ്**

തലശ്ശേരി അതിരൂപത കെസിവൈഎം 34-ാം മത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം വായാട്ടുപറമ്പ് ഫൊറോനയുടെ ആതിഥേയത്വ

ത്തിൽ കരുണാപുരത്തു വച്ച് നടത്തി. ഫെബ്രുവരി 22 ഞായറാഴ്ച്ച രാവിലെ 9 മണിക്ക് ആരംഭിച്ച സെനറ്റ് സമ്മേളനത്തിന് അതിരൂപത പ്രസിഡന്റ് ശ്രീ. അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. വായാട്ടുപറമ്പ് ഫൊറോന വികാരി വെരി. റവ. ഫാ. തോമസ് തെങ്ങുംപള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത സെക്രട്ടറി കുമാരി സോന ചവണിയാങ്കൽ സ്വാഗതവും ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ആമുഖപ്രഭാഷണവും കരുണാപുരം ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപത വൈസ് പ്രസിഡന്റ് കുമാരി ശ്രേയ ശ്രുതിനിലയം നന്ദി പറഞ്ഞു. 34-ാം മത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിന് വളരെ മനോഹരമായി ആതിഥേയത്വം വഹിച്ച വായാട്ടുപറമ്പ് ഫൊറോന പ്രസിഡന്റ് ശ്രീ. ബ്ലസൻ പുല്ലുവേലിലിനും ഫൊറോന ഡയറക്ടർ ഫാ. വർഗ്ഗീസ് വെട്ടിയാനിക്കും ഫൊറോന സമിതിക്കും കരുണാപുരം യൂണിറ്റിനും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

### പ്രമേയം അവതരിപ്പിച്ചു

കെസിവൈഎം എസ്എംവൈഎം 34-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. ക്രൈസ്തവ വിശ്വാസ സമൂഹത്തിന്റെ ആചാരങ്ങൾക്കും ആരാധന ജീവിതത്തിനും അതീവ പ്രാധാന്യമുള്ള ദിനമായ ഞായറാഴ്ച്ചകളിൽ കലോൽസവങ്ങൾ, കായിക മത്സരങ്ങൾ എന്നിവ നടത്തുന്നത് ആശങ്കാജനകമാണ് എന്ന വിഷയത്തെ സംബന്ധിച്ച് ചെമ്പേരി ഫൊറോന പ്രസിഡന്റ് ശ്രീ. ഡോൺ ഇലവുങ്കലും കേരളത്തിലെ ക്രൈസ്തവ വിശ്വാസികളുടെ അതീവ പ്രാധാന്യമുള്ള മതാചാര ദിനമായ ദുകാറാന തിരുനാൾ സർക്കാർ അവധി പ്രഖ്യാപിക്കാത്തത് ക്രൈസ്തവ സമൂഹത്തിന്റെ മതവിശ്വാസത്തോടുള്ള അനാദരവാണ് എന്ന വിഷയത്തെ സംബന്ധിച്ച് മേരിഗിരി ഫൊറോന പ്രസിഡന്റ് ശ്രീ. ജോബിൻ കുറിഞ്ഞിക്കാട്ടും പ്രമേയം അവതരിപ്പിച്ചു.

### സ്ത്രീധന വിരുദ്ധ പ്രതിജ്ഞയും പ്രതിഷേധ സദസ്സും

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ സ്ത്രീധന നിരോധന നിയമത്തിന്റെ വ്യവസ്ഥയിൽ മാറ്റം വരുത്തുവാൻ കേരള നിയമ പരിഷ്ക്കരണത്തിൽ പ്രതിഷേധിച്ച് 19 ഫൊറോന കേന്ദ്രങ്ങളിലും സ്ത്രീധന വിരുദ്ധ പ്രതിജ്ഞയും പ്രതിഷേധ സദസ്സും സംഘടിപ്പിച്ചു.

### ഹൃദയപൂർവ്വം നന്ദി

കാലത്തിനൊപ്പം കൈപിടിച്ച് നടത്തി യുവത്വത്തിന് ദിശ കാണിച്ച് കെസിവൈഎം എസ്എംവൈഎം യുവജന പ്രസ്ഥാനത്തെ നയിച്ച പ്രിയപ്പെട്ട ഡയറക്ടറച്ചൻമാർക്ക് ഫാ. വർഗ്ഗീസ് കുന്നത്ത് (പൈസക്കരി), ഫാ.

മാത്യു ചെബ്ലായിൽ (മേരിഗിരി), ഫാ. ജേക്കബ് പഞ്ഞിക്കുന്നേൽ (വെള്ളരിക്കുണ്ട്) - ഹൃദയപൂർവ്വം നന്ദി.

**യാത്രാമംഗളങ്ങൾ**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത 2025 - 26 സമിതി ചുമതലയേറ്റ നാൾ മുതൽ പ്രസ്ഥാനത്തെ അത്രമേൽ നെഞ്ചിലേറ്റി പ്രസ്ഥാനത്തിനുവേണ്ടി അഹോരാത്രം അധ്വാനിച്ച വാക്കുകൾക്കതീതമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച ജനറൽ സെക്രട്ടറി ശ്രീ. അമൽ പേഴുംകാട്ടിലിന് യാത്രാമംഗളങ്ങളും ഭാവിജീവിതത്തിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപത കെസിവൈഎം 34-ാം മത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽവച്ച് കെസിവൈഎം അതിരൂപത ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജിസ്മോൻ കുരീക്കാട്ടിലിന് അതിരൂപത യുവജനകുടുംബത്തിന്റെ അഭിവാദ്യങ്ങൾ.

എസ്എംവൈഎം ഗ്ലോബൽതല നിയമാവലി പരിഷ്ക്കരണ കമ്മിറ്റിയുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ അബിൻ വടക്കേക്കരക്ക് അഭിനന്ദനങ്ങൾ.

**പ്രതിഷേധം**

തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയെ അവഹേളിക്കാനായി സംഘടിത അജണ്ടയോടെ ബിഷപ്പ് ഹൗസ് പരിസരത്ത് രാത്രിയുടെ മറവിൽ സാമൂഹിക വിരുദ്ധർ നടത്തിയ പോസ്റ്റർ പ്രചാരണത്തിനെതിരെ കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ബിഷപ്പ് ഹൗസിന് മുന്നിൽ പ്രതിഷേധിച്ചു.

**സ്വാഗതം**

കെസിവൈഎം എസ്എംവൈഎം യുവജന പ്രസ്ഥാനങ്ങളെ പുതുമയോടെ നയിക്കാൻ നിയമിതരായ ഫാ. തോമസ് നടുവിലേക്കൂറ്റ്, ഫാ. ജോമി തൊട്ടിയിൽ, ഫാ. ജോസഫ് ചെല്ലങ്കോട്ട് എന്നിവർക്ക് തലശ്ശേരി അതിരൂപത യുവജനകുടുംബത്തിലേക്ക് സ്വാഗതം.

**ഐക്യദാർഢ്യ സദസ്സ്**

മാർച്ച് 13, 14 കണ്ണൂരിൽ വച്ചു നടക്കുന്ന കത്തോലിക്ക കോൺഗ്രസ്സ് സമുദായ ശക്തീകരണ സംഗമത്തിന് അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ ചാണാക്കുണ്ട് ടൗണിൽ ഐക്യദാർഢ്യ സദസ്സ് സംഘടിപ്പിച്ചു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

ദൈവത്തിലേക്ക് എത്ര വഴികളുണ്ട് എന്ന ചോദ്യത്തിന് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ നൽകിയ ക്ലാസിക്ക് മറുപടി 'എത്ര കോടി മനുഷ്യരുണ്ടോ, അത്രയും കോടി വഴികൾ' എന്നതാണ്. അവനവനിലേക്ക് ധ്യാനാത്മകമായി പ്രവേശിക്കാൻ വഴിയൊരുക്കുകയാണ് ഏതൊരു ആത്മീയ സാധനയും എത്തേണ്ട പക്വത. ഈ നോമ്പുകാലം നമ്മുടെ ഇന്ദ്രിയങ്ങളുടെ വാതിൽ, പ്രത്യേകിച്ച് കണ്ണാകുന്ന ആനവാതിൽ കൊട്ടിയടയ്ക്കാനുള്ള ക്ഷണമാവട്ടെ. സോഷ്യൽ മീഡിയയുടെ ബഹളം നിറഞ്ഞ ലോകത്തു നിന്നും സ്വജീവിതത്തിലേക്കും കുടുംബത്തിലെ മറ്റുള്ളവരുടെ ജീവിതങ്ങളിലേക്കും കടന്നുചെല്ലാൻ കഴിയുമ്പോൾ ക്രിസ്ത്രീയ മൂല്യങ്ങളെ ജീവിതത്തിലൂടെ പകർത്തിയെഴുതാൻ സാധിക്കുമ്പോൾ നാമെല്ലാം അകക്കാമ്പുള്ളവരായി തീരും.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

### 1. ഇടവക എക്സിക്യൂട്ടീവ്

വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരീഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ് (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

### 2. ഫൊറോന എക്സിക്യൂട്ടീവ്

ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറ

ക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ്**

സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**5. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഓൺലൈൻ ഫോം പൂരിപ്പിച്ച് അതിരൂപതാ ഓഫിസിലേക്ക് അയക്കുക.

j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഫെബ്രുവരി 2-4 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 120 പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| March | 05-07 | (Thusday - Saturday) | Padannakkad |
| March | 19-21 | (Thusday - Saturday) | Thalassery |
| April | 06-08 | (Monday - Wednesday) | Padannakkad |
| April | 23-25 | (Thusday - Saturday) | Thalassery |
| May | 14-16 | (Thusday - Saturday) | Padannakkad |

| | | | |
|---|---|---|---|
| June | 18-20 | (Thusday - Saturday) | Thalassery |
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### 1. മലർവാടി 2K26 (പൂന്തോട്ടമത്സരം)

അമ്മമാരുടെ കഴിവുകൾ വളർത്തുന്നതിനും വീടും പരിസരവും മനോഹതമായി സൂക്ഷിക്കാൻ പ്രോത്സാഹനം നൽകുന്നതിനുമായി അതിരൂപതാ മാതൃവേദി സംഘടിപ്പിച്ച **മലർവാടി 2K26** (പൂന്തോട്ട നിർമ്മാണ മത്സരത്തിൽ) നൂറ്കണക്കിന് അമ്മമാർ പങ്കെടുത്തു.യൂണിറ്റ് തലത്തിൽ വിജയികളായവരിൽ നിന്നും മേഖലാതല വിജയികളെ കണ്ടെത്തി,19 മേഖല വിജയികളിൽ നിന്നും അതിരൂപതാതല വിജയികളെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തീതുമാനിക്കുകയാണ് ചെയ്തത്. പങ്കെടുത്ത എല്ലാവർക്കും, വിജയികളായവർക്കും ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ.

**വിജയികളായവർ**

ഒന്നാം സ്ഥാനം - സിജി കോവൂർപുത്തൻപുരയക്കൽ - ഇടക്കോം യൂണിറ്റ്
രണ്ടാം സ്ഥാനം - ജെയ്നമ്മ പൂവ്വന്നിക്കുന്നേൽ - പുന്നക്കുന്ന് യൂണിറ്റ്
മൂന്നാം സ്ഥാനം - ത്രേസ്യാമ്മ മുട്ടത്തുപാറ - പാടിയോട്ടുചാൽ യൂണിറ്റ്
നാലാം സ്ഥാനം - മേഴ്സി അറയ്ക്കൽ - കരിക്കോട്ടക്കരി യൂണിറ്റ്
അഞ്ചാം സ്ഥാന - രജനി പ്ലാത്തോട്ടം - കാസർഗോഡ് യൂണിറ്റ്

### (c) പ്രചോദിനി 2k26

തലശ്ശേരി അതിരൂപത മാതൃവേദി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അതിരൂപതാ ടീം ചെമ്പേരി, പൈസക്കരി, കാസർഗോഡ്, കാഞ്ഞങ്ങാട്, പേരാവൂർ, മാലോം, തോമപുരം, ചെറുപുഴ, നെല്ലിക്കാംപൊയിൽ, മേരിഗിരി എന്നീ മേഖലകളിൽ സന്ദർശനം നടത്തി.അതിരൂപതാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, മേഖലയുടെ ഉത്തരവാദിത്തം വഹിക്കുന്ന രൂപതാ ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖലാ ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ, യൂണിറ്റു പ്രതിനിധികൾ എന്നിവർ ഈ മേഖല സന്ദർശനത്തിൽ പങ്കെടുത്തു. യൂണിറ്റ് മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉത

കുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ മേഖല കളും നല്ല സഹകരണം കാഴ്ച്ചവെച്ചു.

**(d) സീറോ മലബാർ സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം**

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് പന ത്തടി, മേരിഗിരി മേഖലകളിൽ ഫെബ്രുവരി 14, 21 തീയതികളിലായി ജ്വാല പ്രോഗ്രാം നടത്തപ്പെട്ടു. പനത്തടി മേഖലയുടേത് പനത്തടി സെന്റ് ജോസഫ് ദേവാലയത്തിൽ വെച്ചും, മേരിഗിരി മേഖലയുടേത് എടക്കോം ഇൻഫന്റ് ജീസസ് ചർച്ചിൽ വച്ചും നടത്തി. പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കാസർഗോഡ് ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി റീന തോമസ് തുളിശ്ശേരിയിലും, മേരിഗിരി ഫൊറോന വികാരി റവ. ഫാ. അബ്രഹാം മഠത്തിമ്യാലിലും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. പനത്തടി മേഖല ഡയറക്ടർ റവ. ഫാ. ജോർജ് പഴേപറ മ്പിലും, ഇടക്കോം വികാരി റവ. ഫാ. ജോസഫ് പൗവ്വത്തും അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത ആനിമേറ്റർ, അതിരൂപത ഭാരവാഹികൾ, മേഖല ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 'അമ്മമാർ കൂട്ടായ്മയുടെ സംരക്ഷകർ' എന്നവിഷയത്തെ ആസ്പദമാക്കി അതിരൂപത ഡയറക്ടർ ക്ലാസ് എടുത്തു. തുടർന്ന് അമ്മമാരുടെ വിവിധങ്ങ ളായ കലാപരിപാടികളും ജ്വാല പ്രോഗ്രാമിന് മിഴിവേകി. വിവിധ മത്സരങ്ങ ളിൽ വിജയികൾ ആയവർക്ക് സമ്മാനങ്ങൾ നൽകി. യൂണിറ്റ് മേഖല ഭാര വാഹികളുടെ സജീവ സാനിധ്യം പ്രോഗ്രാമിനെ വിജയത്തിൽ എത്തിച്ചു.

**(e) പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം**

സീറോ മലബാർ സഭ 2026 സമുദായ ശക്തീകരണ വർഷമായി ആച രിക്കുമ്പോൾ അമ്മമാരെ കർമ്മോത്സുകരാക്കാനും ജീവകാരുണ്യ -സാമൂഹ്യ സേവനപ്രവർത്തനങ്ങളിലൂടെ സുവിശേഷമൂല്യങ്ങൾ പ്രസരിപ്പിക്കാൻ ശക്ത രാക്കുന്നതിനുമായി വിപുലമായ കർമ്മ പദ്ധതി തയ്യാറാക്കി തലശ്ശേരി അതി രൂപത മാതൃവേദി പ്രവർത്തന മാർഗ്ഗരേഖയുടെ പ്രകാശനം തളിപ്പറമ്പ് സെന്റ് മേരിസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി മാതൃവേദി അതിരൂപത വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സി വാതപ്പള്ളിക്ക് നൽകി നിർവഹിച്ചു.

**(f) കെ സി ബി സി വനിത കമ്മീഷൻ**

കെ.സി.ബി.സി വനിത കമ്മീഷൻ മലബാർ സോണിന്റെ നേതൃത്വത്തിൽ കോഴിക്കോട് നവ ജ്യോതി റിന്യൂവൽ സെന്ററിൽ വെച്ച് ജനുവരി 31 ന് നട ത്തിയ മീറ്റിംഗിൽ അതിരൂപത മാതൃവേദി ആനിമേറ്റർ വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, സെനറ്റ് മെമ്പർ എന്നിവർ സംബന്ധിച്ചു. കെ.സി.ബി.സി. വനിത കമ്മീഷന്റെ വാർഷിക പൊതുസമ്മേളനം ഫെബ്രുവരി 14 ന് പിഒസി പാലാരിവട്ടത്ത് വെച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിങ്ങിൽ അതിരൂപതയെ പ്രതിനിധീകരിച്ച് ശ്രീ. റെജിന തെക്കേപ്പറമ്പിൽ സംബന്ധിച്ചു.

**(g) 2026 മാർച്ച് മാസത്തെ മാർഗ്ഗരേഖ**

1 – യൗസേപ്പിതാവിന്റെ വണക്കമാസം തുടങ്ങുന്നു.

5-7 – MPC @ പടന്നക്കാട്.

8 – അന്താരാഷ്ട്ര വനിതാദിനം – സമുചിതമായി ആഘോഷിക്കുക.

12 – **കുന്നോത്ത്മേഖല സന്ദർശനം 10.00am, മണിക്കടവ് മേഖല സന്ദർശനം 01.30pm**

16 – **പനത്തടി മേഖല സന്ദർശനം 10.00am, വെള്ളരിക്കുണ്ട് മേഖല സന്ദർശനം 01.30pm.**

17 – മാർച്ച് 17 മുതൽ ഏപ്രിൽ 4 വരെ ഓരോ മേഖലയും ഓരോ ഈസ്റ്റർ സന്ദേശ പ്രോഗാം തയ്യാറാക്കി അയച്ചുതരുന്നു. ഈശോയുടെ പീഠാനുഭവ, മരണ, ഉത്ഥാന സ്മരണ ഉണർത്തുന്ന ഏത് പ്രോഗ്രാമും (സന്ദേശം, ഗാനം, നൃത്തം, സ്കിറ്റ്, കുരിശിന്റെ വഴി)അയച്ചുതരാവുന്നതാണ്. മേഖല ഭാരവാഹികൾ എല്ലാ പ്രസിഡന്റുമാരുമായി ആലോചിച്ച് ഏതെങ്കിലും ഒരു യൂണിറ്റിനെ പ്രോഗ്രാം ചുമതലപ്പെടുത്തുക. മേഖലയ്ക്ക് പ്രോഗ്രാമിന് തന്നിരിക്കുന്ന ദിനത്തിന്റെ തലേന്ന് വീഡിയോ അതിരൂപതാ ഡയറക്ടർക്ക് അയച്ചു നൽകുക (മാർഗ്ഗരേഖ പേജ് 25 കാണുക.)

19 – വി. യൗസേപ്പിതാവിന്റെ തിരുനാൾ മെത്രാപ്പോലീത്താക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ജോസഫ് നാമധാരികൾക്ക് ആശംസ നേരുന്നു.

19–21 – MPC @ തലശ്ശേരി.

20 – ലോക സന്തോഷദിനം – ഉചിതമായി ആചരിക്കുക.

25 – കെസിബിസി പ്രോലൈഫ് ദിനം – **നല്ല സമറായൻ സംഗമം.**

– മംഗലവാർത്തതിരുനാൾ – കർത്താവിന്റെ മാലാഖ എന്ന ത്രിസന്ധ്യാ ജപം ചൊല്ലുക. സന്തോഷത്തിന്റെ രഹസ്യം ചൊല്ലി കാഴ്ച്ചവയ്ക്കുന്നു. മൂന്ന് നിയോഗങ്ങൾ മാതാവിന് സമർപ്പിക്കുക.

27 – നാൽപതാം വെള്ളി – ആഘോഷമായ കുരിശിന്റെ വഴി നടത്തുക. അതിരൂപതാ കുരിശിന്റെ വഴിയിൽ പങ്കുചേരുക.

## IV. അമല പ്രോലൈഫ്

### a) പ്രോലൈഫ് ദ്വിദിന പ്രോഗ്രം

തലശ്ശേരി അതിരൂപത പ്രോലൈഫ് കോർ ടീം അംഗങ്ങൾ സന്ദേശഭവനിൽ ഒത്തുചേർന്ന് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ജപമാല ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി. ശ്രീ. ലോറൻസ് കടിക്കാട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.സ്വന്തം ജീവിതം മാത്രം നോക്കിയാൽ ജീവിതം ചെറുതാകും എന്നാൽ മറ്റുള്ളവരുടെ ജീവിതം കൂടെ നോക്കിയാൽ നമ്മുടെ ജീവിതം വലുതാകും എന്ന അച്ചന്റെ വാക്കുകൾ ഏറെ പ്രചോദനാത്മകമായിരുന്നു. പ്രോലൈഫ് ദിനാഘോഷത്തോടനുബന്ധിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചു. കെ.സി.ബി.സി പ്രോലൈഫ് സമിതി സെക്രട്ടറി ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി ഫെബ്രുവരി 13 ന് ചെമ്പേരി കരുണാലയത്തിൽ വച്ച് ആരാധന നടത്തി. സി. ലിന്റ ആരാധ നയ്ക്ക് നേതൃത്വം നല്കി. ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കരുണകൊന്ത എന്നിവയിലൂടെ അതിരൂപതയിലെ കുടുംബങ്ങളെ മുഴുവനും സമർപ്പിച്ച് പ്രാർത്ഥിച്ചു. 16 ഓളം പേർ ഈ ആരാധനയിൽ പങ്കെടുത്തു.

**V. സഖറിയാസ് കൺവെൻഷൻ**

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വ ത്തിൽ ക്രിസ്റ്റിൻ ടീമിനോട് ചേർന്ന് 60 വയസ്സിനു മുകളിൽ പ്രായമായവ രുടെ സ്നേഹസംഗമം രാമപുരം പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഡയറക്ട റച്ചൻ വി. ബലിയർപ്പിച്ച ക്ലാസുകൾക്ക് നേതൃത്വം നൽകി.
തുടർന്ന് മൂന്ന് ദിവസങ്ങളിലായി ടീം അംഗങ്ങൾ ക്ലാസുകളും, പ്രാർത്ഥ നയും, കൗൺസിലിംഗും മറ്റുമായി മുന്നോട്ടുപോയി. ഈ സ്നേഹം സംഗമ ത്തിൽ 170 പേർ പങ്കെടുത്തു.

**VI. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടു തൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
**Phone : 9400206974, 8078122191.**

**VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു.വ്യ ക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടാ യിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭി മുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടു ത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
**Phone : 9400206974, 8078122191**

**VIII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടി കൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**IX. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

തലശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ 2025 – 2026 അധ്യയന വർഷത്തെ വിവിധ അവാർഡുകൾ പ്രഖ്യാപിച്ചു.

**വ്യക്തിഗത അവാർഡുകൾ**

**മോൺ. തോമസ് പഴയപറമ്പിൽ Exemplary Award** :

ശ്രീ. സജീവ് സി.ഡി., പ്രിൻസിപ്പൽ
നിർമ്മല ഹയർ സെക്കന്ററി സ്കൂൾ ചെമ്പേരി

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡ് :**

ശ്രീ. ജോർജ് എം.ജെ., മുഖ്യാധ്യാപകൻ
സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കുന്നോത്ത്.

ശ്രീമതി ജെസി കുരുവിള, മുഖ്യാധ്യാപിക
സെന്റ് ജോസഫ്, യുപി സ്കൂൾ, അറബി.

ശ്രീമതി സുസമ്മ എൻ.എസ്. മുഖ്യാധ്യാപിക
മഞ്ഞളാംപുറം, യുപി സ്കൂൾ.

ശ്രീമതി മേരി എം.എം., മുഖ്യാധ്യാപിക
സെന്റ് അഗസ്റ്റിൻസ് എൽപി സ്കൂൾ, കോഴിച്ചാൽ.

**മികച്ച സ്കൂൾ അവാർഡുകൾ**

**എൽപി വിഭാഗം**: സെന്റ് തോമസ് എൽപിഎസ് തോമാപുരം
നിർമ്മലഗിരി എൽപിഎസ് വെള്ളരിക്കുണ്ട്
സെന്റ് സെബാസ്റ്റ്യൻസ് എൽപിഎസ് ചരൽ

**യുപി വിഭാഗം:** സെന്റ് ജോസഫ് യു.പി.എസ് കാരുള്ളടക്കം
ചെറുപുഷ്പ യുപിഎസ് ചന്ദനക്കാംപാറ
സെന്റ് ജോസഫ് യുപിഎസ് ജോസ്ഗിരി

**ഹൈസ്കൂൾ വിഭാഗം:** സെന്റ് തോമസ് ഹൈസ്കൂൾ മണിക്കടവ്
സെന്റ് ജൂഡ്സ് ഹൈസ്കൂൾ വെള്ളരിക്കുണ്ട്
സാന്തോം ഹൈസ്കൂൾ കൊളക്കാട്

**ഹയർ സെക്കൻഡറി വിഭാഗം**: സെന്റ് മേരീസ് എച്ച്എസ്എസ് എടൂർ
സെന്റ് തോമസ് എച്ച്എസ്എസ് മണിക്കടവ്
നിർമ്മല എച്ച്എസ്എസ് ചെമ്പേരി.

**മികച്ച പിടിഎ അവാർഡ്:** സെന്റ് ജോസഫ്സ് യുപിഎസ് കുന്നോത്ത്
സെന്റ് ജോൺസ് എച്ച്എസ്എസ് പാലാവയൽ
സെന്റ് തോമസ് എച്ച്എസ്എസ് തോമാപുരം

**ബെസ്റ്റ് പെർഫോമൻസ് അവാർഡ്**

**എൽപി വിഭാഗം:**

ശ്രീമതി നീതു കെ. വർഗീസ്, ക്രൈസ്റ്റനഗർ എൽപി സ്കൂൾ, എടക്കോം
ശ്രീ. സെബിൻ ടോം, നിർമ്മല യുപി സ്കൂൾ, ചെമ്പേരി
സിസ്റ്റർ ജൂലി ജോർജ്, ചെറുപുഷ്പം യുപി സ്കൂൾ, ചെമ്പന്തൊട്ടി
ശ്രീമതി ബിസ്മി ബേബി, ചെറുപുഷ്പ എൽപി സ്കൂൾ, ചന്ദനക്കാംപാറ

**യുപി വിഭാഗം:**

ശ്രീ. ശ്രീജിത്ത് കെ.വി., സെന്റ് ജോസഫ് യുപി സ്കൂൾ, അറബി
ശ്രീ. ബിജു ടി. തോമസ്, സെന്റ് ജോസഫ് യുപി സ്കൂൾ, വായട്ടുപറമ്പ്
ശ്രീമതി ലിജി സെബാസ്റ്റ്യൻ,
ജൂബിലി മെമ്മോറിയൽ യുപി സ്കൂൾ, പാത്തൻപാറ
ശ്രീമതി റീജ തോമസ്, സെന്റ് സെബാസ്റ്റ്യൻസ് യുപി സ്കൂൾ, കാപ്പാട്

**ഹൈസ്കൂൾ വിഭാഗം:**

ശ്രീ. അരുൺ പോൾ, ദേവമാതാ ഹൈസ്കൂൾ പൈസക്കരി
ശ്രീ. ആന്റോ തോമസ് പി. സെന്റ് തോമസ് ഹൈസ്കൂൾ മണിക്കടവ്
ശ്രീമതി ബിന്ദു പി. സാന്തോം ഹൈസ്കൂൾ കൊളക്കാട്
ശ്രീമതി ആശ ജോസ്, സേക്രഡ് ഹാർട്ട് ഹൈസ്കൂൾ അങ്ങാടിക്കടവ്

**ഹയർ സെക്കൻഡറി വിഭാഗം:**

ശ്രീ. സിജോം സി. ജോയ്, പ്രിൻസിപ്പൽ,
സെന്റ് തോമസ് എച്ച്എസ്എസ് തോമാപുരം
ശ്രീ. ഡെന്നി തോമസ്, എച്ച്എസ്എസ്ടി ഇംഗ്ലീഷ്,
സെന്റ് മേരീസ് എച്ച്എസ്എസ് എടൂർ
ശ്രീ. ജസ്റ്റിൻ അഗസ്റ്റിൻ, എച്ച്എസ്എസ്ടി കമ്പ്യൂട്ടർ
ആപ്ലിക്കേഷൻ, നിർമ്മല എച്ച്എസ്എസ് ചെമ്പേരി
ശ്രീമതി വിൻസി മോൾ തോമസ്, എച്ച്എസ്എസ്ടി കെമിസ്ട്രി,
സെന്റ് തോമസ് എച്ച്എസ്എസ് തോമാപുരം

**ടോക്കൺ ഓഫ് അപ്രീസിയേഷൻ:**

ശ്രീ. സജിമോൻ കെ.ജെ., ലാബ് അസിസ്റ്റന്റ്,
സെന്റ് ജോൺസ് എച്ച്എസ്എസ് പാലാവയൽ.
ശ്രീ. ടോമി പി.ജെ., കായിക അധ്യാപകൻ,
സെന്റ് തോമസ് ഹൈസ്കൂൾ മണിക്കടവ്.
ശ്രീ. ഷിജോ ലൂക്കോസ്, ക്ലർക്ക്,
സെന്റ് ജോസഫ്സ് ഹൈസ്കൂൾ വായട്ടുപറമ്പ്.

**അതിരൂപതാ കോർപ്പറേറ്റ് അവാർഡ് വിതരണവും യാത്രയയപ്പും**

തലശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ആഭിമുഖ്യത്തിൽ 2025 – 2026 വർഷത്തെ അവാർഡ് വിതരണവും വിരമിക്കുന്ന അധ്യാപകർക്കും അനധ്യാപകർക്കുമുള്ള യാത്രയയപ്പ് സമ്മേളനവും ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ നടന്നു.

തലശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ മികച്ച സേവനം കാഴ്ചവെച്ച അധ്യാപകർക്കും അനധ്യാപകർക്കും സ്കൂളുകൾക്കുമുള്ള അവാർഡുകൾ അദ്ദേഹം വിതരണം ചെയ്തു. ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും ചടങ്ങിൽ വെച്ച് നടന്നു.

അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച ചടങ്ങിൽ കോർപ്പറേറ്റ് മാനേജർ ഫാ. ഡോ. സോണി വടശേരിൽ സ്വാഗതം ആശംസിച്ചു. തളിപ്പറമ്പ് ഡി.ഇ.ഒ എസ്. വന്ദന ഉൾപ്പെടെയുള്ള പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. കെ.സി.ബി.സി അവാർഡ് ജേതാക്കളെയും ചടങ്ങിൽ പ്രത്യേകം ആദരിച്ചു.

**കെ.സി.ബി.സി.യും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി നൽകുന്ന 2025 – 2026 വർഷത്തെ അവാർഡിന് അർഹരായവർ**

Best Outstanding Unit:

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

Best Teachers Award: **ഹയർസെക്കന്ററി വിഭാഗം**

ശ്രീ. ഡോ. മെൻഡലിൻ മാത്യു, പ്രിൻസിപ്പാൾ,<br>സെന്റ് ജോൺസ് എച്ച്.എസ്.എസ്, പാലവയൽ

Out Standing Teachers Award: - **ഹൈസ്കൂൾ വിഭാഗം**

ശ്രീമതി സിസിലി ജോസഫ്, ഹെഡ്മിസ്ട്രസ്സ്,<br>സെന്റ് മേരീസ് എച്ച്.എസ്, എടൂർ

Out Standing School Award : **ഹയർസെക്കന്ററി വിഭാഗം**

സെന്റ് മേരീസ് എച്ച്.എസ്.എസ്, എടൂർ

**കരോൾഗാന മത്സരം**

രണ്ടാം സ്ഥാനം : ടീം സെന്റ് ജോസഫ്സ് യു.പി.എസ്, കുന്നോത്ത്

**ഉപന്യാസരചന**

മൂന്നാം സ്ഥാനം : ശ്രീമതി ആതിര സാഗർ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്, വെളിമാനം

**സമ്മാനാർഹരായവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.**

**ഫാ. സ്കറിയ വടശ്ശേരിൽ**<br>*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് (ക്രാഷ് കോഴ്സ്) 2026**

വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെയും സാൻജോസ് അക്കാദമിയുടെയും നേതൃത്വത്തിൽ NEET, KEAM, CET (കർണ്ണാടക നേഴ്സിംഗ് എൻട്രൻസ്) എന്നീ എൻട്രസ് എക്സാമിനായുള്ള കോച്ചിംങ്ങുകൾ (ക്രാഷ്കോഴ്സ്) വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ മാർച്ച് 29 മുതൽ ആരംഭിക്കുന്നു. റസിഡെൻഷ്യലായോ, Day-Scholar ആയോ പഠിക്കാവുന്നതാണ്. ക്രാഷ്കോഴ്സിൽ പങ്കെടുത്ത് ഉയർന്ന മാർക്ക് നേടുന്ന 5 കുട്ടികൾക്ക് വിമൽജ്യോതിയിൽ സൗജന്യ പഠനത്തിനുള്ള അവസരം ഉണ്ടായിരിക്കുതാണ്. സീറ്റുകൾ പരിമിതമാണ്. കുടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: 9846423448, 9400062919.

**2026–27 അധ്യായന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ**

1. പ്ലസ് വൺ പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് ബിടെക് പഠനം പൂർത്തിയാക്കാവുന്നതാണ്. +2 റിസൾട്ട് വന്നു കഴിഞ്ഞാൽ പിന്നെ അതായിരിക്കും പരിഗണിക്കുക. സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.

**2. KEAM RANK SCHOLARSHIP**

I. 1–8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ട്യൂഷൻ ഫീസ് സൗജന്യമായിരിക്കും.

II. 8001 – 20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം**

ഡിഗ്രിക്ക് 50 ശതമാനം മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85 ശതമാനം മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി  ജർമൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം (telc).**

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്.

ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | | |
|---|---|---|
| ENGINEERING | : | 8846423448, 7907231291 |
| MBA | : | 9400512240, 7012799277 |
| SANJOS ACADEMY | : | 8281750777, 8281730777 |

## PLACEMENT NEWS - FEBRUARY - 2026

- South Indian Bank -പ്രൊബേഷനറി ഓഫിസർ തസ്തികയിലേയ്ക്ക് നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ 100 ലധികം അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. Computer Science ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള AKSHYAJITH P.S എന്ന വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വാർഷിക ശമ്പളമായി 15 ലക്ഷം രൂപ വാഗ്ദാനം ചെയ്യുന്നു.
- മോഡുലാർ കിച്ചൻ ആന്റ് ഇന്റീരിയർ ഡിസൈനിംഗ് രംഗത്ത് പ്രവർത്തിക്കുന്ന LIVA KITCHEN & INTERIORS എന്ന കമ്പനി അവസാനവർഷ സിവിൽ എൻജിനിയറിംഗ്, ഡിസൈൻ എൻജീനിയറിംഗ് വിദ്യാർത്ഥികൾക്കായി നടത്തിയ റിക്രൂട്ട്മെന്റിലൂടെ 9 പേർക് ജോലി ലഭിച്ചു. പ്രതിമാസം 24,000/ രൂപ ശമ്പളം ലഭിക്കും. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ മാർച്ച് 2–ാം തീയതി മുതൽ മാർച്ച് 31–ാം തീയതി വരെ ഇൻന്റേൺഷിപ്പിനായി ജോയിൻ ചെയ്യണം. തുടർന്ന് UNIVERSITY EXAM പൂർത്തിയാക്കിയതിനുശേഷം മെയ് 4–ാം തീയതി മുതൽ Full-time ആയി ജോലിയിൽ പ്രവേശിക്കണമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.
- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന SOFTWARE DEVELOPMENT കമ്പനിയായ COOLMINDS TECHNOLOGIES PVT. LTD. എന്ന കമ്പനി ഫെബ്രുവരി 10–ാം തീയതി Selection Test (Coding) വിമൽ ജ്യോതിയിൽ വെച്ച് നടത്തുകയുണ്ടായി 100–ലധികം വിദ്യാർത്ഥികൾ പങ്കെടുത്ത പ്രാഥമിക റൗണ്ടിൽ 9 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ ഇന്റർവ്യൂ മാർച്ച് പകുതിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

- CAMPUS RECRUITMENT TRAINING രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ FACE PREP, ഫെബ്രുവരി മാസം 26-ാം തീയതി Campus Recruitment നായി എത്തുന്നു. TECHNICAL MENTOR തസ്തികയിലേയ്ക്കാണ് നിയമനം നടത്തുന്നത്. ഇരുപതിലധികം ഒഴിവുകൾ നിലവിലുണ്ട്. പ്രതിവർഷം 6 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- വിമൽജ്യോതി Placement Cell, CIEL HR Solutions (Mafoi Consultants) ആയി സഹകരിച്ച് അവസാന വർഷ വിദ്യാർത്ഥികൾക്കയി ഒരു VIRTUAL JOB FAIR മാർച്ച് 10-ാം തീയതി നടത്തുവാൻ ഉദ്ദേശിക്കുന്നു. ഏകദേശം 10 കമ്പനികൾ പങ്കെടുക്കുമെന്നും, അമ്പതിലധികം വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.
- TCS, ORBIT ENGINEERING, MAXVAL TECHNOLOGIES എന്നീ കമ്പനികൾ മാർച്ച് മാസത്തിൽ റിക്രൂട്ട്മെന്റിനായി വരുവാൻ സദ്ധത അറിയിച്ചിട്ടുണ്ട്.
- S4, S6, വിദ്യാർത്ഥികൾക്കായി AESTHTIX COCHIN എന്ന കമ്പനിയുമായി സഹകരിച്ച് 60 മണിക്കൂർ Placement Training January - February മാസങ്ങളിലായി നടത്തുകയുണ്ടായി. APTITUDE, SOFTSKILLS, CODING എന്നീ മേഖലകളിലാണ് Training നടത്തിയത്. വിദ്യാർത്ഥികളെ CAMPUS RECRUITMENT-നായി ഒരുക്കുന്നതിന്റെ ഭാഗമായി നടത്തുന്ന തീവ്ര പരിശീലന പരിപാടിയാണിത്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

മരിയൻ പിൽഗ്രിം മിനിസ്ട്രി തലശ്ശേരി അതിരൂപത വിശുദ്ധ നാട് തീർത്ഥാടനം 2026 ഏപ്രിൽ 7 മുതൽ 18 വരെ ജോർദാൻ - ഇസ്രായേൽ - പാലസ്തീൻ - ഈജിപ്ത് എല്ലാ ചിലവുകളും ഉൾപ്പെടെ **1,65,000/-** യൂറോപ്പ് മരിയൻ തീർത്ഥാടനം 2025 ഏപ്രിൽ 26 മുതൽ മെയ് 11 വരെ ഇറ്റലി, വത്തിക്കാൻ, സ്വിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, പോർച്ചുഗൽ, സ്പെയിൻ 16 ദിവസം 7 രാജ്യങ്ങൾ **3,35,000/-** മാർപ്പാപ്പയെ നേരിൽ കാണുന്നതിന് അവസരം - ലൂർദിലും ഫാത്തിമയിലും മെഴുകുതിരി പ്രദക്ഷിണം. വത്തിക്കാൻ, അസ്സീസി, പാദുവ, ആവില, ലയോള, ലൂർദ്, ഫാത്തിമ, എന്നീ സ്ഥലങ്ങളിൽ പ്രത്യേക വി. കുർബാന ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.

**7306266198** ഫാ. ജോർജ് വെള്ളരിങ്ങാട്ട്. മരിയൻ പിൽഗ്രിം മിനിസ്ട്രി.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**അർണോസ് പാതിരി വിദ്യാപീഠം ഉദ്ഘാടനം**

നിർമലഗിരി കോളജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കോളജിൽ അർണോസ് പാതിരി വിദ്യാപീഠം ഉദ്ഘാടനം ചെയ്തു. തൃശൂർ അർണോസ് പാതിരി അക്കാദമി കോ-ഓർഡിനേറ്റർ ഫാ. ജോസ് തച്ചിൽ ഉദ്ഘാടനം നിർവഹിച്ചു. നിർമലഗിരി കോളജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. ഇതുസംബന്ധിച്ച് തൃശൂർ അർണോസ് പാതിരി അക്കാദമിയും നിർമലഗിരി കോളജുമായുള്ള ധാരണപത്രം ഫാ. ജോസ് തച്ചിൽ കോളജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യുവിന് കൈമാറി. അർണോസ് പാതിരിയുടെ ഗ്രന്ഥങ്ങൾ ഫാ. ജോസിൽ നിന്ന് മലയാളവിഭാഗം അസോ. പ്രൊഫ. ഡോ. ദീപാ മോൾ മാത്യു ഏറ്റുവാങ്ങി. കോളജ് മുൻ പ്രിൻസിപ്പലും ഗ്രന്ഥകർത്താവും വാഗ്മിയുമായ ഡോ. എം.ജെ. മാണി മുഖ്യപ്രഭാഷണം നടത്തി. കോളജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് ഐക്യുഎസി കോ-ഓർഡിനേറ്ററും അസോ. പ്രൊഫ. റവ. ഡോ. മാർട്ടിൻ ജോസഫ്, മലയാളവിഭാഗം അസി. പ്രൊഫ. ഡോ. ജെയ്സൺ ജോസഫ്, കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. ജോബി ജേക്കബ് എന്നിവർ പ്രസംഗിച്ചു. അർണോസ് പാതിരിയെ പുതിയ സമൂഹത്തിന് പരിചയപ്പെടുത്തുക, അദ്ദേഹം മലയാള സാഹിത്യത്തിന് നൽകിയ സമഗ്രസംഭാവനകളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക, അദ്ദേഹത്തിന്റെ കൃതികളെ ജനകീയവൽക്കരിക്കുക, ഭാഷാഗവേഷണത്തിന് പ്രോത്സാഹനം നൽകുക, ചർച്ചകൾ, സെമിനാറുകൾ, വർഷോപ്പുകൾ എന്നിവ സംഘടിപ്പിക്കാൻ ലക്ഷ്യമിട്ടാണ് അർണോസ് വിദ്യാപീഠം കോളജിൽ പ്രവർത്തനം ആരംഭിച്ചത്.

**മോഡേൺ ഓർഗാനിക് കെമിസ്ട്രി ദ്വിദിന വർക്ക്ഷോപ്പ്**

നിർമലഗിരി ഓട്ടോണമസ് കോളേജിൽ മോഡേൺ ഓർഗാനിക് കെമിസ്ട്രി ദ്വിദിന വർക്ക്ഷോപ്പ് കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്തു. റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ ധനസഹായത്തോടെ കോളേജ് കെമിസ്ട്രി വിഭാഗവും ഐ.ഐ.ടി. ബോംബെയും സംയുക്തമായാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. കെമിസ്ട്രി വിഭാഗം മേധാവി. ഡോ. നൈജിൽ തോമസ് പ്രൊഫ. പ്രദീപ് കുമാർ പി. ഐ. (ഐ.ഐ.ടി. ബോംബെ), ഡോ. അജേഷ് പി. തോമസ്

(വർക്ക്ഷോപ്പ് കൺവീനർ) എന്നിവർ ആശംസ അർപ്പിച്ചു. ഐ.ഐ.ടി. ബോംബെ പ്രൊഫസർമാരായ ഡോ.ആർ.ബി. സുനോജ്, ഡോ. പ്രദീപ് കുമാർ പി.ഐ, ഡോ. നന്ദിത മാധവൻ എന്നിവർ ഓർഗാനിക് കെമിസ്ട്രി ക്ലാസുകൾ നയിച്ചു.

### ഏകദിന സെമിനാർ

നിർമലഗിരി കോളേജ് (ഓട്ടോണമസ്) ഐ.പി.ആർ സെല്ലിന്റെയും ഐക്യുഎസിയുടെയും സംയുക്താഭിമുഖ്യത്തിൽ ബൗദ്ധികസ്വത്ത വകാശ ങ്ങളെ (Intellectual Property Rights) ആസ്പദമാക്കി ഏകദിന പ്രാദേശിക സെമിനാർ സംഘടിപ്പിച്ചു. "ഗവേഷണത്തിലും നവോത്ഥാനത്തിലും ഐ.പി. ആർ. ബോധം" എന്നതായിരുന്നു വിഷയം. കാലിക്കറ്റ് സർവകലാ ശാലയിലെ ഐ.പി.ആർ അസോസിയേറ്റ് ശ്രീമതി പ്യാരി ഹസ്ന മെഹ്താബ് സി. കെ. ഉദ്ഘാടനവും പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി. അധ്യക്ഷത യും വഹിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. ജിംലി സി. ജേക്കബ് സ്വാഗതം പറഞ്ഞു. ഐക്യുഎസി കോർഡി. റവ. ഡോ. മാർട്ടിൻ ജോസഫ് ആശംസകൾ നേർന്നു. സുവോളജി വിഭാഗം അസി. പ്രൊഫ. അഞ്ജലി നന്ദി പറഞ്ഞു.

### ആശ്രയ പദ്ധതി നാലാം ഘട്ടം ബ്രാൻഡ് ലോഞ്ച് ചെയ്തു

**നിർമലഗിരി:** ആശ്രയ പദ്ധതിയുടെ നാലാംഘട്ട ബ്രാൻഡ് പ്രകാശന ചടങ്ങ് പാലപ്പറമ്പ് സ്നേഹനികേതൻ വൃദ്ധസദനത്തിൽ നടന്നു. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ശ്രീമതി ശ്രീജ ലോഗോ പ്രകാശനം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. സ്നേഹനികേതൻ മദർ സുപ്പീരിയർ സി. ആൽഫിൻ പരിപാടിക്ക് അധ്യക്ഷത വഹിച്ചു. ബിആർസി കൂത്തുപറമ്പ്, നിർമ്മലഗിരി കോളേജ് ഐക്യുഎസി, ഹോം സയൻസ് വിഭാഗം, ജിഎച്ച് എസ്എസ് കൂത്തുപറമ്പ്, ജിഎച്ച്എസ് എസ് പാട്യം, ജിഎച്ച്എസ്എസ് കോട്ടയം മലബാർ, കൂത്തുപറമ്പ് ഹൈസ്കൂൾ എന്നിവ ചേർന്നാണ് ആശ്രയ പദ്ധതി നടപ്പാക്കുന്നത്.

### പക്ഷി - ഡ്രാഗൺഫ്ളൈ വൈവിധ്യ സംരക്ഷണ ശില്പശാല

സുവോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ "Avian and Odonate Diversity: Conservation, Challenges and Opportunities" എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും നിർമലഗിരി കോളേജിലെ IQAC യുടെയും സഹകരണ ത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ഏകദിന സെമിനാർ ഒഡോണറ്റോളജിസ്റ്റ് മിസ്റ്റർ അഫ്സർ നായക്കൻ ഉദ്ഘാടനം ചെയ്ത് ക്ലാസ്സു കൾ നയിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് അധ്യക്ഷനായി. പ്രോഗ്രാം കോ-ഓർഡിനേറ്റർ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജിംലി സി. ജേക്കബ് കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ മിസ് അക്ഷര മധു, IQAC കോ-ഓർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ് സുവോളജി വിഭാഗം മേധാവി ഡോ. സിബി ഫിലിപ്പ് എന്നിവർ സംസാരിച്ചു.

### ക്രാഫ്റ്റ് യുവർ ബൊക്ക പരിശീലന പരിപാടി

ഹോം സയൻസ് വിഭാഗം അസോസിയേഷൻ ഉദ്ഘാടനത്തോടനു ബന്ധിച്ച് വിദ്യാർത്ഥികൾക്കായി ബൊക്കനിർമ്മാണ പരിശീലനപരിപാടി

സംഘടിപ്പിച്ചു. സംരഭകരായ ശ്രീമതി ജസ്നയും അനിലയും ക്ലാസുകൾ നയിച്ചു. പ്രിൻസിപ്പൽ ഡോ. സി. സെലിൻ മാത്യു അധ്യക്ഷയായി. ഹോം സയൻസ് വിഭാഗം മേധാവി ദീപ്തി ലിസ്ബത്ത്, IQAC കോ- ഓർഡിനേറ്റർ ഡോ. മാർട്ടിൻ ജോസഫ്, ലയന എന്നിവർ സംസാരിച്ചു.

**മികച്ച എൻ സി സി കേഡറ്റ്സിനുള്ള ഗിൽബർട്ട് സിംഗ് എൻഡോവ്മെന്റ് വിതരണം**

നിർമ്മലഗിരി കോളേജ് മൂന്നാം വർഷ എൻസിസി കേഡറ്റ്സിനുള്ള യാത്രയയപ്പും മികച്ച എൻസിസി കേഡറ്റ്സിനുള്ള ഗിൽബർട്ട് സിംഗ് എൻഡോമെന്റ് വിതരണവും നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു പരിപാടി ഉദ്ഘാടനം ചെയ്തു. എൻസിസി ഓഫീസർ ലഫ്. ഡോ. കമില്ലോ ജോസഫ് അധ്യക്ഷത വഹിച്ചു. നിർമ്മലഗിരി കോളേജ് 31 കെ കണ്ണൂർ ബറ്റാലിയനിലെ മികച്ച കേഡറ്റായി തെരഞ്ഞെടുക്കപ്പെട്ട ശ്യാം കൃഷ്ണ നമ്പ്യാരും, 9 കെ ഗേൾസ് കോഴിക്കോട് ബറ്റാലിയന്റെ മികച്ച കേഡറ്റായ വിനയ വിനോദുമാണ് 5000 രൂപയും പ്രശസ്തിപത്രവും അടങ്ങിയ എൻഡോവ്മെന്റ് കരസ്ഥമാക്കിയത്. കോളേജ് ജവഹർ ബോയ്സ് ഹോസ്റ്റൽ 1984–86 ബാച്ച് അംഗം പയസ് ഇമ്മാനുവൽ എൻഡോവ്മെന്റ് വിതരണവും തുടർന്ന് മൂന്നാംവർഷ എൻ.സി.സി. കേഡറ്റ്സിന് യാത്രയയപ്പും നൽകി. എൻസിസി ഓഫീസറായ ഡോ. അഞ്ജു ജോസഫ് പ്രസംഗിച്ചു.

**കണക്ഷൻ ക്യാമ്പസ് സീരീസ് പ്രോഗ്രാം**

കോളേജ് വിദ്യാർത്ഥികളുടെ ഭാവി രൂപപ്പെടുത്തുന്നതിനുള്ള കണക്ഷൻ ക്യാമ്പസ് സീരീസ് പ്രോഗ്രാം മലയാള മനോരമ ഓൺലൈൻ ഡോട്ട് കോമും എം ഫോർ മാരിയും ഫ്രാൻസിസ് ആലുക്കാസുമായി സഹകരിച്ച് നിർമലഗിരി കോളേജിൽ സംഘടിപ്പിച്ചു. യുവാക്കളുടെ മാറുന്ന ജീവിതശൈലിയും പുതിയ വെല്ലുവിളികളും എന്ന വിഷയത്തിൽ ചർച്ച നടത്തി. ക്യാമ്പസ് സീരീസ് പ്രോഗ്രാമിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ധീരജ് ദിലീപ് ക്ലാസ് എടുത്തു. മലയാള മനോരമ ഓൺലൈൻ സീനിയർ എക്സിക്യൂട്ടീവ് കെ.പി. ആശിഷ് കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. സെലിൻ മാത്യുവിന് ഉപഹാരം സമർപ്പിച്ചു. പ്രോഗ്രാം കോഡിനേറ്റർ മലയാള വിഭാഗം അസോസി യേറ്റ് പ്രൊഫസർ ഡോ. ദീപാ മോൾ മാത്യു സ്വാഗതവും അലീന നന്ദിയും പറഞ്ഞു.

**എൻഡോമെന്റ് വിതരണം:** സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ റിസർച്ച് ഓഫിസറും ട്രെയിനറും കൗൺസിലറും ആയിരുന്ന കെ. ബാബുരാജിന്റെ സ്മരണക്കായി നിർമലഗിരി കോളജ് 1985–88 ബാച്ച് ഗണിതശാസ്ത്ര ബിരുദ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ നിർമലഗിരി ഫ്രണ്ട്സ് ഏർപ്പെടുത്തിയ എൻഡോമെന്റ് വിതരണം കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. ഫാ. ഡോ. തോമസ് കൊച്ചുകരോട്ട് മുഖ്യപ്രഭാഷണം നടത്തി. ഗണിതശാസ്ത്ര വിഭാഗം മേധാവി ഡോ. സാബു സെബാസ്റ്റ്യൻ ഡോ. റെൻസി കുര്യൻ എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികളായ കെ. പി. അലോക്, സാനിയ മനു, എം. ശിവകല്യ, എം. പി. ഫാത്തിമത്ത് റീസ എന്നിവർ എൻഡോവ്മെന്റ് ഏറ്റുവാങ്ങി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്തൊലേറ്റ്
## എ. കെ. സി. സി.

**അതിരൂപതാ എക്സിക്യൂട്ടീവ്**

12-02-26 ന് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതാ എക്സിക്യൂട്ടീവ് യോഗം പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്നു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡണ്ട് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ മുഖ്യഭാഷണം നടത്തി. മാർച്ച് 14 ന് കണ്ണൂർ വെച്ച് നടക്കുന്ന കത്തോലിക്കാ കോൺഗ്രസ് 108-ാം ജന്മദിന വാർഷികവും സാമുദായ ശാക്തീകരണ മഹാസമ്മേളനവും ബഹുജന റാലിയും വിജയിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഫൊറോന തലത്തിൽ പൂർത്തീകരിച്ചതായും ഇടവക തലങ്ങളിൽ സംഘാടക സമിതി രൂപീകരണം ബഹു. വൈദികരുടെ നേതൃത്വത്തിൽ നടക്കുന്ന തായും യോഗത്തിൽ സംസാരിച്ച ഫൊറോന പ്രസിഡന്റുമാർ അറിയിച്ചു.

ഒരുലക്ഷം സമുദായ അംഗങ്ങൾ പങ്കെടുക്കുന്ന റാലിയും സമ്മേള നവും വിജയിപ്പിക്കേണ്ട ആവശ്യത്തിനായി വിവിധ സബ്കമ്മിറ്റികളുടെ നേതൃത്വത്തിൽ ഊർജിതമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കത്തോലിക്ക കോൺഗ്രസ് അതിരൂപതാ ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം റിപ്പോർട്ടും ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ കണക്കും അവതരിപ്പിച്ചു. ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചകുന്നേൽ ബെന്നിച്ചൻ മഠത്തിനകം, ഐ.സി. മേരി, ടോമി കണയങ്കൽ, ഷിനോ പാറക്കൽ എന്നിവർ സംസാരിച്ചു.

**യോഗതീരുമാനങ്ങൾ**

- തലശ്ശേരി അതിരൂപതയിലെ കത്തോലിക്കാ സമുദായ അംഗങ്ങളായ റിട്ടയർ ചെയ്ത മിലിട്ടറിക്കാരെയും പോലീസിൽ നിന്ന് റിട്ടയർ ചെയ്തവരെയും ഉൾപ്പെടുത്തിക്കൊണ്ട് കത്തോലിക്കാ വോളണ്ടിയർ ഗ്രൂപ്പ് ഉണ്ടാക്കുവാനും അവരുടെ യോഗം മാർച്ച് 2-ന് ഉച്ചകഴിഞ്ഞ് 2.30 ന് ചെമ്പേരി ലൂർദ് മാതാ ബസിലിക്ക ഹാളിൽ ചേരുവാനും തീരുമാനിച്ചു.
- സംഘാടക സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന തിനായി മാർച്ച് മാസത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി

പിതാവ് വിളിച്ചു ചേർക്കുന്ന ഓൺലൈൻ മീറ്റിങ്ങിൽ സംഘാടക സമിതി അംഗങ്ങളും പങ്കെടുക്കണം.

- എല്ലാ കത്തോലിക്കാ ഭവനങ്ങളും സമുദായ നേതാക്കളുടെ നേതൃത്വത്തിൽ സംഘാടക സമിതിഅംഗങ്ങൾ സ്ക്വാഡുകളായി സന്ദർശിക്കുകയും കണ്ണൂർ സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ വിശദീകരിച്ച് അതിൽ പങ്കെടുക്കുവാൻ ക്ഷണിക്കുകയും ചെയ്യണം.

**സംഘടനാ പ്രവർത്തനങ്ങൾ**

**പുരസ്കാരങ്ങൾ:** ഒക്ടോബറിൽ നടന്ന അവകാശ സംരക്ഷണ യാത്രയുടെ ഉദ്ഘാടന സമ്മേളനത്തിൽ പനത്തടി ഫൊറോന പ്രഖ്യാപിച്ച കൂടുതൽ ജനപങ്കാളിത്തത്തിനുള്ള പുരസ്കാരങ്ങൾ കാഞ്ഞങ്ങാട് ഫൊറോനയിലെ എണ്ണപ്പാറ യൂണിറ്റും പടുപ്പ്, പനത്തടി യൂണിറ്റുകളും റാലിയിലെ ബെസ്റ്റ് പെർഫോമറായി കള്ളാർ യൂണിറ്റിനും സംഘാടകസമിതി മികവിനുള്ള പ്രത്യേക പുരസ്കാരം പാണത്തൂർ യൂണിറ്റിനും ഫെബ്രുവരി 4 ന് പനത്തടിയിൽ ചേർന്ന യോഗത്തിൽ വച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ നൽകി.

ഡി.എഫ്.സി സംസ്ഥാന നേതൃസംഗമത്തിൽ ഫാ. ഫിലിപ്പ് കവിയിലിന്റെ നിർദേശപ്രകാരം തലശ്ശേരി അതിരൂപതയിൽ നിന്നും സുരേഷ് കാഞ്ഞിരത്തിങ്കൽ, ഷീബാ തെക്കേടത്ത് തുടങ്ങിയവർ സംബന്ധിച്ചു.

കത്തോലിക്കാ കോൺഗ്രസ് ജന്മദിന വാർഷികത്തിന്റെ ഭാഗമായി രൂപീകരിക്കുന്ന ഫൊറോനാ സംഘാടക സമിതികൾ അതിരൂപത ഭാരവാഹികളുടെ നേതൃത്വത്തിൽ രൂപീകരിച്ചു.

കത്തോലിക്ക കോൺഗ്രസ് ജന്മദിന വാർഷികത്തിന്റെ ഭാഗമായി തളിപ്പറമ്പ് യൂണിറ്റ് സംഘാടകസമിതി ഓഫീസ് ആരംഭിക്കുകയും അതിന്റെ ഉദ്ഘാടനം ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ നിർവഹിക്കുകയും ചെയ്തു.

തലശ്ശേരി അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ അപകീർത്തിപ്പെടുത്തുവാൻ വൺചർച്ച് വൺ മൂവ്മെന്റ് എന്ന ഗ്രൂപ്പിന്റെ പേരിൽ നടത്തിയ അപകീർത്തികരമായ അതിക്രമങ്ങൾക്കെതിരെ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി ശക്തമായി പ്രതിഷേധിക്കുകയും സഭയിൽ സമാധാനം നിലനിർത്താനുള്ള അഭിവന്ദ്യ പിതാവിന്റെ പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ പ്രവർത്തനങ്ങൾക്ക് പൂർണപിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

ചെമ്പേരി ഫൊറോനയിൽ കത്തോലിക്ക കോൺഗ്രസ് വനിതാ കൗൺസിൽ രൂപീകരണയോഗം ലൂർദ്മാതാ ബസിലിക്ക റെക്ടർ റവ. ഡോ.

ജോർജ് കാഞ്ഞിരിക്കാട്ടിന്റെ അധ്യക്ഷതയിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. പോൾ വള്ളോപ്പിള്ളി മുഖ്യഭാഷണം നടത്തിയ യോഗത്തിൽ അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ഫൊറോന പ്രസിഡണ്ട് ബിജു മണ്ഡപത്തിൽ അതിരൂപത സെക്രട്ടറിമാരായ ഷീബ തെക്കേടത്ത്, ജോർജ് ജോസഫ് വലിയമർത്താങ്കൽ ഷെൽസി കാവനാടിയിൽ എന്നിവർ സംസാരിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

- കേന്ദ്ര-സംസ്ഥാന ബജറ്റുകളിൽ കർഷകരെ അവഗണിച്ചതിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റി പ്രതിഷേധിച്ചു.
- സർക്കാർ ഓഫീസുകളുടെ പ്രവർത്തി ദിനങ്ങൾ അഞ്ചാക്കി മാറ്റുന്നതിനുള്ള നീക്കത്തിൽ കത്തോലിക്കാ കോൺഗ്രസ് പ്രതിഷേധിച്ചു.
- തുടർച്ചയായ വന്യമൃഗശല്യം മൂലം മലയോര കർഷകർ അനുദിനം കൃഷിയിടങ്ങളുടെ നാശം നേരിട്ടു കൊണ്ടിരിക്കുമ്പോൾ കാട്ടുപന്നികളെ വെടിവയ്ക്കുന്ന ഷൂട്ടർമാർക്ക് അനാവശ്യ നിയന്ത്രണം ഏർപ്പെടുത്തുന്ന വനംവകുപ്പിന്റെ നിലപാട് പ്രതിഷേധാർഹമാണെന്ന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടു.
- വനംവകുപ്പ് ഈ നിലപാട് തുടർന്നാൽ ശക്തമായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കും.
- പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജിമ്മി ആയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ, ബെന്നിച്ചൻ മഠത്തിനകം, ഐ.സി. മേരി, ഷിനോ പാറക്കൽ, ടോമി കണയങ്കൽ എന്നിവർ സംസാരിച്ചു.
- കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ലഭിക്കേണ്ടിയിരുന്ന സർക്കാർ സബ്സിഡികൾ കൃത്യസമയത്ത് ലഭിക്കാതെ വന്നതിനാൽ കടക്കെണി കൊണ്ട് നിവർത്തിയില്ലാതെ ജീവിതം അവസാനിപ്പിച്ച കർഷക അവാർഡ് ജേതാവായിരുന്ന ചെറുപുഴ ഇടവരമ്പിലെ ഏലിയാസ് എന്ന കൃഷിക്കാരന്റെ ഭവനത്തിൽ ചെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലും കത്തോലിക്ക കോൺഗ്രസ് അതിരൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളും പരേതന് അന്തിമോപചാരം അർപ്പിച്ചുകൊണ്ട് റീത്ത് സമർപ്പിച്ച് പ്രാർത്ഥിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

എയ്ഞ്ചൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഫോറോനാതലങ്ങളിൽ നന്നായി നടക്കുന്നല്ലോ. സാമ്പത്തിക പ്രയാസങ്ങൾക്ക് നടുവിലും കുറവുകളില്ലാതെ എയ്ഞ്ചൽ ഡയാലിസിസിനെ മുന്നോട്ട് നയിക്കുന്ന നിങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. എയ്ഞ്ചൽ ഡയാലിസിസിന്റെ ഫൊറോനതല വാർഷിക ഓഡിറ്റിംഗ് 2026 ഏപ്രിൽ മാസത്തിൽ നടത്തേണ്ടതുണ്ട്. അതുകൊണ്ട് 2026 മാർച്ച് 31 ന് നിർദിഷ്ട സോഫ്റ്റ് വെയറിൽ കണക്കുകൾ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

2025 ഡിസംബർ മാസത്തിലെ ഗിരിദീപത്തിൽ നൽകിയിരിക്കുന്ന ക്യാഷ് ആൻഡ് ബാങ്ക് ബാലൻസിന്റെ അടിസ്ഥാനത്തിൽ ആകണം കണക്കുകൾ പൂർത്തീകരിച്ച് സമർപ്പിക്കേണ്ടത്.

കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ

1. ലഭിച്ച എല്ലാതുകൾക്കും റസീപ്റ്റ് നിർബന്ധമായും നൽകിയിരിക്കണം.
2. ബില്ലും വൗച്ചറും കൃത്യമായി സൂക്ഷിക്കണം.
3. ഇടവകയുടെ പേരിൽ കൊടുക്കുന്ന എല്ലാ തുകകളും പള്ളിയുടെ കണക്കിലും ചേർത്തിരിക്കണം.
4. 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കണക്കുകൾ കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറിൽ ചെയ്ത് ഓഡിറ്റിങ്ങിനായി ഓഫീസിൽ ഏപ്രിൽ മാസത്തിൽ സമർപ്പിക്കണം.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**പരീക്ഷ ഒരുക്ക ധ്യാനം**

ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 14-2-2026 ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 3.30 വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് 10,11,12 ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടിയുള്ളപരീക്ഷ ഒരുക്കധ്യാനം നടത്തപ്പെട്ടു. സി. സ്റ്റെല്ല എം. എസ്. എം. ഐ ക്ലാസുകൾ നയിച്ചു. റവ. ഫാ. ജിയോ എം.സി.ബി.എസ്, ജാക്വിലിൻ പിലാത്തറ, ബിജോയി ഉദയപറമ്പിൽ, ലൂസി തെക്കേമുറി എന്നിവർ നേതൃത്വം നൽകി.

**സ്ട്രീറ്റ് മിനിസ്ട്രി**

കണ്ണൂർ സോണിൽ 02-02-2026 തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് പയ്യാവൂർ ഡിവൈൻ മേഴ്സി സീറോ മലബാർ ദൈവാലയത്തിൽ വച്ച് ജീവൻ ജ്യോതിഡിവൈൻ മേഴ്സി സ്ട്രീറ്റ് മിനിസ്ട്രി കണ്ണൂർ സോണിൽ ശ്രുശ്രൂഷകൾ ആരംഭിച്ചു. കണ്ണൂർ സോൺ ആനിമേറ്റർ ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ അച്ചൻ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. ഇടവക വികാരി ബഹു. ജെയ്സൺ വാഴക്കാട്ട് അച്ചൻ ഛായാ ചിത്രവും, സന്ദേശ വാഹനങ്ങളും വെഞ്ചരിച്ച് ആമുഖസന്ദേശം നൽകി.

**ബൈബിൾ സന്ദേശ യാത്ര**

2026, മെയ്1,2,3 തീയതികളിലായി ഡിവൈൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കുന്ന കേരള കരിസ്മാറ്റിക് ജുബിലി പ്രോഗ്രാമിനോടനുബദ്ധിച്ച് ഫെബ്രുവരി 1 ന് നെയ്യാറ്റിൻകരയിൽ നിന്ന് ആരംഭിച്ച ബൈബിൾ സന്ദേശ യാത്ര തലശ്ശേരി അതിരൂപതയിൽ ഫെബ്രുവരി. 22, 23, 24 തീയതികളിൽ എത്തിച്ചേർന്നു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും കെ.സി.എസ്.സി കോർഡിനേറ്ററുമായ റവ. ഫാ. ജോൺസൺ തണ്ടയിൽ നേതൃത്വം നൽകുന്ന ബൈബിൾ സന്ദേശ യാത്രയിൽ കെ.സി.എസ്.സി അംഗങ്ങളും പങ്കെടുക്കുന്നു. 22-2-2026 കോളയാട് അൽഫോൻസാ ദൈവാലയത്തിൽ എത്തിചേരുന്ന ബൈബിൾ സന്ദേശ യാത്ര തലശ്ശേരി സോണിലെ എടൂർ സെന്റ് മേരീസ് ചർച്ച്, തുടർന്ന് വിളമന ഇടവകയിലും പിന്നീട് മാട്ടറ ഇടവകയിലും രാത്രി സെഹിയോൻ പ്രാർത്ഥനാലയത്തിൽ ജാഗരണപ്രാർത്ഥനയും നടക്കുന്നു. 23-2-2026 ന് കണ്ണൂർ സോണിലെ സബ് സോണുകളിലും, 24-2-2026 ന് കാസർഗോഡ് സോണിലും പ്രയാണം നടത്തുന്നു. 24 ന് രാത്രി നടക്കുന്ന ജാഗരണ പ്രാർത്ഥനയോടെ തലശ്ശേരി അതിരൂപതയിലെ പര്യടനം പൂർത്തിയാകുന്നു. അതിരുപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, കാസർഗോഡ് സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ സെബാസ്റ്റ്യൻ മുട്ടത്തുപാറ, തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ ജോസഫ് കൊളുത്താപ്പള്ളി എന്നിവർ നേതൃത്വം നൽകുന്നു.

**മിനിസ്ട്രി വിസിറ്റ്**

തുവാനിസ മിനിസ്ട്രി സെൻട്രൽ ടീം വിസിറ്റ് 18.1. 2026 ന് രാവിലെ 9.30 മുതൽ 3.30 വരെ മണ്ഡപം ദൈവാലയത്തിൽ വച്ച് നടന്നു. തുവാനിസ മിനിസ്ടി. ഓൾ കേരള കോർഡിനേറ്റർ ഷാലി ആന്റോ, അകമാലിയും തുവാനിസ കേരള സർവ്വീസ് ടീമും പങ്കെടുത്തു.

സെൻട്രൽ ടീം വിസിറ്റ് തലശ്ശേരി സോണിൽ 17.1.2026 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചു നടന്നു. തുവാനിസ കേരള ടീം സർവ്വീസ് ടീം അംഗങ്ങൾ പങ്കെടുത്തു.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി ഏകദിന സംഗമം**

31-1-2016 ന് ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി ഏകദിന സംഗമം ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചു രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെ നടന്നു. ഓൾ കേരള സെൻട്രൽ മിനിസ്ട്രി കോർഡിനേറ്റർ അംബ്രോസ് - സെൽവി ദമ്പതികൾ കോഴിക്കോട്, ആന്റണി സാജൻ - മാഗി ദമ്പതികൾ കുറ്റിപ്പുറം എന്നിവർ ക്ലാസുകൾ നയിച്ചു. സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി വി. ബലി അർപ്പിച്ചു വചന സന്ദേശം നൽകി.

**സോണൽ കോർ ടീം മീറ്റിംഗ്**

തലശ്ശേരി സോൺ സോണൽ കോർ ടീം മീറ്റിംഗ് 7-2-2026 ന് ഇരിട്ടി വിളമന ദൈവാലയത്തിൽ വച്ചു നടന്നു. സോണൽ ആനിമേറ്ററും വിളമന വികാരിയുമായ റവ. ഫാ ജോസഫ് കൊളുത്താപ്പള്ളിയുടെ നേതൃത്വത്തിൽ 14 ന് നടക്കുന്ന ക്രിസ്റ്റീൻ കൂട്ടായ്മയും 22 ന് നടക്കുന്ന ബൈബിൾ പ്രയാണവും നടത്തുമ്പോൾ വേണ്ട ഒരുക്കങ്ങൾ അവലോകനം ചെയ്തു.

**സോണൽ സംയുക്ത കൂട്ടായ്മകൾ**

30-1-2026 ന് തോമാപുരം ദൈവാലയത്തിൽ വച്ച് കാസർഗോഡ് സോൺ കൂട്ടായ്മ രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ നടന്നു. സോണൽ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ നേതൃത്വം നൽകി.

13-1-2026 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചു രാവിലെ 9.30 മുതൽ വൈകു 3.30 വരെ നടന്ന കൂട്ടായ്മയ്ക്ക് സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി നേതൃത്വം നൽകി.

**പുതിയ പ്രാർത്ഥനാ കൂട്ടായമ**

29-1-2026 ന് കാസർഗോഡ് സോണിലെ പൂക്കയം ഇടവകയിലും, കാഞ്ഞിരടുക്കം ഇടവകയിലും പുതിയ പ്രാർത്ഥനാ കൂട്ടായ്മ രൂപികരിച്ചു

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ആംഗ്യഭാഷ വിശുദ്ധ ബലി കൂട്ടായ്മകൾ**

**ആലക്കോട് :** ഫെബ്രുവരി ഒന്നാം തീയതി ഞായറാഴ്ച ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിലെ അംഗങ്ങൾക്കായി വിശുദ്ധ ബലിയും ബൈബിൾ ക്ലാസും നൽകി.

**ബാംഗ്ലൂർ :** എട്ടാം തീയതി ഞായറാഴ്ച ബാംഗ്ലൂർ സെന്റ് പാട്രിക്ക് ദൈവാലയത്തിൽ ബാംഗ്ലൂർ അതിരൂപതയിലെ ബധിര സമൂഹത്തിന് വിശുദ്ധ ബലിയും ക്ലാസുകളും നൽകി.

**പരീക്ഷ ഒരുക്ക ക്ലാസുകൾ**

**മാർത്തോമ ബധിര വിദ്യാലയം:** ചെർക്കള മാർത്തോമാ വിദ്യാലയ ത്തിലെ സ്കൂൾ, കോളേജ് കുട്ടികൾക്കായി ഫെബ്രുവരി 2–ാം തീയതി വ്യക്തിത്വ വികസനം, ജീവിതലക്ഷ്യം എന്നീ വിഷയങ്ങളെക്കുറിച്ച് സെമിനാർ നൽകി.

**ജ്യോതി ഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ**

ഫെബ്രുവരി 5–ാം തീയതി ജ്യോതി ഭവൻ സ്കൂളിൽ വി. കുർബാന അർപ്പിക്കുകയും പത്താം ക്ലാസിൽ പരീക്ഷിക്കുന്ന കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. തുടർന്ന് വിദ്യാർഥികൾ ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങളിൽ സെമിനാർ നടത്തി.

**ഡോൺ ബോസ്കോ കാരക്കുണ്ട്**

കാരക്കുണ്ട് ഡോൺബോസ്കോ വിദ്യാലയത്തിലെ കുട്ടികൾക്കായി 13–ാം തീയതി കുമ്പസാരവും, വിശുദ്ധ ബലിയും അർപ്പിച്ചു. 10, 12 ക്ലാസുകളിൽ ഫൈനൽ പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികൾക്കായി പ്രത്യേക ശുശ്രൂഷ നടത്തി.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ 22–ാം വാർഷികാഘോഷം**

തലശ്ശേരി അതിരൂപതയിലെ ബധിര വിശ്വാസസമൂഹത്തിന്റെ ആത്മീയ ശുശ്രൂഷകൾക്കായി ആരംഭിച്ച ആലക്കോട് ബൈബിൾ കൂട്ടായ്മയുടെ 22–ാം വാർഷികസമ്മേളനം ആലക്കോട് സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽ നടത്തപ്പെട്ടു. വിശുദ്ധ ബലിക്ക്

കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. അബ്രഹാം പുതുശ്ശേരി നേതൃത്വത്തിൽ നൽകി. തലശ്ശേരി അതിരൂപത ഭിന്നശേഷി ശുശ്രൂഷ വിഭാഗം ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ പ്രാർത്ഥനകൾക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകി. തുടർന്ന് നടന്ന വാർഷിക സമ്മേളനത്തിൽ ഫാ. അബ്രഹാം പുതുശ്ശേരി അധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു. പെരിയ ബഹു. ആലക്കോട് ഫൊറോന വികാരി ആന്റണി പുന്നൂർ അച്ചൻ വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ചാവറ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ നിന്നും 25 വർഷത്തെ അധ്യാപനത്തിനുശേഷം വിരമിച്ച ബഹു. സിസ്റ്റർ ലിൻസാ മരിയയെ ആദരിച്ചു. വിവാഹ ജീവിതത്തിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ കൂട്ടായ്മ അംഗങ്ങളായ മാർട്ടിൻ, അമ്പിളി മഞ്ഞക്കാട്ടിൽ, ആദം മിനിസ്ട്രി ഉപകാരികളായ സാബു, അനിത കിഴക്കേൽ എന്നിവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിച്ചു. തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയുടെ പേരാവൂർ ഫൊറോനതല ഭിന്നശേഷി കൂട്ടായ്മയുടെ കോഡിനേറ്റേഴ്സ് ആയി പ്രവർത്തിച്ച ശ്രീ. ജോർജ്, ശ്രീ. മെൽബിൻ എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു. ആംഗ്യഭാഷ ഗാനങ്ങൾ, ബൈബിൾ ദൃശ്യ അവതരണങ്ങൾ എന്നിവ ആഘോഷങ്ങൾക്ക് മനോഹാരിത നൽകി. 2025 വർഷത്തെ കെസിബിസി ലോഗോസ് ക്വിസ് പരീക്ഷയിൽ വിജയികളായ നിമ്മി ഏലിയാസ്, മാർട്ടിൻ എം, വീണ മാർട്ടിൻ എന്നിവർക്ക് അവാർഡുകൾ നൽകി. ആലക്കോട് കൂട്ടായ്മ സെക്രട്ടറി ശ്രീ. ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ സ്വാഗതവും, കൂട്ടായ്മ പ്രസിഡന്റ് സനീഷ് നന്ദിയും പറഞ്ഞു. സ്നേഹവിരുന്നോടെ പ്രോഗ്രാമുകൾ അവസാനിച്ചു.

**ഹെൽത്ത് കാർഡ്**

കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ അതിരൂപതയിലെ ആദം മിനിസ്ട്രി അംഗങ്ങൾക്കായി 2024 ആരംഭിച്ച ചികിത്സ ചെലവുകളിൽ ഇളവ് നൽകുന്ന ഹെൽത്ത് കാർഡ് തുടർന്നും അംഗങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ നൽകുമെന്നും, പുതുതായി അംഗങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ കാർഡുകൾ ലഭ്യമാക്കുന്നതാണെന്നും ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. സാബു പുതുശ്ശേരിൽ തന്റെ അധ്യക്ഷ പ്രസംഗത്തിൽ വാഗ്ദാനം ചെയ്തു.

ഭിന്നശേഷി സമൂഹത്തെ ചേർത്തു പിടിക്കുവാൻ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ അധികൃതർ കാണിക്കുന്ന നല്ല മനസ്സിന് ഒരായിരം നന്ദി.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

മനുഷ്യനെ സമ്പൂർണ നാശത്തിലേക്കും അടിമത്തത്തിലേക്കും ദുരിതത്തിലേക്കും നയിക്കുന്ന മാരക വിപത്താണ് ലഹരി. പരിഷ്കൃത സമൂഹത്തിന്റെ ഏറ്റവും വലിയ ഭീഷണി. മദ്യത്തിന്റെയും പുക വലിയുടെയും ഭീഷണികൾ മാത്രം പരിചിതമായിരുന്ന നമ്മുടെ സമൂഹത്തിൽ രാസ ലഹരികൾ പുതിയ രൂപഭാവങ്ങളിൽ വൻഭീഷണി സൃഷ്ടിക്കുന്ന ഭയാനകവും ഗുരുതരവുമായ സ്ഥിതിവിശേഷമാണ് ഇന്ന് സംജാതമായിരിക്കുന്നത്. പ്രായമായവർ മാത്രം ലഹരിവസ്തുക്കൾക്ക് അടിമകളായിരുന്ന സ്ഥിതിയിൽ നിന്ന് കുഞ്ഞുങ്ങൾപോലും അറിഞ്ഞും അറിയാതെയും ഒക്കെ ലഹരിക്ക് അടിമകളാകുന്ന സാഹചര്യം ഭീതിദമാണ്. മനുഷ്യന്റെ ശരീരം, മനസ്സ്, ആത്മാവ്, ഹൃദയം, ബുദ്ധി തുടങ്ങിയ എല്ലാ ഘടകങ്ങളെയും അവന്റെ കുടുംബം, ജോലി, സമ്പത്ത്, ബന്ധങ്ങൾ, അഭിമാനം, ആയുസ്, ആരോഗ്യം തുടങ്ങിയ സമസ്ത മേഖലകളെയും സാരമായി ബാധിക്കുകയും തകർത്തു തരിപ്പണമാക്കുകയും ചെയ്യുന്ന ലഹരി എന്ന എക്കാലത്തെയും വലിയ വിപത്തിനെതിരെ യോജിച്ച പോരാട്ടം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതൊരു ദൈവീക നിയോഗവും ദൈവരാജ്യ ശുശ്രൂഷയുമായി ഏറ്റെടുക്കുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ലഹരിക്കെതിരെ ഏകദിന ഉപവാസവും പൊതുസമ്മേളനവും**

ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് ജനുവരി 29ന് മണിപ്പാറ ഇടവകയിലെ വിവിധ ഭക്തസംഘടനകളുടെയും മണിക്കടവ് ഫൊറോന മദ്യ- ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ മണിപ്പാറ ടൗണിൽ വെച്ച് ഏകദിന ഉപവാസവും പൊതുസമ്മേളനവും നടന്നു.

ജനുവരി 29ന് വ്യാഴാഴ്ച രാവിലെ 10 മണിക്ക് ഏകദിന ഉപവാസയഞ്ജം ആരംഭിച്ചു. മണിപ്പാറ ടൗണിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ വെച്ച് നടന്ന പ്രസ്തുത ഏകദിന ഉപവാസം മദ്യ-ലഹരി വിരുദ്ധ

സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്തു. മണിപ്പാറ ഇടവകാ കോഡിനേറ്ററും മണിക്കടവ് ഫൊറോനയിലെ ലഹരി വിരുദ്ധ സമിതിയുടെ പ്രസിഡണ്ടും പരിപാടിയുടെ മുഖ്യ സംഘാടകനുമായ പൈലി വലിയകണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. മണിപ്പാറ ഇടവക വികാരി റവ. ഫാ. ജോസഫ് കുരിശുംമൂട്ടിൽ അനുഗ്രഹ ഭാഷണവും ഡോ. ജോസ്‌ലെറ്റ് മാത്യു മുഖ്യപ്രഭാഷണവും നടത്തി. പകൽ സമയം മുഴുവൻ വിവിധ ഭക്തസംഘടനകളെ പ്രതിനിധികരിച്ച് സന്ദേശങ്ങൾ നൽകി കൊണ്ടിരുന്നു. ഉച്ചയ്ക്ക് ശേഷം മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തി ശ്രീയുടെയും അതിരൂപതാ ഭാരവാഹികൾ ഉപവാസയഞ്ജത്തിൽ പങ്കാളികളായി. വൈകിട്ട് 5ന് ആരംഭിച്ച പൊതുസമ്മേളനം മണിക്കടവ് ഫൊറോന വികാരി വെരി. റവ. ഫാ. പയസ് പടിഞ്ഞാറേമുറി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. ജോസഫ് കുരിശുംമൂട്ടിൽ സ്വാഗതം ആശംസിച്ചു. ഉളിക്കൽ ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ബെന്നി തൈപ്പറമ്പിൽ, സിൽവി നാക്കുഴിക്കാട്ട്, അസീസ് എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി. അതിരൂപതാ ആനിമേറ്റർ റവ. സി. ജോസ് മരിയ സി. എം. സി. ലഹരി വിരുദ്ധ പ്രതിഞ്ജ ചൊല്ലി കൊടുത്തു. ഫൊറോനവികാരി വെരി. റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ ഉപവാസം അനുഷ്ഠിച്ചവർക്ക് നാരങ്ങാനീര് നൽകി ഉപവാസസമരം അവസാനിപ്പിച്ചു. മുക്തിശ്രീയുടെ ഫൊറോന പ്രസിഡണ്ടും അതിരൂപതാ ഭാരവാഹിയുമായ ശ്രീമതി പുഷ്പ വെള്ളാപാടത്ത് ഏവർക്കും കൃതഞ്ജത പ്രകാശിപ്പിച്ചു.

**എ. എ. കൂട്ടായ്മകൾ**

പ്രതീക്ഷയിലെ ഫെബ്രുവരി മാസത്തിലെ എ.എ. കൂട്ടായ്മ 1-ാം തീയതി ഞായറാഴ്ച നടന്നു. 9.30 ന് വി. കുർബാനയോടെ ആരംഭിച്ച എ.എ. കൂട്ടായ്മ ഹൃദ്യമായ അനുഭവമായിരുന്നു. 10.30ന് ആരംഭിച്ച കൂട്ടായ്മയുടെ ക്ലാസ്സുകൾക്ക് തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ബെന്നി പന്തപള്ളിൽ എന്നിവർ നേതൃത്വം നൽകി. ശ്രീ. ജോയി ഒടയംചാൽ ഷെയറിംഗ് നടത്തി. മാർച്ച് 1 ഞായറാഴ്ച നടത്തുന്ന എ. എ കൂട്ടായ്മക്ക് പ്രശസ്ത മോട്ടിവേഷണൽ പ്രഭാഷകൻ കണ്ണൂർ ജില്ലാ എക്സൈസ് പ്രീവന്റീവ് ഓഫീസർ കൂടിയ ശ്രീ. സമീർ ധർമ്മടം നേതൃത്വം നൽകും. എല്ലാ മാസവും ആദ്യ ഞായറാഴ്ചയാണ് പ്രതീക്ഷയിൽ എ. എ കൂട്ടായ്മ നടത്തിവരുന്നത്.

**തോമാപുരം:** പ്രതീക്ഷയുടെ മാനേജിംഗ് കമ്മറ്റി അംഗവും പ്രശസ്ത മദ്യ-ലഹരി വിരുദ്ധ പ്രവർത്തകനുമായ ശ്രീ. തങ്കച്ചൻ കൊല്ലകൊമ്പിലിന്റെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 6.30 മുതൽ 8.30 വരെ തോമാപുരത്ത് വെച്ച് എ. എ. കൂട്ടായ്മകൾ നടത്തപ്പെടുന്നു.
ഫോൺ നമ്പർ : **9446650206**

**തേർത്തല്ലി:** പ്രതീക്ഷയുടെ മാനേജിംഗ് കമ്മറ്റി അംഗവും പ്രമുഖ മദ്യ-ലഹരി വിരുദ്ധ പ്രവർത്തകനും പൊതു പ്രവർത്തകനുമായ ശ്രീ ജോസ് ചാരാചേരിയുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് 5.30 മുതൽ 7 വരെ പൊയിലിലുള്ള ഡൊമിനിക്കൻ ഫാദേഴ്സിന്റെ ആശ്രമത്തിൽ വെച്ച് എ. എ. കൂട്ടായ്മകൾ നടത്തപ്പെടുന്നു. തേർത്തല്ലി കൂട്ടായ്മയുടെ ഉദ്ഘാടനം മേരിഗിരി പാരിഷ് ഹാളിൽ വെച്ച് ജനുവരി 25 ഞായറാഴ്ച പ്രതീക്ഷയുടെ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ നിർവഹിച്ചു. കോൺടാക്റ്റ് നമ്പർ : **9539719338**

**ആര്യപറമ്പ്:** പ്രതീക്ഷയുടെ മാനേജിംഗ് കമ്മറ്റി അംഗമായ സാബു ചിറ്റേട്ടിന്റെ നേതൃത്വത്തിൽ ആര്യപറമ്പ് ഫാത്തിമമാതാ പള്ളിയുടെ പാരീഷ് ഹാളിൽ വെച്ച് ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് 1.30 മുതൽ നടത്തപ്പെടുന്നു.
കോൺടാക്റ്റ് നമ്പർ : **9947132272**

**അതിരൂപതാ സമിതിയും ചെമ്പന്തൊട്ടി മേഖലാ സമിതിയും**

തലശ്ശേരി അതിരൂപതാ മദ്യ- ലഹരി വിരുദ്ധ സമിതിയുടെയും മുക്തി ശ്രീയുടെയും ഭാരവാഹികളുടെയും സംയുക്ത മീറ്റിംഗ് ഫെബ്രുവരി 17ന് ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ചെമ്പന്തൊട്ടി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വെച്ച് ചേർന്നു. മുക്തി ശ്രീ പ്രസിഡണ്ട് ഷിനോ പാറയ്ക്കൽ സ്വാഗതം ആശംസിച്ചു. അതിരൂപതാ മദ്യ- ലഹരി വിരുദ്ധ സമിതി പ്രസിഡണ്ട് റ്റോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗം ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മാർച്ച് 8 ലെ മദ്യ-ലഹരി വിരുദ്ധ ഞായർ സമുചിതമായി ആചരിക്കാൻ ആവശ്യമായ കാര്യങ്ങൾ യോഗം ചർച്ച ചെയ്തു.

ഉച്ചയ്ക്ക് ശേഷം ചെമ്പന്തൊട്ടി പാരീഷ് ഹാളിൽ വെച്ച് മേഖലാസമതി യോഗം നടന്നു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഷിനോ പാറയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോനവികാരി വെരി. റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ മുഖ്യഭാഷണവും ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ അനുഗ്രഹഭാഷണവും നടത്തി. അതിരൂപതാ ആനിമേറ്റർ സി. ജോസ്മരിയ സി.എം.സി., വൈസ് പ്രസിഡണ്ട് ഷെൽസി കാവനാടി എന്നിവർ ആശംസകൾ അർപ്പിച്ചു. ലഹരിക്കെതിരെ രാഷ്ട്രീയ പാർട്ടികൾ നിലപാടുകൾ വ്യക്തമായി പ്രഖ്യാപിക്കണമെന്ന പ്രമേയം അതിരൂപത സെക്രട്ടറി റ്റി. ഡി ദേവസ്യ തൈപ്പറമ്പിൽ അവതരിപ്പിച്ചു. മുക്തിശ്രീയുടെ അതിരൂപത ജനറൽ സെക്രട്ടറി സോളി രാമച്ചനാട്ട് ലഹരിവിരുദ്ധ പ്രതിഞ്ജ ചൊല്ലികൊടുത്തു. ചെമ്പന്തൊട്ടി യൂണിറ്റിന്റെയും മേഖലയുടെയും പ്രസിഡണ്ട് സോയി പുറവക്കാട്ട്

ഏവർക്കും കൃതഞ്ജത അർപ്പിച്ചു. ചെമ്പന്തൊട്ടി യൂണിറ്റിലെ മുക്തി ശ്രീ അംഗങ്ങൾ അവതരിപ്പിച്ച ലഹരിക്കെതിരെയുള്ള ഫ്ളാഷ് മോബ് ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റി. യോഗത്തിൽ ഇരുസംഘടനകളുടെയും അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു. യോഗത്തിൽ വെച്ച് മദ്യ- ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും പുതിയ മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ (ചെമ്പന്തൊട്ടി മേഖല)**

**മദ്യ- ലഹരി വിരുദ്ധ സമിതി**

പ്രസിഡണ്ട് : സോയി ജോസഫ് പുറവക്കാട്ട് - ചെമ്പന്തൊട്ടി
വൈസ് പ്രസിഡണ്ട് : ബേബി കളപ്പുരയ്ക്കൽ - കരയത്തുംചാൽ
സെക്രട്ടറി : ഡേവീസ് ആലങ്ങാടൻ - നെടുവാലൂർ
ജോ. സെക്രട്ടറി : മത്തായി ശാശേരിൽ - ചെമ്പന്തൊട്ടി
ട്രഷറർ : സിജി പുതുപ്പറമ്പിൽ - കോട്ടൂർവയൽ

**മുക്തിശ്രീ**

പ്രസിഡണ്ട് : സിനി കൊച്ചുപറത്താനത്ത് - ചെമ്പന്തൊട്ടി
വൈസ് പ്രസിഡണ്ട് : ജോളി നടുത്തൊട്ടിയിൽ - കരയത്തുംചാൽ
സെക്രട്ടറി : ഡെൽസി അടവിചിറ - നടുവിൽ
ജോ. സെക്രട്ടറി : സിന്ധു ബെന്നി ചേരോലിക്കൽ - ചെമ്പന്തൊട്ടി
ട്രഷറർ : ബീന തേക്കുംക്കാട്ടിൽ - ചെമ്പന്തൊട്ടി

പുതിയ ഭാരവാഹികൾക്ക് അനുമോദനങ്ങൾ

**പ്രതീക്ഷയിൽ പുതിയ സൈക്കാട്രി ഡോക്ടർ**

പ്രതീക്ഷയിൽ അഡ്മിറ്റാകുന്നവർക്ക് കൂടുതൽ ഫലപ്രദമായ ചികിത്സ നൽകുന്നതിന്റെ ഭാഗമായും വർദ്ധിച്ച് വരുന്ന സൈക്കാട്രി റഫറൻസുകൾ പരിഗണിച്ചും ഒരു സൈക്കാട്രി ഡോക്ടറുടെ സേവനം ലഭ്യമാക്കിയിരിക്കുന്നു. ഡോ. അമിതാബ് നമ്പ്യാർ ആവശ്യമായ സന്ദർഭങ്ങളിൽ പ്രതീക്ഷയിലെ രോഗികളെ പരിശോധിക്കുന്നതാണ്. ആഴ്ചയിൽ ഒരു വിസിറ്റാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്. പ്രതീക്ഷയിലെ ചികിത്സ കൂടുതൽ മെച്ചപ്പെട്ടതും ഫലപ്രദവുമാക്കുവാൻ സൈക്കാട്രി ഡോക്ടറുടെ സേവനം ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മാർച്ച് 8 മദ്യ- ലഹരി വിരുദ്ധ ഞായർ**

മാർച്ച് 8, കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ മദ്യ - ലഹരി വിരുദ്ധ ഞായർ ആയി ആചരിക്കുന്നു. ലഹരിക്കെതിരെ അവബോധം രൂപപ്പെടുത്തുവാനും ബോധവത്കരണം നടത്തുവാനുമാണ് പ്രസ്തുതദിനം ആചരിക്കുന്നത്. ലഹരി എന്ന മഹാവിപത്ത് സമൂഹത്തെയാകെ ഗ്രസിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ദിനാചരണത്തിന് വലിയ പ്രത്യേക പ്രാധാന്യമുണ്ട്.

**പ്രത്യേകം ശ്രദ്ധിക്കുക**

1) മാർച്ച് 8 ഞായറാഴ്ച പള്ളികളിൽ വി. കുർബാന മദ്ധ്യേ കെ.സി.ബി.സി. യുടെ ലഹരി വിരുദ്ധ സർക്കുലർ വായിക്കുക.
2) വി. കുർബാനയ്ക്കുശേഷം ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുക.
3) എല്ലാ ഇടവകകളിലും അന്നേ ദിവസം മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളെ തിരഞ്ഞെടുക്കുക.

   പുരുഷന്മാർ ലഹരി വിരുദ്ധ സമിതിയുടെയും സ്ത്രീകൾ മുക്തിശ്രീയുടെയും ഭാരവാഹികളായി പ്രവർത്തിക്കണം. മീറ്റിംഗ് ഒരുമിച്ച് കൂടി ഭാരവാഹികളെ വെവ്വേറെ തിരഞ്ഞെടുത്താൽ മതിയാകുന്നതാണ്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരാണ് ഭാരവാഹികൾ. പുതിയ ഭാരവാഹികളുടെ പേരുകൾ മാർച്ച് 15 ഞായറാഴ്ചക്ക് മുമ്പ് ഫൊറോന ഡയറക്ടർമാരെ ഏൽപ്പിക്കുമല്ലോ.
4) അന്നേ ദിവസം എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥനക്കുശേഷം ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ലഹരി വിരുദ്ധ ദീപം തെളിയിക്കുകയും കുടുംബനാഥൻ തങ്ങളുടെ കുടുംബത്തെ ലഹരി മുക്തി കുടുംബമായി പ്രഖ്യാപിക്കുകയും ചെയ്യുമല്ലോ.

## ലഹരി വിരുദ്ധ പ്രതിജ്ഞ

മയക്കുമരുന്ന്/ മദ്യം/ പുകയില/ പാൻമസാല/ രാസലഹരികൾ/ തുടങ്ങിയവയെല്ലാം/ വ്യക്തികളെയും/ കുടുംബങ്ങളെയും/ സമൂഹത്തെ തന്നെയും/ ആത്മീയമായും/ ആരോഗ്യപരമായും/ സാമ്പത്തികമായും/ സാമൂഹികമായും/ സാംസ്കാരികമായും/ നശിപ്പിക്കുന്ന മഹാവിപത്താണ്/ എന്ന് ഞാൻ മനസ്സിലാക്കുന്നു/. ഞാൻ/ ഏതെങ്കിലും ലഹരിപദാർത്ഥങ്ങൾ/ ഉപയോഗിക്കുകയോ/ ഉപയോഗിക്കുവാൻ/ മറ്റുള്ളവരെ/ പ്രേരിപ്പിക്കുകയോ/ ചെയ്യുകയില്ല എന്നും/ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ/ പങ്കെടുത്ത്/ എന്റേതായ കടമ/ നിറവേറ്റുമെന്നും/ ലഹരിമുക്ത സമൂഹത്തിനായി/ പരിശ്രമിക്കുമെന്നും/ ലഹരി മുക്ത ജീവിതം/ നിത്യജീവൻ നേടുവാൻ/ അനിവാര്യമാണ്/ എന്ന ബോദ്ധ്യത്തോടെ/ ജീവിക്കുമെന്നും/ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**കാർബൺ ക്രെഡിറ്റ് ട്രെയിനിങ് സംഘടിപ്പിച്ചു**

ടിഎസ്എസ്എസിന്റെ പുതിയ പദ്ധതിയായ അഗ്രോ ഫോറസ്റ്ററി കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ പ്രഥമഘട്ട പരിശീലനം 11 മേഖലകളിലെ പ്രോഗ്രാം മാനേജർമാർക്കും ടിഎസ്എസ്എസ് സ്റ്റാഫംഗങ്ങൾക്കുമായി സംഘടിപ്പിച്ചു. ഗ്രീനേറ്റഡ് ക്ലൈമാ ടെക്കിന്റെ നേതൃത്വത്തിൽ മേഖല കോർഡിനേറ്ററായ ശ്രീ. റിജോയ് മാത്യു 2026 ജനുവരി 27-നാണ് ടിഎസ്എസ്എസിന്റെ സെൻട്രൽ ഓഫീസിൽ വച്ച് കാർബൺ ക്രെഡിറ്റ് സംബന്ധിച്ച പരിശീലന ക്ലാസ് നയിച്ചത്.

**കാർബൺ ക്രെഡിറ്റ് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു**

കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ ഭാഗമായി കുടിയാന്മല, വെളിമാനം, വരക്കാട്, കടുമേനി, കാവുന്തല എന്നീ ഇടവകകളിൽ പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

**കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ച്, COP 30 പരിശീലനത്തിൽ പങ്കെടുത്തു**

ജനുവരി 28, 29 തീയതികളിൽ എറണാകുളത്ത് പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ (POC) വച്ച് സംഘടിപ്പിച്ച COP 30 കാലാവസ്ഥ വ്യതിയാനത്തെകുറിച്ച് ഐക്യരാഷ്ട്ര സഭയുടെ ഏറ്റവും പുതിയ നിലപാടുകളെ സംബന്ധിച്ചുള്ള പരിശീലന പരിപാടിയിൽ ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബിബിൻ ആന്റണി, അസോസിയേറ്റ് ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ എന്നിവർ പങ്കെടുത്തു. ടിഎസ്എസ്എസ് നടപ്പിലാക്കുന്ന കാർബൺ ക്രെഡിറ്റ് പദ്ധതിയെപറ്റി പരിശീലനത്തിൽ വിശദമായി ചർച്ച ചെയ്തു.

**എൻ ജി ഒ മീറ്റിൽ പങ്കെടുത്തു**

നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്)-ന്റെ നേതൃത്വത്തിൽ എൻ.ജി.ഒ. കൾക്കായി ജനുവരി 20, ഫെബ്രുവരി 17 എന്നീ ദിവസങ്ങളിൽ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സംഘടിപ്പിച്ച പരിശീലന ക്ലാസുകളിൽ ടിഎസ്എസ്എസ് അസോസിയേറ്റ് ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, പി.ആർ.ഒ. തോമസ് ജോൺ, പ്രോജക്ട് ഓഫീസർ ഷോൺ ജോസഫ് എന്നിവർ പങ്കെടുത്തു.

**ടിഎസ്എസ്എസിൽ സോഷ്യൽവർക്ക് വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്തു**

ബി.എസ്.ഡബ്ല്യു., എം.എസ്.ഡബ്ല്യു. അക്കാദമിക് പഠനത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തന രീതിയും, വിവിധ പദ്ധതികളും സംബന്ധിച്ച് പ്രായോഗിക പഠനം നടത്തുന്നതിനായി വിവിധ കോളേജുകളിൽ നിന്നുള്ള 12 വിദ്യാർത്ഥികൾ ടിഎസ്എസ്എസ് ഓഫീസിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജ്, പിലാത്തറ സെന്റ് ജോസഫ്സ് കോളേജ്, ചെറുപുഴ നവജ്യോതി കോളേജ് എന്നീ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ഇന്റേൺഷിപ്പിൽ പങ്കെടുത്തത്. ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്ഥാപനത്തിന്റെ വിവിധ പദ്ധതികൾ, പ്രവർത്തനങ്ങൾ, ഭരണക്രമങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായ അവബോധം വിദ്യാർത്ഥികൾക്ക് ലഭിച്ചു.

പരിപാടിയുടെ ഭാഗമായി ടിഎസ്എസ്എസിന്റെ മികച്ച യൂണിറ്റുകൾ സന്ദർശിക്കുകയും അവിടെയുള്ള പ്രവർത്തനങ്ങൾ നേരിൽ നിരീക്ഷിക്കുകയും ചെയ്തു. ഗാർഹിക പീഡനം എന്ന സാമൂഹിക വിഷയത്തെ ആസ്പദമാക്കി തലശ്ശേരി പുതിയ ബസ്സ്റ്റാൻഡ് പരിസരത്ത് ഫ്ളാഷ് മോബ് സംഘടിപ്പിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിച്ചു. കൂടാതെ, ടിഎസ്എസ്എസിന്റെ റേഡിയോ സ്റ്റേഷൻ സന്ദർശിച്ച് പ്രക്ഷേപണ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികൾ പഠനം നടത്തി.

ഇതിനുപുറമെ, 'കുടിയേറ്റം' എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം നടത്തുകയും ചെയ്തു ഇന്റേൺഷിപ്പ് പരിപാടി വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർധിപ്പിക്കുന്നതോടൊപ്പം സാമൂഹിക പ്രതിബദ്ധതയും ഉത്തരവാദിത്വബോധവും ശക്തിപ്പെടുത്തുന്നതിൽ സഹായകമായി.

**കാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പ് ഈ മാസം ഫെബ്രുവരി 14-ന്, ആലക്കോട് ടിഎസ്എസ്എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ കാൻസർ ക്യാമ്പ് മാർച്ച് 9-ന് നെല്ലിക്കാംപൊയിലിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ടിഎസ്എസ്എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2026 മാർച്ച് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1. മാർച്ച് 16: ലോക വാക്സിനേഷൻ ദിനം (World Vaccination Day)**

ലോക വാക്സിനേഷൻ ദിനത്തോടനുബന്ധിച്ച് യൂണിറ്റ് പരിധിയിലുള്ള അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് പോളിയോ പോലുള്ള വാക്സിനേഷന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക. ആരോഗ്യപ്രവർത്തകരുടെ സഹകരണത്തോടെ പ്രതിരോധ കുത്തിവയ്പ്പുകളുടെ ആവശ്യകതയും സുരക്ഷയും വിശദീകരിക്കുന്ന സെമിനാർ നടത്തുക.

**2. മാർച്ച് 22: ലോക ജല ദിനം (World Water Day)**

ലോക ജലദിനത്തോടനുബന്ധിച്ച് ശുദ്ധജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ പരിപാടി സംഘടിപ്പിക്കുക. വീടുകളിലും പൊതുസ്ഥലങ്ങളിലുമുള്ള ജലസംരക്ഷണ മാർഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും, ജലസ്രോതസുകളുടെ ശുചീകരണ പ്രവർത്തനം നടത്തുകയും ചെയ്യുക.

**മെഡിക്കൽ ക്യാമ്പ്:** മാർച്ച് മാസത്തെ സൈക്യാട്രിക് മെഡിക്കൽ ക്യാമ്പ് മാർച്ച് മാസം 29 ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30ന് ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തുന്നതാണ്.

**പോഷകാഹാരം / ഭക്ഷ്യ വിതരണം**

കോഴിച്ചാൽ യൂണിറ്റ് ഭക്ഷ്യ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ പച്ചക്കറി തൈകൾ വിതരണം ചെയ്തു. മുണ്ടാനൂർ യൂണിറ്റ് ഭരണ സമിതി അംഗങ്ങൾ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

**Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യു 89.6 എഫ്എം പ്രവർത്തന മികവുകൊണ്ട് മാധ്യമ പ്രവർത്തന രംഗത്ത് നവോത്ഥാനം തീർക്കുകയാണ്. നിരവധി കുട്ടികളും മുതിർന്നവരും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയായി റേഡിയോ ഫോർയുവിനെ തിരഞ്ഞെടുത്ത് കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ സാമൂഹിക സാസ്കാരികപരമായ പരിപാടികൾ കോർത്തെടുത്തു കൊണ്ടു നിരവധി പ്രോഗ്രാമുകൾ ചെയ്യാൻ ഈ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

**ഓറിയന്റേഷൻ ക്ലാസ്**

കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജിൽ കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ മുന്നോടിയായി സംഘടിപ്പിച്ച നിരവധി വർഷങ്ങളായി തൃശ്ശൂരിൽ നിന്നുള്ള കലോത്സവ റെക്കോർഡിംഗിന് പുരസ്കാരങ്ങൾ നേടിയ മൈ റേഡിയോയുടെ ഡയറക്ടർ ശ്രീ. രാംദാസ്, റേഡിയോ ഫോർ യു 89.6 എഫ് എം സ്റ്റാഫ് അംഗങ്ങൾക്ക്, ഓറിയന്റേഷൻ ക്ലാസ് നൽകി.

**കലോത്സവ റെക്കോർഡിംഗ്**

കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജിൽ സംഘടിപ്പിച്ച കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിലെ വിവിധ കലാപരിപാടികളുടെ റെക്കോർഡിംഗ് നടത്തി. കലോത്സവം നടന്ന അഞ്ച് ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ രാത്രി 10 മണിവരെ തത്സമയം ഫലപ്രഖ്യാപനങ്ങളുടെ പ്രക്ഷേപണവും നടത്തി. അതോടൊപ്പം നിരവധി വിദ്യാർത്ഥികളുടെ അഭിമുഖങ്ങളും സംപ്രേഷണം ചെയ്യാൻ സാധിച്ചു. കൂടാതെ, റേഡിയോയിൽ നിലവിൽ പ്രക്ഷേപണം ചെയ്യുന്ന വിവിധ പരിപാടികളിലേക്ക് കലോത്സവ വേദിയിൽ നിന്നുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും അവരുടെ സജീവ സാന്നിധ്യം ഉറപ്പാക്കുകയും ചെയ്തു.

**പുതിയ പരിപാടികൾ**

കാഞ്ഞങ്ങാടിന്റെ ചരിത്രം, പൈതൃകം, സംസ്കാരം എന്നിവയെ ആസ്പദമാക്കി "കാഞ്ഞങ്ങാടിന്റെ പൈതൃകം" എന്ന പേരിൽ റേഡിയോ ഫോർ യു 89.6 എഫ് എംയിൽ പുതിയൊരു പരിപാടി ആരംഭിച്ചു. ചരിത്രാന്വേഷകനായ പ്രസേനൻ കെ ആണ് പരിപാടിയുടെ രചനയും അവതരണവും നിർവഹിക്കുന്നത്. മലയാള സിനിമയിലെ മൺമറഞ്ഞുപോയ അഭിനേതാക്കളുടെ ജീവിതവും സിനിമകളും ഗാനങ്ങളും ഉൾക്കൊള്ളുന്ന മറ്റൊരു പുതിയ പരിപാടിയും ആരംഭിക്കുന്നു. "ഓർമ്മച്ചെപ്പ്" എന്ന പേരിൽ സംപ്രേഷണം ചെയ്യുന്ന ഈ പരിപാടി അവതാരകനും വോയിസ് ആക്ടറുമായ സുമേഷ് നാരായണൻ ആണ് നയിക്കുന്നത്.

**റേഡിയോ പ്രമോട്ടർസ് മീറ്റിംഗ്**

റേഡിയോ ഫോർ യു. 89.6 എഫ് എമ്മിന്റെ ഭാവി പ്രവർത്തനങ്ങൾ മുൻനിർത്തി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പതിനഞ്ചോളം വ്യക്തികളെ ഉൾപ്പെടുത്തി ഒരു പ്രമോട്ടേഴ്സ് ഗ്രൂപ്പ് രൂപീകരിച്ചു. തുടർന്ന് അംഗങ്ങൾക്കായി പ്രത്യേകയോഗം സംഘടിപ്പിക്കുകയും ചെയ്തു. യോഗത്തിൽ റേഡിയോയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ പുതിയ പരിപാടികൾ, മാർക്കറ്റിംഗ് ആശയങ്ങൾ, മത്സരങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തു. കൂടാതെ, നിർദിഷ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ അംഗങ്ങൾക്കും വ്യക്തമായ ചുമതലകൾ നിർവചിച്ചു. പുതിയ പരിപാടികൾ രൂപകൽപ്പന ചെയ്യുമ്പോൾ കാസർഗോഡിന്റെ ഭാഷ, സംസ്കാരം, പൈതൃകം എന്നിവ ഉൾക്കൊള്ളിക്കുന്നതിനു പ്രത്യേക പ്രാധാന്യം നൽകാനും യോഗത്തിൽ തീരുമാനിച്ചു. മറ്റു പ്രവർത്തനങ്ങളും ഘട്ടംഘട്ടമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തി.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**മുഖ്യ മന്ത്രിയുമായി കൂടിക്കാഴ്ച**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയിൽ, മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ഡയറക്ടർ ബോർഡ് അംഗം ഫാ. ജോസഫ് കാവനാടി എന്നിവർ മുഖ്യമന്ത്രി ശ്രീ പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. പിണറായിലെ വസതിയിൽ വച്ച് നടത്തിയ കൂടിക്കാഴ്ചയിൽ കുന്നോത്ത് പ്രവർത്തിക്കുന്ന ഹരിത ഇൻഡസ്ട്രിയൽ പാർക്ക് സന്ദർശിക്കുന്നതിനായുള്ള ക്ഷണം അദ്ദേഹം സ്വീകരിക്കുകയും ഇൻഡസ്ട്രിയൽ പാർക്കിന് എല്ലാവിധ പിന്തുണയും ആശംസകളും അറിയിക്കുകയും ചെയ്തു.

**മഞ്ഞൾ ഇഞ്ചി വിത്ത് വിതരണം**

കണ്ണൂർ കാസറഗോഡ് ജില്ലകളിലെ കർഷകർക്കായി ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ മഞ്ഞൾ ഇഞ്ചി വിത്ത് വിതരണം ചെയ്തു.

ഉയർന്ന വിളവും കൂടുതൽ കുർകുമിൻ ഉള്ളതുമായ പ്രഗതി മഞ്ഞൾ വിത്തുകളും ഏറ്റവും അധികം വിളവ് നൽകുന്നതും ഉയർന്ന അളവിൽ ഫൈബർ ഉള്ളതുമായ വരത ഇഞ്ചി വിത്തുമാണ് ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി കർഷകരിലേക്ക് എത്തിച്ചത്.

ഇരുന്നൂറോളം കർഷകർക്കായി 7 ടൺ ഇഞ്ചി വിത്തും 5 ടൺ മഞ്ഞൾ വിത്തും വിതരണം ചെയ്തു.

**നടുവിൽ ഗ്രാമ പഞ്ചായത്തിൽ ഇഞ്ചി വിത്ത് വിതരണം**

നടുവിൽ പഞ്ചായത്തിന്റെ ഇഞ്ചി കൃഷി പദ്ധതിയിലേക്ക് ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി കർഷകരിൽനിന്നും സംഭരിച്ച 3000 കിലോ ഇഞ്ചി വിത്ത് (വരത ഇനം) നടുവിൽ പഞ്ചായത്തിന് കൈമാറി.

കൃഷി കൂടുതൽ ലാഭകരമാക്കുക, ഉയർന്ന കാർഷിക വിളവ് കർഷകന് ലഭ്യമാക്കുക ഒപ്പം ആളുകളെ കൃഷി ചെയ്യുന്നതിനായി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇഞ്ചി വിത്ത് വിതരണം ചെയ്തത്.

**ട്രേഡക്സ് കേരള 2026 – മീറ്റിംഗിൽ പങ്കെടുത്തു**

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട സംരംഭക മേഖലയിലെ (എംഎസ് എംഇ) ഉല്പന്നങ്ങൾക്ക് ആഗോള വിപണിപ്രവേശനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര ബയർ–സെല്ലർ മീറ്റ് 'ട്രേഡക്സ് കേരള 2026'– ൽ ബയോമൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

ഫെബ്രുവരി 17, 18 തീയതികളിൽ കൊച്ചിയിൽ നടന്ന സമ്മേളനത്തിൽ ഇരുപതിലധികം രാജ്യങ്ങളിൽ നിന്നായി മുപ്പതിലധികം ബയേർസ് പങ്കെടുത്ത പരിപാടിയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുവാൻ അവസരം ലഭിച്ചു.

**വൈഗ 2026 – കാർഷിക പ്രദർശന വിപണന മേളയിൽ പങ്കെടുത്തു**

തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് മൈതാനത്ത് വച്ച് നടന്ന സംസ്ഥാന കാർഷിക വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വൈഗ (VAIGA - Value Addition for Income Generation in Agriculture) കാർഷിക പ്രദർശന വിപണന മേള ഏഴാം പതിപ്പ് മലയോര കർഷകരുടെ സംരംഭമായ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി പങ്കെടുത്തു. ബയോ മൗണ്ടൻ ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചുകൊടുള്ള സ്റ്റാളിന് ഏറെ സ്വീകാര്യത ലഭിക്കുകയും അതുവഴി ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ നിരവധി ആളുകളിലേക്ക് എത്തിക്കാനും സാധിച്ചു.

**വൈഗ 2026 – DPR ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംഘടിപ്പിച്ച ഇന്ത്യയിലെ പ്രമുഖ അന്താരാഷ്ട്ര അഗ്രോ ട്രേഡ് ഫെയറായ വൈഗ 2026 (VAIGA - Value Addition for Income Generation in Agriculture) 7–ാം പതിപ്പിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടത്തിയ ഡെഡിക്കേറ്റഡ് DPR പ്രോഗ്രാമിൽ ബയോ മൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു. മൂല്യവർധിത കൃഷിയും അഗ്രി–ബിസിനസ് സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരുക്കിയ ഈ ക്ലിനിക്, ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനുള്ള സമഗ്ര സഹായവേദിയായി.

ആനയറയിലെ സമേതി (SAMETI) യിൽ നടന്ന DPR ക്ലിനിക്കിൽ കൃഷി സംരംഭകർ, യുവ കർഷകർ, എഫ്.പി.ഓകൾ, എഫ്.പി.സികൾ, അഗ്രി–എം.എസ്.എം.ഇകൾ എന്നിവർ പങ്കെടുത്ത പരിപാടിയിൽ കാർഷിക ഉല്പാദനോപാധികൾ, യന്ത്രവത്കരണം, അഗ്രി ബിസിനസ് കമ്പനികൾ, പൊതുമേഖല സ്ഥാപനങ്ങൾ (PSU) എന്നിവയിലെ വിദഗ്ധരിൽനിന്നും സൗജന്യ സേവനങ്ങൾ ലഭ്യമായി.

**എ ഐ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), ഡിജിറ്റൽ മാർക്കറ്റിങ് ശില്പശാല**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള RAMP പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ടെക്നോളജി ക്ലിനിക് ഫെബ്രുവരി 7 ന്

കണ്ണൂരിൽ വച്ച് നടത്തപ്പെട്ട ശില്പശാലയിൽ ബയോ മൗണ്ടൻ കമ്പനി സ്റ്റാഫ് പങ്കെടുത്തു. കണ്ണൂർ ജില്ലയിലെ സംരംഭകർകരും, പുതിയ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്നവരും പങ്കെടുത്ത പരിപാടിയിൽ ഡിജിറ്റൽ മാർക്കറ്റിങ്ങിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനുള്ള സാധ്യതകളെക്കുറിച്ചുള്ള പ്രത്യേക പരിശീലനങ്ങളും ലഭ്യമായി.

**ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷികലോണും മെംബർഷിപ്പും**

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോമൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു.

നമ്മുടെ എല്ലാ ഇടവകകളിലും ബയോമൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ചക്കും ആവശ്യമാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു. സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനിയുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരിച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോ മൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരിച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്തരീതിയിൽ ബയോ മൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തുകൊള്ളും. നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകയ്ക്കും കർഷകർക്കും ഉപകാരപ്രദമാകും. നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർഥമായ സഹകരണം അപേക്ഷിക്കുന്നു.

ബയോ മൗണ്ടൻ SHG ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും വിളിക്കുന്നതിനായി 9526054322 എന്ന നമ്പർ ഉപയോഗി ക്കാവുന്നതാണ്.

**പുട്ടുപൊടി യൂണിറ്റ്**

ബയോ മണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. മാർച്ച് മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്.

നമ്മുടെ ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ബയോ മൗണ്ടൻ സ്റ്റാൾ സ്ഥാപിച്ചു**

ബയോ മൗണ്ടൻ ഉല്പന്നങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ചെടിക്കുളം ഇടവകയിൽ ബയോ മൗണ്ടൻ ഉല്പന്നങ്ങളുടെ സ്റ്റാൾ രൂപീകരിച്ചു. അഭിവന്ദ്യ പിതാവ് മാർ ജോസഫ് പാംപ്ലാനിയിൽ സ്റ്റാളിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഇതിനായി സഹകരിച്ച ബഹു. വികാരി അച്ചനും എല്ലാ ബയോ മൗണ്ടൻ അംഗങ്ങൾക്കും ചെടിക്കുളം ഇടവകക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉല്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉല്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനെക്കാളും വിലക്കുറവും നമ്മുടെ ഉല്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

**ഇൻഫാം സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിച്ചു**

ജനുവരി 3-ന് കട്ടപ്പനയിൽ ആയിരങ്ങൾ പങ്കെടുത്ത കർഷക റാലിയും പൊതുസമ്മേളനവും ഇൻഫാമിന്റെ ശക്തിയും ഐക്യവും വിളിച്ചോതുന്നതായിരുന്നു. അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം പ്രതിപക്ഷനേതാവായ വി. ഡി. സതീശൻ, വിവിധ മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്ത് സമ്മേളനത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു.

ജനുവരി 20-ന് കുട്ടിക്കാനത്ത് വച്ച് 'കിസാൻ ഭൂമി പുത്ര' അവാർഡ് വിതരണം നടത്തി.

ജനുവരി 23-ന് കാഞ്ഞിരപ്പള്ളിയിൽ ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ജനുവരി 27-ന് പൊടിമറ്റത്ത് വച്ച് 'പച്ചപ്പൊലിമ' പരിപാടിയും, ജനുവരി 31-ന് രാവിലെ 10 മണിക്ക് കിസാൻ കാർണിവലും നടന്നു.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവും, കെ. സി. വേണുഗോപാൽ എം.പി. അടക്കമുള്ള പ്രമുഖരുടെ സാന്നിധ്യവും ജനപങ്കാളിത്തവും ഓരോ പരിപാടികളെയും വൻ വിജയത്തിലേക്ക് നയിച്ചു.

ജൂബിലി സമാപന സമ്മേളനം ജനുവരി 31-ന് വൈകുന്നേരം 4 മണിക്ക് പൊടിമറ്റത്ത് വച്ച് നടന്നു. ദേശീയ ഇൻഫാം ചെയർമാൻ അഭിവന്ദ്യ റെമിജിയൂസ് പിതാവിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. ഇൻഫാം ചെയർമാൻ ഫാ. തോമസ് മറ്റമുണ്ട സമ്മേളനത്തിന് നേതൃത്വം നൽകി.

14 സംസ്ഥാനങ്ങളിൽ നിന്നായി പതിനായിരത്തിലധികം കർഷകർ സമ്മേളനത്തിൽ പങ്കുചേർന്നു. ഇൻഫാം സംഘടിപ്പിച്ച സുവർണ്ണ ജൂബിലി സമ്മേളനങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ, ഭരണകർത്താക്കൾ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിധ്യം ആഘോഷങ്ങൾക്ക് പ്രത്യേക ഗൗരവവും മഹത്വവും നൽകി.

ഇൻഫാമിന്റെ കർഷകപക്ഷ നിലപാടുകൾ സത്യസന്ധവും കർഷകഹിതപരവുമാണെന്ന് ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. സംഘടനയ്ക്ക് സർക്കാരിന്റെ പ്രത്യേക

പരിഗണനയും പിന്തുണയും ഉണ്ടാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. കൂടാതെ, ഇൻഫാം മുന്നോട്ടുവെക്കുന്ന പഞ്ചവത്സര പദ്ധതികൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഗുണകരമാകുമെന്ന് വിശ്വാസവും പ്രകടിപ്പിച്ചു.

അധ്യക്ഷത വഹിച്ച മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ്, കർഷകസ്നേഹം വാക്കുകളിലല്ല, പ്രവർത്തികളിലൂടെയാണ് പ്രകടമാകേണ്ടതെന്ന് നിർദേശിച്ചു. ഇൻഫാമിന്റെ പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ ഫാ. തോമസ് മറ്റമുണ്ടയിൽ അവതരിപ്പിച്ചു. തലശ്ശേരി കാർഷിക ജില്ലയിൽ നിന്ന് ഡയറക്ടർ ഫാ ബിബിൻ വരമ്പകത്ത്, പ്രസിഡന്റ് സ്കറിയ നെല്ലാംകുഴിയിൽ, സെക്രട്ടറി ഗിരീ മാത്യു തിരുതാലിൽ, ജില്ലാ എക്സിക്യൂട്ടീവ് ടോമി ചക്കാലക്കുന്നേൽ എന്നിവർ പങ്കെടുത്തു.

ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി നന്ദിപ്രസംഗം അർപ്പിച്ചതോടെ സമ്മേളനം സമാപിച്ചു.

**മുഖാമുഖം പരിപാടി**

തലശ്ശേരി ഗസ്റ്റ് ഹൗസിൽ വിവിധ സംഘടനകളുടെ പ്രതിനിധികളുമായി സംഘടിപ്പിച്ച പ്രതിപക്ഷ നേതാവ് വി. ഡി. സതീശന്റെ മുഖാമുഖം പരിപാടിയിൽ സ്ക്കറിയ നെല്ലാംകുഴിയിൽ, ടോമി ചക്കാലക്കുന്നേൽ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിൽ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി കർഷക കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നു. കൂടാതെ, വന്യമൃഗ ശല്യങ്ങൾക്കെതിരെ വ്യക്തവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന നിർദേശവും മുന്നോട്ടുവെച്ചു. പ്രസ്തുത നിർദ്ദേശ ങ്ങൾ സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിനായി ഏകോപിതവും ദീർഘകാല ദൃശ്യമുള്ളതുമായ പദ്ധതി നടപ്പിലാക്കുമെന്ന് ബഹു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അറിയിച്ചു.

**ശ്രീ. സ്കറിയ നെല്ലാംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2026 മാർച്ച്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| 01-05 | : | ആന്തരിക സൗഖ്യ ധ്യാനം |
| 07 | : | ഏകദിന കൺവെൻഷൻ |
| 08-11 | : | കന്നഡ ധ്യാനം |
| 13 | : | ഏകദിന ധ്യാനം (2 pm - 8 pm) |
| 14 | : | ഏകദിന കൺവെൻഷൻ |
| 15-19 | : | ആന്തരിക സൗഖ്യ ധ്യാനം |
| 21 | : | ഏകദിന കൺവെൻഷൻ |
| 27 | : | ഏകദിന ധ്യാനം (2 pm - 8 pm) |
| 31 | : | ഏകദിന കൺവെൻഷൻ |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| 07-10 | : | ആന്തരിക സൗഖ്യ ധ്യാനം |
| 21-24 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| 07 | : | ഏകദിന ധ്യാനം (9 am - 2 pm) |
| 08-10 | : | ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| 13 | : | ജാഗരണ പ്രാർത്ഥന (06 pm - 09 pm) |

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

| | | |
|---|---|---|
| 06 | : | ജാഗരണ പ്രാർത്ഥന |
| 08-13 | : | ഹീലിംഗ് & ഡെലിവറൻസ് |
| 19-22 | : | വചനാഭിഷേക ധ്യാനം |

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

| | | |
|---|---|---|
| 06 | : | ജാഗരണ പ്രാർത്ഥന (06 pm - 10.30 pm) |
| 08-12 | : | ആന്തരിക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജനുവരി 2026

21 രാവിലെ തലശ്ശേരിയിൽവച്ച് ചേർന്ന എ.കെ.സി.സി. മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂരിൽ പുതുതായി ആരംഭിച്ച എം. എസ്. ജെ. ഹൗസ് വെഞ്ചരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

22 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് തളിപ്പറമ്പിൽവച്ച് ചേർന്ന കുടുംബ കൂട്ടായ്മാ കോർഡിനേറ്റർ മാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ദൈവാലയ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചരൾ ഇടവക സന്ദർശിച്ചു.

23-24 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

25 രാവിലെ പടിമരുത് ഇടവകാ ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ചുള്ളി ഇടവകാ ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

26 തലശ്ശേരി മൈനർ സെമിനാരി ഉപകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉച്ചയ്ക്കുശേഷം വെളിമാനത്ത് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നവവൈദികർക്ക് സ്വീകരണം നൽകി.

27 വൈദികരുടെ റീജിയണൽ പ്രസ്ബിറ്റേറിയത്തിന് അധ്യക്ഷത വഹിച്ചു.

28-29 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

30 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വെള്ളരിക്കുണ്ടിൽവച്ച് സംഘടിപ്പിച്ച ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

31 രാവിലെ കണ്ണിവയൽ ഇടവകാ ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം കാലിച്ചാനടുക്കം ഇടവകാ ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

## ഫെബ്രുവരി 2026

01 പെരുമ്പുന്ന ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളികളുടെയും സ്കൂൾ കെട്ടിടത്തിന്റെയും സെമിത്തേരിയുടെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് പേരാവൂർ ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽ ദീപികയും ബയോമൗണ്ടൻ കമ്പനിയും സംയുക്തമായി സംഘടിപ്പിച്ച കർഷക സെമിനാറിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കത്തീഡ്രൽ ഇടവകാ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

02 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

03 വൈദികരുടെ റീജിയണൽ പ്രസ്ബിറ്ററിയത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം വെള്ളരിക്കുണ്ടിൽവച്ച് സംഘടിപ്പിച്ച ബൈബിൾ കൺവെൻഷന് സമാപനസന്ദേശം നൽകി.

04 പുറവയൽ ഇടവകയിൽ നിര്യാതയായ മേരി പേരൂക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

05-07 ബാംഗ്ലൂരിൽവച്ച് സംഘടിപ്പിച്ച സി.ബി.സി.ഐ മീറ്റിംഗിൽ പങ്കെടുത്തു.

08 രാവിലെ ഗുണ്ടൽപേട്ട് സാങ്താ മാതാ നഴ്സിംഗ് കോളേജ് സന്ദർശിച്ചു. വൈകുന്നേരം മൈസൂർ ഡിപോൾ റെസിഡൻഷ്യൽ സ്കൂളിൽവച്ച് സംഘടിപ്പിച്ച ദീപികാപത്രത്തിന്റെ വാർഷികത്തിന് അധ്യക്ഷത വഹിച്ചു.

09 രാവിലെ ചെമ്പേരിയിൽവച്ച് തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

10 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെമ്പേരി ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

11 വൈദികരുടെ റീജിയണൽ പ്രസ്ബിറ്ററിയത്തിന് അധ്യക്ഷത വഹിച്ചു.

12-13 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

14 രാവിലെ തലശ്ശേരിയിൽവച്ച് കെ.സി.വൈ.എം 48-ാം വാർഷിക സെനറ്റ് സമ്മേളനത്തിനെത്തിയ യുവജനങ്ങളെ അഭിസബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് ജോസ്ഗിരി നഴ്സിംഗ് കോളേജ് ബിരുദദാന ചടങ്ങ്

ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം വിലങ്ങാട് ദുരന്തബാധിത പ്രദേശത്തെ ആളുകൾക്കായി എറണാകുളം-അങ്കമാലി അതിരൂപതയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

15 രാവിലെ ചെടിക്കുളം ഇടവകാ ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് കുന്നോത്ത് മേജർ സെമിനാരി സന്ദർശിച്ചു. വൈകുന്നേരം അരവൻചാൽ ഇടവകാ ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

16 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് വിഭൂതി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ചരിത്രരചനാ അംഗങ്ങളുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ശാലോം ടിവിയുടെ നേതൃത്വത്തിൽ നടത്തിയ യൂക്യാറ്റ് ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

17 രാവിലെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഫാക്കൽറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന ഓഡിറ്റേഴ്സ് മീറ്റിംഗിനും അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ കേരളാ വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ സ്വീകരിച്ചു.

**MARCH 2026**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Edathotty: Pastoral Visit |
| 02 | | - | Ernakulam |
| 03 | 05:00 pm | - | Payyavoor: Convention |
| 04 | 09-12 pm | - | Thalassery: Visitors Day |
| 05 | 10:00 am | - | Nirmalagiri: Patrons Day |
| | 09:00 pm | - | Theology Forum Meeting |
| 06 | 05:00 pm | - | Marypuram |
| 07-09 | | - | Ernakulam |
| 10 | 09-12 pm | - | Thalassery: Visitors Day |
| 11 | 04:00 pm | - | Gundelpet: Sanctha Matha Nursing College |
| 12 | | - | Engaged |
| 13 | 07:00 am | - | Pariyaram |
| | 10-01 pm | - | Padannakkad: Visitors Day |
| 14 | 02:00 pm | - | Kannur: AKCC |
| 15-17 | | - | Ernakulam |
| 18 | 09-12 pm | - | Thalassery: Visitors Day |
| 19 | 05:30 pm | - | Cathedral |
| 20 | 06:15 am | - | Josgiri Hospital |
| | 10:00 am | - | Deacons Conference |
| | 09:00 pm | - | Public Affairs Commission Meeting |
| 21 | 09:00 am | - | Cathedral: Diaconate |
| 22-23 | | - | Ernakulam |
| 24 | | - | Bangalore |
| 25 | | - | KCBC Prolife Day |
| 26 | | - | Ernakulam |
| 27 | 09-12 pm | - | Thalassery: Visitors Day |
| | 04:00 pm | - | Cherupuzha |
| 28 | 10:00 am | - | Nellickampoil |
| 29 | | - | Holy Week Service at Cathedral |
| 30 | 10:00 am | - | Alakode: Chrism Mass |
| 31 | 09:00 am | - | Minor Seminary Brothers Conference |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഫെബ്രുവരി 2026

01 ഞായറാഴ്ച രാവിലെ തിരുമേനി ഇടവക തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

വൈകുന്നേരം വെള്ളരിക്കുണ്ടിൽ വെച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

02 രാവിലെ അരവഞ്ചാൽ ആരാധന മഠത്തിൽ പുതുതായി നിർമ്മിച്ച അൾത്താരയുടെ കൂദാശ കർമ്മം നിർവഹിച്ചു.

04 രാവിലെ GSMS-ൽ ക്ലാസ് എടുത്തു.

വൈകുന്നേരം ചരൾ ഇടവകയിലെ തുരുത്തേൽ പറന്നോലിൽ കുടുംബ കൂട്ടായ്മയിൽ പങ്കെടുത്തു.

05 വൈകുന്നേരം മാടത്തിൽ പള്ളിയിൽ വച്ച് നടന്ന കുന്നോത്ത് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

06 വൈകുന്നേരം പെരുമ്പുന്ന ഇടവകയിൽ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് നടന്ന ഇടവക വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

07 വൈകുന്നേരം ജോസ്ഗിരി ഇടവകയിലെ തിരുനാളിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

08 രാവിലെ മണ്ടളം ഇടവകയിലെ തിരുനാളിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

09 താമരശ്ശേരി രൂപതയിലെ പടത്തുകടവ് ഇടവകയിൽ നിര്യാതനായ Dr. കെ.ടി. വർക്കിസാറിന്റെ 41-ാം ചരമ അനുസ്മരണ കുർബാനയിൽ പങ്കുകൊണ്ടു.

10 ഉച്ചയ്ക്ക് നസ്രത്ത് സന്യാസിനീ സമൂഹം മദർ ജനറാളിന്റെ ഫീസ്റ്റ് ആഘോഷത്തിൽ സംബന്ധിച്ചു.

12 ദ്വാരകയിൽ വച്ച് നടന്ന ഫാ. മനോജ് അമ്പലത്തിങ്കലിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

13 രാവിലെ വെളിമാനം സ്കൂൾ വാർഷികത്തിലും സി. ജെസ്സി മരിയ സി.എം.സിയുടെ യാത്രയയപ്പ് സമ്മേളനത്തിലും സംബന്ധിച്ചു.

വൈകുന്നേരം കോളിക്കടവിലുള്ള ഡോൺബോസ്കോ സ്കൂളിന്റെ 75-ാം വാർഷികാഘോഷത്തിലും സി. നോബിൾ മരിയ സി.എം.സിയുടെ യാത്രയപ്പ് സമ്മേളനത്തിലും സംബന്ധിച്ചു.

14 രാവിലെ കിളിയന്തറ പള്ളിയിൽ വച്ച് നടന്ന ചെമ്പകശ്ശേരി കുടുംബ യോഗത്തിൽ സംബന്ധിച്ചു.

15 വൈകുന്നേരം പൈസക്കിരി ഇടവകയിൽ കടുകപ്പിള്ളി ജോബിൻ – ഷീന ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ ജെയ്ഡൻ ജോബിക്ക് പ്രാരംഭ കൂദാശകൾ നൽകി.

18 രാവിലെ GSMS-ൽ ക്ലാസ് എടുത്തു.

19 രാവിലെ GSMS-ൽ ക്ലാസ് എടുത്തു.

20 രാവിലെ GSMS-ൽ ക്ലാസ് എടുത്തു.

25 ഉച്ചയ്ക്ക് എടൂർ എച്ച്എസ്-ൽ അവാർഡ് ജേതാക്കളായ അധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു.

27 എടൂർ എച്ച്.എസ്.എസിൽ അധ്യാപകരെയും സ്കൂളിനെയും ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

---

## MARCH 2026 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

01 07:30 am - Holy Mass at Thonichal

07 10:30 am - Holy Mass at Mailakombu

14 03:00 pm - AKCC Meeting at Kannur

19 10:00 am - Holy Mass at Vayattuparamba

22 06:30 pm - Holy Mass at Nooramthodu

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജനുവരി 2026

21 മേരിഗിരി സ്കൂളിൽ വച്ച് അവിടുത്തെ പ്രിൻസിപ്പാൾ കുര്യാക്കോസ് അച്ചൻ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

24 കോടഞ്ചേരി പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ പാപ്പന്റെ മരണ വാർഷികത്തോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് തിരുവമ്പാടിയിൽ ജോർജ് പയ്യമ്പള്ളിയിൽ അച്ചന്റെ അമ്മയെ വീട്ടിൽ ചെന്ന് സന്ദർശിച്ചു

26 പടന്നക്കാട് ഇടവകയിൽ വച്ച് അവിടുത്തെ കോഡിനേറ്റർ മുല്ലപ്പള്ളി ഡാൻസിന്റെ വീട് വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ് വായാട്ടുപറമ്പ് ഫൊറോന പള്ളിയിൽവെച്ച് ജിന്റോ കുരിശിങ്കലിന്റെയും സാന്ദ്ര നടുത്തൊട്ടിലിന്റെയും വിവാഹം ആശീർവദിച്ചു.

28 വൈകുന്നേരം തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വച്ച് നടന്ന ഇന്റർ സെമിനാരി ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് ഫൈനൽ ഉദ്ഘാടനം ചെയ്യുകയും ആശംസകൾ അറിയിക്കുകയും ചെയ്തു

30 തലശ്ശേരി കത്തീഡ്രൽ ഇടവകക്കാരനും കാറ്റെക്കിസം പ്രധാനാധ്യാപകനുമായ പാമ്പാടിയിൽ ബൈജു സാറിന്റെ ഭവനം സന്ദർശിച്ച് മരണമടഞ്ഞ ചാച്ചന്റെ ആത്മശാന്തിയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

31 കണ്ണിവയൽ പള്ളിയിൽ വച്ച് ബഹു. അരീപ്പറമ്പിൽ അച്ചന്റെ പൗരോഹിത്യ രജത ജൂബിലിയോട് അനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിലും മീറ്റിങ്ങിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് കുന്നോത്ത് പള്ളിയിൽ വച്ച് വേളാച്ചേരിയിൽ ഡീൻ പോളിന്റെ മകൾ ഹൈസല്ലിന് മാമോദിസ നൽകി.

### ഫെബ്രുവരി 2026

01 വൈകുന്നേരം വെള്ളരിക്കുണ്ടിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ വിശുദ്ധ കുർബാന സന്ദേശം നൽകി.

02 രാവിലെ മണിപ്പാറ പള്ളിയിൽ വെച്ച് കുഞ്ഞ് മാറാൻകുഴയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

03 വൈദികരോട് ഒപ്പം റീജിയണൽ പ്രീസ്റ്റ് മീറ്റിൽ പങ്കുചേർന്നു.

05 അഖിൽ ഇല്ലിക്കലിന്റെ വല്യമ്മച്ചിയുടെ 90 ജന്മദിനം ആഘോഷങ്ങളിൽ പങ്കുചേർന്നു.

20 പേരാവൂരിൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സി. ആനി പോൾ എസ്.എച്ചിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് കാഞ്ഞങ്ങാട് പള്ളിയിൽ വച്ച് സിൻജോയുടെയും എയ്ഞ്ചലിന്റെ വിവാഹം ആശീർവദിച്ചു.

---

**MARCH 2026**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

14 - AKCC Kannur

**Secretary to the Archbishop Emeritus**



ബഹു. സേവ്യർഖാൻ വട്ടായിൽ അച്ചൻ നയിച്ച അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ വെള്ളരിക്കുണ്ടിൽ 2026 ജനുവരി 30,31 ഫെബ്രുവരി 01, 02, 03 തീയതികളിൽ നടന്നു.



RNI Reg. No. 5910 Date of Publication: 28/02/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 03 വില : ₹10

## മാർച്ച് 25
## മംഗളവാർത്തത്തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.